www.nerpatham.com | mail@nerpatham.com

# നേർപഥം

വാരിക

VOL NO: 01 | ISSUE 38 | 2017 SEP 30 | ₹10

## നിരീശ്വരവാദികളും ശാസ്ത്രവും



## അടിയുറക്കാത്ത വിശ്വാസവും അടിസ്ഥാനമില്ലാത്ത ആരോപണങ്ങളും

ആതിര ആദ്യ ഇരയല്ല || ഇദ്ദ അഥവാ ദീക്ഷാകാലം

ഇസ്‌ലാമിൽ പ്രകൃതിവിരുദ്ധത ആരോപിക്കുന്നവരോട്




WISDOM
GLOBAL ISLAMIC MISSION

പ്രമാണങ്ങൾക്കൊപ്പം, ഗുണകാംക്ഷയുടെ ശബ്ദം
നേരിന്റെ ആർജ്ജവം, വേറിട്ട വായനാനുഭവം




നേരിന്റെ വരമൊഴി

www.nerpatham.com | mail@nerpatham.com

# നേർപഥം

വാരിക

Circulation Manager | Nerpatham Weekly | EKP Complex | Kallai Road | Kozhikkode 2 | Kerala | India
Ph: 0495 4019437 | mail@nerpatham.com | www.nerpatham.com

# നേർപഥം
വാരിക

0038 / 2017 സെപ്തംബർ 30 / 1439 മുഹർറം 10 / പുസ്തകം 01 / ലക്കം 38




# നിരീശ്വരവാദികളും ശാസ്ത്രവും


**മുഖമൊഴി**

നന്ദിയും നന്ദികേടും / 05
എഡിറ്റർ

**ലേഖനങ്ങൾ**

ഇസ്‌ലാമിൽ പ്രകൃതിവിരുദ്ധത ആരോപിക്കുന്നവരോട് / 06
ഉസ്മാൻ പാലക്കാഴി

ഇദ്ദ അഥവാ ദീക്ഷാകാലം / 15
ശബീബ് സ്വലാഹി

അടിയുറക്കാത്ത വിശ്വാസവും... / 26
ശമീർ മദീനി

പ്രാർഥന അല്ലാഹുവോട് മാത്രം: എന്തുകൊണ്ട്? / 28
ഫദ്‌ലുൽ ഹഖ് ഉമരി

**ബാലപഥം**

കുറ്റബോധം / 18
റാഷിദ ബിൻത് ഉസ്മാൻ

**ഗാനം**

സദുപദേശങ്ങൾ / 19
പാലാറ മുഹമ്മദ് വളാഞ്ചേരി

**ചരിത്രപഥം**

ആദ് സമുദായത്തിന്റെ പതനം / 20
ഹുസൈൻ സലഫി, ഷാർജ

**പാരന്റിംഗ്**

വേരറുക്കേണ്ട ദുഃസ്വഭാവങ്ങൾ / 23
അശ്‌റഫ് എകരൂൽ

**ക്വുർആൻ പഠനം**

പ്രവാചകനോടുള്ള കടമകൾ / 32
അബൂ മുബീൻ


**നമുക്ക് ചുറ്റും**

ആതിര ആദ്യ ഇരയല്ല / 34
ഡോ. സി.എം സാബിർ നവാസ്



Printed, published and owned by K. Sajjad | Printed at Sprint Offset Printers | Kozhikode
Published at Kozhikode | 673002 | Managing Editor: Nasir Balusseri | Editor: Usman Palakkazhi
Chief Editor: Anil Primrose | Web Editor: Haseeb Elayur | Design, Cover & Layout: Elan Creativo
mail@nerpatham.com | www.nerpatham.com | 0495 4019437

## വായനക്കാർ എഴുതുന്നു




### റോഹിങ്ക്യൻ അഭയാർഥികളെ മരണത്തിലേക്ക് തള്ളിവിടരുത്

നേർപഥത്തിൽ പ്രസിദ്ധീകരിച്ച 'ഹിംസയിലാറാടുന്ന അഹിംസാവാദികൾ' എന്ന ലേഖനം വേറിട്ട വായനാനുഭവമായി. റോഹിങ്ക്യൻ പീഡിതരെ കുറിച്ച് പല ലേഖനങ്ങൾ വന്നിട്ടുണ്ടെങ്കിലും ബുദ്ധന്മാരെയും അതിലെ തീവ്രസ്വഭാവക്കാരെയും അവരുടെ താത്ത്വികാടിത്തറയെയും കുറിച്ചുള്ള രചനകൾ കുറവാണ്.

ലോകത്തിന്റെ കണ്ണുനീരായി മ്യാന്മാർ മാറിക്കൊണ്ടിരിക്കുന്ന സമയത്തും അവർ തീവ്രവാദികളാണെന്നും മുസ്‌ലിം ഭീകരവാദ പ്രസ്ഥാനങ്ങളുമായി അവർക്ക് ബന്ധമുണ്ടെന്നും അതിനാൽ തന്നെ ഇന്ത്യയിൽ അഭയാർഥികളായി കഴിയുന്ന റോഹിങ്ക്യരെ എത്രയും പെട്ടെന്ന് നാട് കടത്തണമെന്നും വിശദീകരിച്ച് കോടതിയിൽ സത്യവാങ്മൂലം നൽകിയ കേന്ദ്രസർക്കാരിന്റെ നിലപാട് മനുഷ്യത്വരഹിതമാണെന്ന് പറയാതെ വയ്യ! നെഹ്റു മുതൽ മൻമോഹൻ സിംഗ് വരെ കാണിച്ചു തന്ന ഇന്ത്യയുടെ മാനവിക മുഖത്തിന് മങ്ങലേൽപിക്കുന്ന നടപടിയായി പ്രസ്തുത തീരുമാനം.

ഭരണവും ഭരണകർത്താക്കളും എന്തു നിലപാട് സ്വീകരിച്ചാലും ജാതിയും മതവും നോക്കാതെ വേദനിക്കുന്നവർക്കൊപ്പമാണ് ഇന്ത്യൻ മനസ്സാക്ഷി എന്ന കാര്യം ഒരിക്കൽ കൂടി അടിവരയിടുന്നതാണ് അതിന് ശേഷം പുറത്തുവന്ന വിവിധ രാഷ്ട്രീയ-സാമൂഹിക-മത സംഘടനകളുടെ പ്രതികരണങ്ങൾ. കേന്ദ്ര നിലപാടിനപ്പുറം, ഭാരതത്തിന്റെ വികാരത്തോടൊപ്പം നിൽക്കാൻ ജുഡീഷ്യറിക്ക് കഴിയട്ടെ എന്ന് പ്രാർഥിക്കുന്നു.

**-ഷാജി പന്താവൂർ**

### ഫാഷിസക്കാലത്തെ മതേതരത്തുരുത്തായി കേരളം നില നിൽക്കണം

മതപ്രബോധനവും മതംമാറ്റവുമെല്ലാം വ്യക്തിയുടെ സ്വാതന്ത്ര്യത്തിന്റെ ഭാഗമാണെന്നാണ് നാം ഇതുവരെ മനസ്സിലാക്കിയിരുന്നത്. അതെല്ലാം വെറുപ്പിന്റെ ബീജവും കലാപത്തിന്റെ മരുന്നുമാണെന്ന് 'ബോധ്യപ്പെട്ടത്' ഈയടുത്താണ്.

കേരളത്തിൽ എന്താണ് യഥാർഥത്തിൽ നടന്നുകൊണ്ടിരിക്കുന്നത്! ഭരണഘടന പൗരന്റെ മൗലികാവകാശമായി വകവെച്ച് തന്ന മതപ്രബോധന സ്വാതന്ത്ര്യം രാജ്യദ്രോഹ കുറ്റമായി മാറുക. പൗരാവകാശ ലംഘനം നടത്തിയവർ നിയമത്തെ മറികടന്ന നീതിനിർവാഹകരായി ചിത്രീകരിക്കപ്പെടുക. ഇഷ്ടപ്പെട്ട മതം സ്വീകരിച്ചതിന്റെ പേരിൽ ഭർത്താവിൽ നിന്നടർത്തിയെടുത്ത് വീട്ടുതടങ്കൽ സമ്മാനിക്കുക. അന്യ മതസ്ഥനെ വിവാഹം കഴിച്ചതിന്റെ പേരിൽ മതപാഠശാലയുടെ ഇടിമുറിയിൽ ഞെക്കിഞെരുക്കി വിശ്വാസം ഛർദിപ്പിക്കുക. നിയമപരമായ നടപടികൾ കൈകൊള്ളേണ്ടവർ അവസരവാദപരമായ മൗനം പാലിക്കുക.

ഇല്ല സാർ, വിശ്വസിക്കാനേ കഴിയുന്നില്ല. ഉദ്ബുദ്ധരെന്നും നിഷ്പക്ഷരെന്നും വാഴ്ത്തിപ്പാടിയ കേരളത്തിന്റെ മണ്ണിൽ, അതും മതേതരബോധം കാത്തുസൂക്ഷിച്ചിരുന്ന ഒരു ദേശീയ പാർട്ടി ഭരണം കയ്യാളുന്ന നാട്ടിൽ ഇങ്ങനെയൊക്കെ നടക്കുന്നു എന്ന് വിശ്വസിക്കാനേ കഴിയുന്നില്ല.

നിയമങ്ങൾ അയയുമ്പോഴാണ് അപരാധികൾ ജന്മമെടുക്കുന്നത്. അപരാധികളുടെ ആധിക്യമാണ് അധികാരികളുടെ കണ്ണ് തുറപ്പിക്കേണ്ടത്. അല്ലെങ്കിൽ നാളത്തെ തലമുറ നമ്മെ ഭീരുക്കളുടെ കോളത്തിലായിരിക്കും എഴുതിച്ചേർക്കുക.

സാർ, അരുത്. ഫാഷിസക്കാലത്തെ മതേതരത്തുരുത്തായി കേരളത്തെ മനസ്സിലാക്കിയ എന്നെപ്പോലുള്ളവരെ നിരാശപ്പെടുത്തരുത്.

**-ഷെൻഹ തുവക്കാട്**

### സൃഷ്ടികൾ ക്ഷണിക്കുന്നു

'നേർപഥ'ത്തിലേക്ക് സൃഷ്ടികൾ ക്ഷണിച്ചുകൊള്ളുന്നു. ലേഖനങ്ങളിൽ ഉദ്ധരിക്കുന്ന ക്വുർആൻ സൂക്തങ്ങൾക്ക് അധ്യായത്തിന്റെയും വചനത്തിന്റെയും നമ്പർ വ്യക്തമാക്കണം. സ്വഹീഹായ ഹദീഥുകൾ മാത്രം ഉദ്ധരിക്കുകയും അതിന്റെ സ്രോതസ്സ് വ്യക്തമാക്കുകയും വേണം. പ്രസിദ്ധീകരിക്കാത്തവ തിരിച്ചയക്കുന്നതല്ല.

വിലാസം: Nerpatham Weekly, EKP Building, Kallai Road Kozhikode, PIN 673002, Phone: 0495 4019437
mail@nerpatham.com, www.nerpatham.com

മുഖമൊഴി

# നന്ദിയും നന്ദികേടും

ഇസ്‌ലാം മനുഷ്യചിന്തയുടെ ഉൽപന്നമല്ല. അടിസ്ഥാനരഹിതങ്ങളായ അധ്യാപനങ്ങളും അബദ്ധജടിലമായ വിശ്വാസങ്ങളും ഇസ്‌ലാമിന് അന്യമാണ്. ഇസ്‌ലാമിനെക്കുറിച്ച് മനസ്സിലാക്കാനാഗ്രഹിക്കുന്ന ഏതൊരാളും പ്രാഥമികമായി ചെയ്യേണ്ടത് പ്രപഞ്ച സ്രഷ്ടാവായ അല്ലാഹുവിനെ അറിയാൻ ശ്രമിക്കുകയാണ്. അതിന് ശ്രമിക്കാതെ തന്റെ പരിമിതമായ വീക്ഷണങ്ങളിലൂടെ മാത്രം ക്വുർആനിനെയും പ്രവാചകനെയും ഇസ്‌ലാമിനെയും മനസ്സിലാക്കുന്നത് തീർച്ചയായും വലിയ തെറ്റുധാരണയിലേക്കായിരിക്കും നയിക്കുക. അല്ലാഹു പറയുന്നു:

“അല്ല, മുഴുവൻ വശവും അവർ സൂക്ഷ്മമായി അറിഞ്ഞിട്ടില്ലാത്ത, അനുഭവ സാക്ഷ്യം അവർക്കു വന്നു കഴിഞ്ഞിട്ടില്ലാത്ത ഒരു കാര്യത്തെ അവർ നിഷേധിച്ചു തള്ളിയിരിക്കയാണ്. അപ്രകാരം തന്നെയാണ് അവരുടെ മുമ്പുള്ളവരും നിഷേധിച്ചു തള്ളിയത്. എന്നിട്ട് ആ അക്രമികളുടെ പര്യവസാനം എങ്ങനെയായിരുന്നു എന്ന് നോക്കൂ” (ക്വുർആൻ 10:39).

“അതല്ല, യാതൊരു വസ്തുവിൽ നിന്നുമല്ലാതെ അവർ സൃഷ്ടിക്കപ്പെട്ടിരിക്കുകയാണോ? അതല്ല, അവർ തന്നെയാണോ സ്രഷ്ടാക്കൾ? അതല്ല, അവരാണോ ആകാശങ്ങളും ഭൂമിയും സൃഷ്ടിച്ചിരിക്കുന്നത്? അല്ല, അവർ ദൃഢമായി വിശ്വസിക്കുന്നില്ല. അതല്ല, അവരുടെ പക്കലാണോ നിന്റെ രക്ഷിതാവിന്റെ ഖജനാവുകൾ! അതല്ല, അവരാണോ അധികാരം നടത്തുന്നവർ?” (52:35-37).

“(നബിയേ,) പറയുക: നിങ്ങൾ ചിന്തിച്ച് നോക്കിയോ? അല്ലാഹു നിങ്ങളുടെ കേൾവിയും കാഴ്ചകളും പിടിച്ചെടുക്കുകയും നിങ്ങളുടെ ഹൃദയങ്ങളിൻമേൽ അവൻ മുദ്രവെക്കുകയും ചെയ്യുന്ന പക്ഷം അല്ലാഹുവല്ലാതെ ഏതൊരു ദൈവമാണ് നിങ്ങൾക്കത് കൊണ്ടുവന്ന് തരാനുള്ളത്? നോക്കൂ: ഏതെല്ലാം വിധത്തിൽ നാം തെളിവുകൾ വിവരിച്ചുകൊടുക്കുന്നു. എന്നിട്ടും അവർ പിന്തിരിഞ്ഞ് കളയുന്നു” (6:4).

ഏറെ സരളവും അതിലേറെ ചിന്തോദ്ദീപകവുമാണ് ഈ ക്വുർആൻ സൂക്തങ്ങൾ. പ്രപഞ്ച സ്രഷ്ടാവിനെയല്ലാതെ വേറെ ഏത് ശക്തികളെയും വ്യക്തികളെയും ദൈവമായി അംഗീകരിക്കുകയും ആരാധിക്കുകയും ചെയ്യുന്ന ആർക്കാണ് ക്വുർആനിലെ ഈ ചോദ്യങ്ങൾക്ക് കൃത്യമായ ഉത്തരം നൽകാൻ കഴിയുക? ആർക്കാണ് തങ്ങൾ ആരാധിക്കുന്ന ജനനവും മരണവും വിചാരവികാരങ്ങളെല്ലാമുണ്ടായിരുന്ന തങ്ങളുടെ ആരാധ്യന്മാരാണ് പ്രപഞ്ചത്തെ സൃഷ്ടിച്ചതെന്ന് പറയാൻ കഴിയുക? ആർക്കാണ് രാപ്പകലുകൾ മാറിമാറിക്കൊണ്ടുവരുന്നതും മഴ വർഷിപ്പിക്കുന്നതും സസ്യങ്ങൾ മുളപ്പിക്കുന്നതും കായ്കനികൾ ഉദ്പാദിപ്പിക്കുന്നതും ജീവിതവും മരണവും തീരുമാനിക്കുന്നതും നിയന്ത്രിക്കുന്നതുമെല്ലാം തങ്ങളുടെ ആരാധ്യരാണെന്ന് പറയാൻ കഴിയുക? ആർക്കും കഴിയില്ല എന്നുറപ്പ്.

ഇവിടെയാണ് ഇസ്‌ലാം വ്യതിരിക്തമാകുന്നത്. പ്രപഞ്ചത്തിന് ഒരേയൊരു സ്രഷ്ടാവേയുള്ളൂ എന്നും അവനെ മാത്രമെ ആരാധിക്കാവൂ എന്നും ഇസ്‌ലാം പഠിപ്പിക്കുന്നു. അത് മനുഷ്യ ബുദ്ധിയെയും ചിന്തയെയും തട്ടിയുണർത്തിക്കൊണ്ടാണ് സ്രഷ്ടാവിന്റെ അജയ്യതയും അനശ്വരതയും ബോധ്യപ്പെടുത്തിത്തരുന്നത്. ഇത് ഉൾക്കൊണ്ടു കൊണ്ട് ഇസ്‌ലാം പുൽകിയ ഒരാൾ സ്രഷ്ടാവിന്റെ മതത്തിന്റെ നിയമനിർദേശങ്ങളിൽ അവ്യക്തതയോ സന്ദേഹമോ ദർശിക്കുകയില്ല. മതത്തിന്റെ യുക്തിഭദ്രമായ വിശ്വാസകാര്യങ്ങളും പ്രായോഗികമായ കർമാനുഷ്ഠാന കാര്യങ്ങളും സ്നേഹം, കാരുണ്യം, സഹകരണം തുടങ്ങി സർവവിധ മാനുഷിക ഗുണങ്ങളും കൈക്കൊള്ളുവാൻ പഠിപ്പിക്കുന്ന ഉന്നതമായ സവിശേഷതയും അവന്റെ മനസ്സിൽ ആന്ദോളനം സൃഷ്ടിക്കാതിരിക്കില്ല.

എന്നാൽ പ്രലോഭനങ്ങൾക്കോ ഭീഷണികൾക്കോ വഴങ്ങി മതം മാറുന്ന ഒരാളിൽ ഈ സവിശേഷ ഗുണം കാണുക സാധ്യമല്ല. അങ്ങനെയൊരു മാറ്റം ഇസ്‌ലാം അംഗീകരിക്കുന്നുമില്ല. തലയെണ്ണി കണക്കെടുത്ത് അംഗബലത്തിൽ ഊറ്റംകൊള്ളാൻ ഇസ്‌ലാം ആവശ്യപ്പെടുന്നില്ല. ഭൗതിക ലോകത്തെ നേട്ടങ്ങളിലേക്കല്ല ഇസ്‌ലാമിന്റെ ക്ഷണം; പ്രത്യുത പരലോകത്തെ രക്ഷയിലേക്കും ശാശ്വത സുഖജീവിതത്തിലേക്കുമാണ്. തികച്ചും വ്യക്തിനിഷ്ഠമാണത്. ഇഷ്ടമുള്ളവർക്ക് സ്രഷ്ടാവ് നൽകിയ അനന്തമായ അനുഗ്രഹങ്ങൾക്ക് നന്ദികാണിച്ചുകൊണ്ട് ജീവിക്കാം; നന്ദികേട് കാണിച്ചും ജീവിക്കാം. നേട്ടങ്ങളും നഷ്ടങ്ങളും അവനവൻ തന്നെ അനുഭവിക്കേണ്ടിയും വരും എന്നു മാത്രം.

ഉസ്മാൻ പാലക്കാഴി
usmanpalakkazhi@gmail.com

ലേഖനം



# ഇസ്‌ലാമിൽ പ്രകൃതിവിരുദ്ധത ആരോപിക്കുന്നവരോട്

ഇസ്‌ലാമിനെക്കുറിച്ച് ചില തൽപരകക്ഷികൾ ഉന്നയിക്കുന്ന ആരോപണങ്ങളിൽ ഒന്നാണ് 'പ്രകൃതി വിരുദ്ധമായ മതമാണ് ഇസ്‌ലാം' എന്നത്. എന്നാൽ ഈ വിശേഷണം കൊണ്ട് തങ്ങൾ ഉദ്ദേശിക്കുന്നതെന്തെന്ന് നിർണയിക്കുന്നതിൽ ആരോപകർ പരാജയപ്പെടുകയാണ് പതിവ്. ഒരു മതമെന്ന നിലയിൽ ഇസ്‌ലാം പ്രകൃതിയുമായി വിയോജിക്കുന്നു എന്നോ അതല്ല ഇസ്‌ലാമിന്റെ നിയമങ്ങളും തത്ത്വങ്ങളുമെല്ലാം പ്രകൃയുടെ ഘടന, സംവിധാനം, മൗലിക സ്വഭാവം എന്നിവയുമായി പൊരുത്തപ്പെടാത്തവയാണ് എന്നോ അവർ അർഥമാക്കുന്നുണ്ടായിരിക്കാം. അതെല്ലെങ്കിൽ മനുഷ്യപ്രകൃതിയുമായും മനുഷ്യന്റെസ്വാഭാവിക ശീലങ്ങളുമായും ഇസ്‌ലാം വിയോജിക്കുന്നു എന്ന അർഥത്തിലായിരിക്കാം. ഇതിൽ ഏത് അർഥത്തിൽ 'പ്രകൃതിവിരുദ്ധ സ്വഭാവ'മെന്ന വിഷേണത്തെ പരിഗണിച്ചാലും അത് ഇസ്‌ലാമിന് ചാർത്തിക്കൊടുക്കാവുന്ന 'വിശേഷണ'മായിത്തീരുന്നില്ല. ഇസ്‌ലാം അതിനെ സ്വയം വിശേഷിപ്പിക്കുന്നതു തന്നെ 'പ്രകൃതി മതം' എന്നാണ്. ഇസ്‌ലാമിന്റെ പ്രകൃതിപരതയെ കുറിച്ച് ചിന്തിക്കുമ്പോൾ പ്രത്യേക പരിഗണനയർഹിക്കുന്ന ചില കാര്യങ്ങളുണ്ട്.

പ്രകൃതിയെ അതിന്റെ സൂക്ഷ്മവും സ്ഥൂലവുമായ അവസ്ഥാഭേദങ്ങളോടെ സൃഷ്ടിക്കുകയും രൂപപ്പെടുത്തുകയും ചെയ്ത മഹാശക്തിയിൽ നിന്നുള്ള മാർഗദർശനമാണ് ഇസ്‌ലാം. പ്രകൃതിയെയും പ്രകൃതി വിഭവങ്ങളെയും സ്രഷ്ടാവിന്റെ മാർഗദർശനമനുസരിച്ച് അനുഭവിക്കുകയും ഉപയോഗിക്കുകയും ചെയ്തുകൊണ്ടുള്ള മനുഷ്യ നിലനിൽപ്പ് സ്രഷ്ടാവ് തന്നെ മനുഷ്യന് അനുവദിച്ചിട്ടുള്ളതാണ്.

**മനുഷ്യപ്രകൃതി**

മനുഷ്യനെ സൃഷ്ടിക്കുകയും അവന് ജീവിതവും മരണവും നിശ്ചയിക്കുകയും ചെയ്ത പ്രപഞ്ചനാഥൻ വൈവിധ്യങ്ങളോട് കൂടിയാണ് മനുഷ്യ പ്രകൃതിയെ സംവിധാനിച്ചിട്ടുള്ളത്. ഒരു ജീവിയെന്ന നിലയിൽ മനുഷ്യനിൽ സഹജമായി നിലകൊള്ളുന്ന ചില ശീലങ്ങളെയും സ്വഭാവങ്ങളെയും മറികടന്നുകൊണ്ടും അവയെ അടിച്ചമർത്തിക്കൊണ്ടും മുന്നോട്ടു പോവുക സാധ്യമല്ല. എന്നാൽ അവയെ സ്രഷ്ടാവിന്റെ താൽപര്യപ്രകാരം നിയന്ത്രിക്കുകയും വിനിയോഗിക്കുകയും ചെയ്തുകൊണ്ട് തന്റെ ജീവിതത്തെ മുന്നോട്ട് നയിക്കുവാൻ മനുഷ്യൻ ബാധ്യസ്ഥനാണ് എന്ന് വിശുദ്ധ ക്വുർആൻ മാനവരാശിയെ പഠിപ്പിക്കുന്നു.

അല്ലാഹു പറയുന്നു: "ആകയാൽ (സത്യത്തിൽ) നേരെ നിലകൊള്ളുന്നവനായിട്ട് നിന്റെ മുഖത്തെ നീ മതത്തിലേക്ക് തിരിച്ചുനിർത്തുക. അല്ലാഹു മനുഷ്യരെ ഏതൊരു പ്രകൃതിയിൽ സൃഷ്ടിച്ചിരിക്കുന്നുവോ ആ പ്രകൃതിയത്രെ അത്. അല്ലാഹുവിന്റെ സൃഷ്ടി വ്യവസ്ഥക്ക് യാതൊരു മാറ്റവുമില്ല. അതത്രെ വക്രതയില്ലാത്ത മതം. പക്ഷേ, മനുഷ്യരിൽ അധികപേരും മനസ്സിലാക്കുന്നില്ല"(ക്വുർആൻ 30:30).

പ്രകൃതിമതമായ ഇസ്‌ലാം മനുഷ്യരാശിയുടെ ഏകീകരണത്തിനുള്ള ഏക ഉപാധിയാണെന്നുകൂടി വിശുദ്ധ ക്വുർആൻ പഠിപ്പിക്കുന്നു. പല മതങ്ങളെയും പിന്തുടരുകയും ബഹുദൈവവിശ്വാസം സ്വീകരിക്കുകയും ചെയ്യുന്നതിലൂടെ ഉരുത്തിരിയുന്ന വൈജാത്യങ്ങൾ മാനവരാശിയെ ഭിന്നിപ്പിക്കുന്നു. ഈ ഭിന്നിപ്പില്ലാതെയാക്കുവാനാണ് പ്രകൃതിമതമായ ഇസ്‌ലാം അംഗീകരിക്കുന്നതിലൂടെ സാധ്യതയൊരുങ്ങുന്നത്. മനുഷ്യപ്രകൃതിയിലെ ജൈവ സവിശേഷതകളും ഗുണങ്ങളുമെല്ലാം ഏകദൈവാദർശത്തിന്റെ അനിവാര്യത എന്ന സാക്ഷ്യത്തെയാണ് പ്രതിനിധാനം ചെയ്യുന്നത് എന്നിരിക്കെ മനുഷ്യർ ബഹുദൈവ വിശ്വാസികളായിത്തീരുന്നത് പ്രകൃതിക്കും സഹജമൗലികതകൾക്കും നിരക്കാത്ത കാര്യമാണ്. മനുഷ്യരാശിയെ സൃഷ്ടിച്ചത് പലശക്തികളല്ല എന്നതിന്റെ സാക്ഷ്യമാണ് ലോകത്തിലെ എല്ലാ മനുഷ്യരുടെയും ബാഹ്യരൂപത്തിന്റെയും ആന്തരിക ഘടനയുടെയും സമാനത.

"നിന്റെ രക്ഷിതാവ് ആദംസന്തതികളിൽ നിന്ന്, അവരുടെ മുതുകുകളിൽ നിന്ന് അവരുടെ സന്താനങ്ങളെ പുറത്ത് കൊണ്ടുവരികയും, അവരുടെ കാര്യത്തിൽ അവരെത്തന്നെ അവൻ സാക്ഷി നിർത്തുകയും ചെയ്ത സന്ദർഭവും (ഓർക്കുക). (അവൻ ചോദിച്ചു) "ഞാൻ നിങ്ങളുടെ രക്ഷിതാവല്ലയോ?' 'അതെ, ഞങ്ങൾ സാക്ഷ്യം വഹിച്ചിരിക്കുന്നു. തീർച്ചയായും ഞങ്ങൾ ഇതിനെ പറ്റി ശ്രദ്ധയില്ലാത്തവരായിരുന്നു' എന്ന് ഉയർത്തെഴുന്നേൽപിന്റെ നാളിൽ നിങ്ങൾ പറഞ്ഞേക്കും എന്നതിനാലാണ് അങ്ങനെ ചെയ്തത്" (7:172).

മനുഷ്യന്റെ പ്രകൃതിയിൽ തന്നെ അടങ്ങിയിട്ടുള്ള സത്യസാക്ഷ്യത്തെ കുറിച്ചാണ് ഇപ്പറഞ്ഞത്. മനസ്സ് വികലമായിട്ടില്ലാത്ത ഏതൊരു മനുഷ്യനും തുറന്നു സമ്മതിക്കും; ഞാൻ എങ്ങനെയോ അങ്ങ് ഉണ്ടായതല്ല. പ്രത്യുത സർവജ്ഞനും സർവശക്തനുമായ സൃഷ്ടികർത്താവ് വിസ്മയകരമാം വിധം തന്നെ സംവിധാനിച്ചിരിക്കുകയാണെന്ന്. ഇത്തരമൊരു സാക്ഷ്യം മാനവരാശിയുടെ സഹജവും സ്വാഭാവികവുമായ ആദർശമാണ് പ്രതിനിധീകരിക്കുന്നത്. ഈ ആദർശത്തിൽ നിന്ന് വ്യതിചലിക്കുന്നത് മനുഷ്യരാശിയുടെ അധഃപതനത്തിന്റെയും നാശത്തിന്റെയും കാരണമാണ് എന്നാണ് ക്വുർആൻ പഠിപ്പിക്കുന്നത്. മനുഷ്യനെ സൃഷ്ടിക്കുകയും അവന്ന് ജീവിതം നൽകുകയും ചെയ്ത പ്രപഞ്ചനാഥനിൽ നിന്നുള്ളതാണ് ഇസ്‌ലാമെന്നും മനുഷ്യരാശി അതിന്റെ വളർച്ചയുടെ വിഭിന്ന ഘട്ടങ്ങളിലായി വ്യത്യസ്ത വിശ്വാസ, ആദർശങ്ങൾ സ്വീകരിക്കുകയും അവലംബിക്കുകയും ചെയ്തുവെന്നത് സഹജമായ ആദർശത്തിൽ നിന്നുള്ള വ്യതിയാനമാണെന്നുമാണ് വിശുദ്ധ ക്വുർആൻ വ്യക്തമാക്കുന്നത്. ഏകദൈവാദർശത്തെ സഹജവും സ്വാഭാവികവുമായ ഒരു വിശ്വാസാദർശമായി പരിചയപ്പെടുത്തുന്ന ക്വുർആനിനു സമാനമായി ഇത്തരം ആദർശ പ്രഖ്യാപനം നടത്തുന്ന മറ്റൊരു വേദഗ്രന്ഥവും ലോകത്ത് വേറെയില്ല.

**പ്രകൃതിയുടെ യാഥാർഥ്യം**

പ്രപഞ്ചത്തിൽ ഒരു വസ്തുവിനും സൃഷ്ടികർത്താവിന്റെ നിയന്ത്രണത്തിൽ നിന്നും മാറിനിൽക്കുവാൻ സാധ്യമല്ല. അതാതു വസ്തുക്കൾക്കു നിശ്ചയിക്കപ്പെട്ടിട്ടുള്ള സഹജമായ പ്രവർത്തന രീതികൾക്കും ഗുണങ്ങൾക്കും അപ്പുറത്തേക്ക് കടക്കുവാൻ ഒന്നിനും സാധിക്കുകയില്ല. ഇക്കാര്യത്തിൽ ഇഛാപരമോ അനിഛാപരമോ ആയ തെരഞ്ഞെടുപ്പിനുള്ള അവകാശം ഒരു സൃഷ്ടിക്കുമി

**ഒരു ജീവിയെന്ന നിലയിൽ മനുഷ്യനിൽ സഹജമായി നിലകൊള്ളുന്ന ചില ശീലങ്ങളെയും സ്വഭാവങ്ങളെയും മറികടന്നുകൊണ്ടും അവയെ അടിച്ചമർത്തിക്കൊണ്ടും മുന്നോട്ടു പോവുക സാധ്യമല്ല. എന്നാൽ അവയെ സ്രഷ്ടാവിന്റെ താൽപര്യപ്രകാരം നിയന്ത്രിക്കുകയും വിനിയോഗിക്കുകയും ചെയ്തുകൊണ്ട് തന്റെ ജീവിതത്തെ മുന്നോട്ട് നയിക്കുവാൻ മനുഷ്യൻ ബാധ്യസ്ഥനാണ്.**



ല്ല. ജീവനുള്ളവയും അല്ലാത്തവയും മനുഷ്യരും മൃഗങ്ങളും എല്ലാം ഇക്കാര്യത്തിൽ തുല്യമാണ്. ശുദ്ധമായ ബുദ്ധിയും ചിന്തയും വിവേകവും തലച്ചോറിന്റെ സാധ്യതകൾ വിനിയോഗിക്കുവാനുള്ള വിശാലമായ അവസരങ്ങളും നൽകപ്പെട്ടിട്ടുള്ള മനുഷ്യർക്കുപോലും ഇക്കാര്യത്തിൽ യാതൊരു വ്യതിരിക്തതയും പുലർത്തുവാൻ കഴിയുന്നില്ല.

എല്ലാ വസ്തുക്കൾക്കും അതാതിന്റെതായ ഒരു നിശ്ചിത ഘടന നിർണയിക്കുകയും മനുഷ്യന് തെരഞ്ഞെടുപ്പിന്റെയും അതിജീവിനത്തിന്റെയും ശേഷി നൽകുകയും ചെയ്ത സ്രഷ്ടാവ് മനുഷ്യനെ അവന്റെ സൃഷ്ടിപ്പിനു പിന്നിലെ ലക്ഷ്യം അവനെ മാത്രം ആരാധിക്കുക എന്നതാണെന്ന് ഓർമിപ്പിക്കുന്നുണ്ട്.

എല്ലാ വസ്തുക്കളും മനുഷ്യന് വേണ്ടി പടച്ചിരിക്കുന്നു എന്നാണ് വിശുദ്ധ ക്വുർആൻ പറയുന്നത്:

"അവനാണ് നിങ്ങൾക്കു വേണ്ടി ഭൂമിയിലുള്ളതെല്ലാം സൃഷ്ടിച്ചുതന്നത്..." (2:29).

സൃഷ്ടിപ്പിന്റെ വിവിധ വശങ്ങളുമായി ബന്ധപ്പെട്ട് ക്വുർആൻ നൽകുന്ന വിവരണങ്ങളും വിജ്ഞാനങ്ങളും വിശ്വാസ ദൃഢീകരണത്തിനുതകുമെന്നതിൽ സംശയമില്ല.

സൃഷ്ടിപ്പുമായും പ്രകൃതിയുമായും ബന്ധപ്പെട്ട ചില വചനങ്ങൾ കാണുക:

"ആകാശ ഭൂമികളുടെ സൃഷ്ടിപ്പിലും രാപ്പകലുകളുടെ മാറ്റത്തിലും മനുഷ്യർക്കുപകാരമുള്ള വസ്തുക്കളുമായി കടലിലൂടെ സഞ്ചരിക്കുന്ന കപ്പലിലും, ആകാശത്തു നിന്ന് അല്ലാഹു മഴ ചൊരിഞ്ഞു തന്നിട്ട് നിർജീവാവസ്ഥക്കു ശേഷം ഭൂമിക്ക് അതുമുഖേന ജീവൻ നൽകിയതിലും, കാറ്റുകളുടെ ഗതിക്രമത്തിലും, ആകാശഭൂമികൾക്കിടയിലൂടെ നിയന്ത്രിച്ച് നയിക്കപ്പെടുന്ന മേഘത്തിലും ചിന്തിക്കുന്ന ജനങ്ങൾക്ക് പല ദൃഷ്ടാന്തങ്ങളുമുണ്ട്; തീർച്ച" (2:164).

പ്രപഞ്ചത്തിലെയും പ്രകൃതിയിലെയും വിവിധ ഘടകങ്ങളെയും ക്രമീകരണങ്ങളെയും സൃഷ്ടിപ്പിലെയും വിതാനത്തിലെയും വൈവിധ്യങ്ങളെയും എടുത്തുപറഞ്ഞുകൊണ്ട് (ഈ പ്രതിഭാസങ്ങൾക്കു പിന്നിലെ സൃഷ്ടികർത്താവിന്റെ വൈഭവപൂർണമായ ഇടപെടൽ ഓർമിപ്പിച്ചുകൊണ്ട്) വ്യക്തികളെ സത്യവിശ്വാസം സ്വീകരിക്കേണ്ടതിന്റെ അനിവാര്യത ബോധ്യപ്പെടുത്തുകയാണ് ക്വുർആൻ.

"സൂര്യനെ ഒരു പ്രകാശമാക്കിയത് അവനാകുന്നു. ചന്ദ്രനെ അവനൊരു ശോഭയാക്കുകയും അതിന് ഘട്ടങ്ങൾ നിർണയിക്കുകയും ചെയ്തിരിക്കുന്നു. നിങ്ങൾ കൊല്ലങ്ങളുടെ എണ്ണവും കണക്കും അറിയുന്നതിന് വേണ്ടി. യഥാർഥ മുറപ്രകാരമല്ലാതെ അല്ലാഹു അതൊന്നും സൃഷ്ടിച്ചിട്ടില്ല. മനസ്സിലാകുന്ന ആളുകൾക്കു വേണ്ടി അല്ലാഹു തെളിവുകൾ വിശദീകരിക്കുന്നു. തീർച്ചയായും രാപ്പകലുകൾ വ്യത്യാസപ്പെടുന്നതിലും, ആകാശങ്ങളിലും ഭൂമിയിലും അല്ലാഹു സൃഷ്ടിച്ചിട്ടുള്ളവയിലും പലതെളിവുകളുമുണ്ട്" (10:5-6).

"ആകാശങ്ങളും ഭൂമിയും അല്ലാഹു ശരിയായ ക്രമത്തിലാണ് സൃഷ്ടിച്ചുള്ളതെന്ന് നീ കണ്ടില്ലേ? അവനുദ്ദേശിക്കുന്ന പക്ഷം നിങ്ങളെ അവൻ നീക്കംചെയ്യുകയും ഒരു പുതിയ സൃഷ്ടിയെ അവൻ കൊണ്ടുവരികയും ചെയ്യുന്നതാണ്. അല്ലാഹുവെ സംബന്ധിച്ചിടത്തോളം അത് ഒരു വിഷമകരമായ കാര്യമല്ല" (14:19-2).

**പ്രകൃതിയുടെ അനുസരണം**

മനുഷ്യർ അടക്കമുള്ള എല്ലാ വസ്തുക്കളും ജീവജാലങ്ങളും അവയുടെ സ്വാഭാവിക ഘടനയിലും ജൈവപ്രകൃതിയിലും നിലനിൽക്കുകയും അതിനനുസൃതമായ രീതിയിൽ വർത്തിക്കുയും ചെയ്യുന്നു. ഒരു മനുഷ്യൻ ശ്വസിക്കുന്നത് അവന്റെ സ്വന്തം പ്രവർത്തനമല്ല. ശരീരത്തിനകത്തു നടക്കുന്ന ഉപാപചയ പ്രവർത്തനങ്ങളും അവയുടെ ഫലങ്ങളുമൊന്നും മനുഷ്യന്റെ പ്രവൃത്തിയുടെ ഫലമല്ല. ഇതുപോലെ, സൃഷ്ടികർത്താവിന്റെ സൃഷ്ടിപരമായ സംവിധാനത്തിന്റെ ഭാഗമായി സംഭവിച്ചുകൊണ്ടിരിക്കുന്ന എത്രയെത്ര കാര്യങ്ങളുണ്ട്!

പ്രപഞ്ചത്തിലെയും പ്രകൃതിയിലെയും വസ്തുക്കൾ അവയ്ക്കു നിശ്ചയിക്കപ്പെട്ടിട്ടുള്ള സ്വഭാവവും രീതികളും അനുസരിച്ച് വർത്തിക്കുകയും മുന്നോട്ട് പോവുകയും ചെയ്യുന്നതിനെ വിശുദ്ധ ക്വുർആൻ 'ഇസ്‌ലാം' അഥവാ അനുസരണം എന്ന് വിശേഷിപ്പിച്ചിട്ടുണ്ട്.

മനുഷ്യരാശിയുമായി ബന്ധപ്പെട്ടു വിശുദ്ധ ക്വുർ

ആനിൽ പരാമർശിക്കപ്പെട്ടിട്ടുള്ള 'ഇസ്‌ലാം' എന്ന പദത്തിന്റെ താൽപര്യം പ്രകൃതി-പ്രപഞ്ച വസ്തുക്കളുമായി ബന്ധപ്പെട്ട് ഉപയോഗിക്കുന്ന 'ഇസ്‌ലാം' എന്ന പദത്തിൽ നിന്ന് ആശയത്തിലും അർഥത്തിലും ലക്ഷ്യത്തിലും വ്യത്യാസപ്പെട്ടിരിക്കുന്നു. പ്രാപഞ്ചിക വസ്തുക്കളുടെ അനുസരണത്തെപ്പറ്റി അഥവാ അവയെല്ലാം അവയ്ക്കു നിശ്ചയിക്കപ്പെട്ടിട്ടുള്ള ഘടനയിലും പ്രകൃതിയിലും മുന്നോട്ട് പോകുന്നതിനെപ്പറ്റി പരാമർശിക്കുന്ന ചില വിശുദ്ധ വാക്യങ്ങൾ കാണുക:

"അപ്പോൾ അല്ലാഹുവിന്റെ മതമല്ലാത്ത മറ്റുവല്ല മതവുമാണോ അവരാഗ്രഹിക്കുന്നത്. (വാസ്തവത്തിൽ) ആകാശങ്ങളിലും ഭൂമിയലും ഉള്ളവരെല്ലാം അനുസരണയയോടെയോ നിർബന്ധമായോ അവന് കീഴ്പ്പെട്ടിരിക്കുകയാണ്...." (3:83).

"ഏഴ് ആകാശങ്ങളും ഭൂമിയും അവയിലുള്ളവരും അവന്റെ പരിശുദ്ധിയെ പ്രകീർത്തിക്കുന്നു. യാതൊരു വസ്തുവും അവനെ സ്തുതിച്ചുകൊണ്ട് (അവന്റെ) പരിശുദ്ധിയെ പ്രകീർത്തിക്കാത്തതായി ഇല്ല. പക്ഷേ, അവയുടെ പ്രകീർത്തനം നിങ്ങൾ ഗ്രഹിക്കുകയില്ല. തീർച്ചയായും അവൻ സഹനശീലനും ഏറെ പൊറുക്കുന്നവനുമാകുന്നുന്നു" (17:44).

"ആകാശങ്ങളിലുള്ളവരും ഭൂമിയലുള്ളവരും സൂര്യനും ചന്ദ്രനും നക്ഷത്രങ്ങളും പർവതങ്ങളും വൃക്ഷങ്ങളും ജന്തുക്കളും മനുഷ്യരിൽ കുറെപേരും അല്ലാഹുവിന് പ്രണാമം അർപ്പിച്ചുകൊണ്ടിരിക്കുന്നു എന്ന് നീ കണ്ടില്ലേ?..." (22:18).

പ്രകൃതിയിലുള്ള വസ്തുക്കളെല്ലാം അവയുടെ പ്രകൃതിയും സ്വഭാവവും അനുസരിച്ച് സ്രഷ്ടാവിന്റെ നിയമങ്ങൾ അഥവാ പ്രകൃതി സംവിധാനങ്ങൾ അനുസരിച്ചുകൊണ്ടേയിരിക്കുന്നു എന്നും, അവയ്ക്കു നിശ്ചയിക്കപ്പെട്ട ഘടനയിൽ നിന്ന് അൽപവും വ്യതിചലിക്കുവാൻ അവയ്ക്ക് കഴിയില്ല എന്നുമാണ് മേൽപറഞ്ഞ വാക്യങ്ങൾ സൂചിപ്പിക്കുന്നത്. അവയുടെ പ്രകീർത്തനം എങ്ങനെയെന്നത് നമുക്കജ്ഞാതമാണ്. മനഃപൂർവം അനുസരണക്കേടു കാണിക്കുന്നത് ഇഛാസ്വാതന്ത്ര്യം നൽകപ്പെട്ട ജിന്നുകളും മനുഷ്യരും മാത്രമാണ്.

**ഇസ്‌ലാം പ്രകൃതിമതമാകുന്നത്**

എല്ലാ വസ്തു-ജീവജാല ഘടനകളിലും സ്രഷ്ടാവ് അനുസരണത്തിന്റേതായ രണ്ടുതലങ്ങൾ സംവിധാനിച്ചിരിക്കുന്നു. ഒന്ന്, സൃഷ്ടിപരമായ ഘടനയിലൂടെ ഉരുത്തിരിയുന്ന അബോധപരമായ അനുസരണം. രണ്ട്, തെരഞ്ഞെടുപ്പിന്റെയും വിധേയത്വത്തിന്റെയും ആശയപരമായ സ്വാംശീകരണത്തിന്റെയും ഫലമായി ഉരുത്തിരിയുന്ന ബോധപരമായ അനുസരണം. വിശുദ്ധ ക്വുർആൻ 3:83ൽ വിശദീകരിക്കുന്ന അനുസരണയോടെയോ (ത്വൗഅൻ) നിർബന്ധമായോ (കർഹൻ) ഉള്ള അനുസരണമെന്ന വേർതിരിവ് ഇതിന്റെ തെളിവാണ്. പ്രപഞ്ചത്തിലെ വസ്തുക്കൾ അവയുടെ സഹജവും സ്വാഭാവികവുമായ ശീലങ്ങൾക്കും പ്രകൃതിക്കും അനുസരിച്ച് നിലനിൽക്കുന്നത് നിർബന്ധിതമായ അനുസരണത്തിന്റെയും, മനുഷ്യർ ദൈവിക നിയമങ്ങൾ അനുസരിച്ച് സ്രഷ്ടാവിന് വിധേയരായി ജീവിക്കുന്നത് അനുസരണബോധത്തോടെയുള്ള അനുസരണത്തിന്റെയും ഉദാഹരണങ്ങളാണ്. പ്രപഞ്ചത്തിലെ മറ്റെല്ലാ വസ്തുക്കളെയും പോലെ മനുഷ്യനും നിർബന്ധിതമായ അനുസരണം (കർഹൻ) എന്ന സംവിധാനത്തിനു വിധേയമാണ്. കാരണം അവന്റെ ജൈവഘടനയും അവന്റെ ശാരീരിക സംവിധാനവുമെല്ലാം അവന്റെ തീരുമാനത്തിനതീതമായി നിലനിൽക്കുന്നവയാണ്.

എന്നാൽ ദൈവിക നിയമങ്ങൾ അംഗീകരിക്കുകയും അനുസരിക്കുകയും ചെയ്തുകൊണ്ട് സ്രഷ്ടാവിന്റെ ഇഛയും താൽപര്യവുമനുസരിച്ച് ജീവിക്കാൻ മനുഷ്യൻ തീരുമാനിച്ചാൽ മാത്രമെ അതിനനുസരിച്ച് അവൻ പ്രവർത്തിക്കുകയുള്ളൂ.

ഇസ്‌ലാമിന്റെ തത്ത്വങ്ങളും മാർഗനിർദേശങ്ങളും പ്രകൃതിയുമായും പ്രപഞ്ചത്തിലെയും ജൈവലോകത്തിലെയും ഘടനകളുമായും യോജിക്കുന്നതാണ്. പ്രപഞ്ചത്തെയും അതിലെ വസ്തുക്കളെയും സൃഷ്ടിച്ചവനിൽ നിന്നുതന്നെ വന്നവയാണ് നിയമങ്ങളും തത്ത്വങ്ങളും എന്നതു തന്നെ കാരണം. ഇസ്‌ലാം പ്രകൃതിയുമായി യോജിക്കാത്തതും പ്രകൃതിവിരുദ്ധവുമായ ഒരു മതമാണ് എന്ന് ആരോപിക്കുന്നവർ ചിന്തിക്കുന്നത് മനുഷ്യന്റെ അനിയന്ത്രിതമായ ഇഛകളും ആഗ്രഹങ്ങളുമായി ഇസ്‌ലാം അനുരഞ്ജനപ്പെടുന്നില്ല എന്നതിനെപ്പറ്റി മാത്രമാണ്. മനുഷ്യന്റെ ഇഛകളുടെയും താൽപര്യങ്ങളുടെയും കടിഞ്ഞാണില്ലാത്ത പ്രയാണത്തിനനുസരിച്ചുള്ള നിയമങ്ങളും തത്ത്വങ്ങളും ആവിഷ്കരിച്ചുകൊണ്ട് മനുഷ്യന് അനുഗുണമാവുക എന്നത് ഒരു ദൈവികമാർഗദർശനത്തിന്റെ സ്വഭാവമായിക്കൂടെന്ന് ചിന്തിക്കുവാൻ വിമർശകർക്കു കഴിയുന്നില്ല. തനിക്കു തന്നെ നിയന്ത്രണാവകാശം ലഭ്യമല്ലാത്ത ഒട്ടനവധി പ്രതിഭാസങ്ങളോടുകൂടിയ ശരീരവും പ്രകൃതവും ആന്തര ഘടനയും പേറുന്ന മനുഷ്യൻ തനിക്ക് താൻ ഇച്ഛിക്കുന്ന കാര്യങ്ങളെ മികച്ചെതെന്ന് കരുതുന്നത് എത്രമാത്രം ബാലിശമായ ഒരു നിലപാടാണ്! മനുഷ്യന്റെ അകവും പുറവും രഹസ്യവും പരസ്യവും ഒരേപോലെ അറിയുന്ന സ്രഷ്ടാവിനു മാത്രമെ മനുഷ്യനു പ്രായോഗികവും ഋജുവുമായ മാർഗദർശനം നൽകുവാൻ കഴിയുകയുള്ളൂ എന്ന സത്യം അംഗീകരിക്കുക മാത്രമാണ് വിവേകവും സൽബുദ്ധിയുമുള്ള മനുഷ്യനു മുന്നിലുള്ള ഏകമാർഗം. ●

ശുക്കൂർ വരിക്കോടൻ
mail@nerpatham.com



# നിരീശ്വരവാദികളും ശാസ്ത്രവും



മനുഷ്യജീവിതത്തിൽ ശാസ്ത്രത്തിനുള്ള സ്വാധീനം വർധിച്ചുകൊണ്ടിരിക്കുന്ന കാലഘട്ടത്തിലൂടെയാണ് നാം മുന്നോട്ടുപോയിക്കൊണ്ടിരിക്കുന്നത്. സാംസ്കാരികമായി ഉന്നതി പ്രാപിച്ച ഏതാണ്ടെല്ലാ സമൂഹങ്ങളിലും ശാസ്ത്രം ഒഴിച്ചുകൂടാനാവാത്ത ഒന്നായി മാറിക്കഴിഞ്ഞു. പ്രപഞ്ചത്തിൽ ഒളിഞ്ഞിരിക്കുന്ന ഊർജരൂപങ്ങളെ പുറത്തെടുത്ത് തനിക്ക് ഉപകാരപ്രദമാകുംവിധം പരിവർത്തിപ്പിക്കാനുള്ള ശ്രമത്തിലാണ് മനുഷ്യൻ. ശാസ്ത്ര പ്രബന്ധങ്ങൾ പ്രസിദ്ധീകരിച്ചുകൊണ്ടിരിക്കുന്നു. ശാസ്ത്രപഠനങ്ങൾക്കാവശ്യമായ ഫണ്ടുകൾ കുത്തനെ വർധിച്ചുകൊണ്ടിരിക്കുന്നു. ശാസ്ത്ര ഗവേഷണങ്ങൾക്ക് അനുസൃതമായി സമൂഹം പാടെ മാറിക്കഴിഞ്ഞു. ദിനംപ്രതി പുതിയ കണ്ടുപിടുത്തങ്ങൾ നടന്നുകൊണ്ടിരിക്കുകയാണ്. ഓരോ ദിവസവും പുതുമ നിറഞ്ഞതായിരിക്കുന്നു! ശാസ്ത്ര ഗവേഷണങ്ങൾക്ക് താൽപര്യം പ്രകടിപ്പിച്ചു കൊണ്ട് ഒട്ടേറെ പ്രതിഭകൾ മുന്നോട്ട് വന്നുകൊണ്ടിരിക്കുന്നത് നാം കണ്ടുകൊണ്ടിരിക്കുന്നു.

ശാസ്ത്രത്തിന് അപ്രമാദിത്യം നൽകുന്നവരായി ഇന്ന് ചിലർ മാറിക്കഴിഞ്ഞു. ‘സൈന്റിസം’ ഒരു മഹാമാരിയായി മുസ്‌ലിംകൾക്കിടയിലും പടർന്നു പിടിച്ചിരിക്കുന്നു. ശാസ്ത്രത്തെ അന്ധമായി വിശ്വസിക്കുന്ന ഇക്കൂട്ടർ ശാസ്ത്രത്തിന്റെ അടിസ്ഥാന സ്വഭാവങ്ങളെ കുറിച്ച് അജ്ഞരാണെന്നത് പ്രഥമദൃഷ്ട്യാ മനസ്സിലാക്കാൻ കഴിയുന്ന കാര്യമാണ്. ശാസ്ത്രം എന്നത് മനുഷ്യബുദ്ധിയുടെ ഉൽപന്നമാണ് എന്നുള്ളത് കൊണ്ട് തന്നെ മനുഷ്യബുദ്ധിക്ക് സംഭവിക്കാവുന്ന അപചയങ്ങൾ ശാസ്ത്രത്തിനും സംഭവിക്കുന്നതാണ്. ശാസ്തപഠനങ്ങളിലേർപ്പെട്ടവർക്ക് ഇക്കാര്യം നന്നേ ബോധ്യമുള്ളതാണ്. ശാസ്ത്രം മാറ്റങ്ങൾക്ക് വിധേയമാണ് എന്ന കാര്യത്തിൽ അവർ സംശയം പ്രകടിപ്പിക്കുന്നില്ല. എന്നാൽ മറ്റു ചിലർ ശാസ്ത്രത്തിന് ഒരിക്കലും തന്നെ അബദ്ധം സംഭവിക്കുകയില്ല എന്ന പക്ഷക്കാരാണ്. ശരിയിൽ നിന്നും കൂടുതൽ ശരിയിലേ

ക്ക് ഗമിക്കുക മാത്രമാണ് ചെയ്യുന്നത് എന്നാണ് ഇക്കൂട്ടർ വാദിക്കുന്നത്. നിരീശ്വരവാദികളാണ് ഇത്തരത്തിലുള്ള വാദങ്ങൾ മുന്നോട്ട് വെക്കുന്നതിൽ മുൻപന്തിയിലുള്ളത്. ശാസ്ത്രത്തെ കുറിച്ച് ആധികാരികമായി സംസാരിക്കാൻ അർഹതയുള്ളവർ തങ്ങൾ മാത്രമാണ് എന്നാണ് അവരുടെ പക്ഷം. ശാസ്ത്രത്തെ വളർത്തി കൊണ്ടുവന്നത് തന്നെ തങ്ങളാണ് എന്ന് മാത്രമല്ല തങ്ങൾക്ക് പാരമ്പര്യമായി കൈമാറ്റം ചെയ്യപ്പെട്ടതാണ് ശാസ്ത്രം എന്ന നാട്യത്തിലാണ് അവർ ശാസ്ത്രത്തെ കുറിച്ച് സംസാരിക്കാറുള്ളത്. തങ്ങൾ വളർത്തിക്കൊണ്ടുവന്ന ശാസ്ത്ര സാങ്കേതിക വിദ്യയുടെ ഫലമായി ലഭിച്ച ജീവിത സൗകര്യങ്ങൾ അനുഭവിക്കാൻ മതവിശ്വാസികൾക്ക് യാതൊരു അർഹതയുമില്ല എന്ന പക്ഷക്കാരാണ് അവർ. കാരണം അവരെ സംബന്ധിച്ചിടത്തോളം മതം കാരണത്താൽ ഏറെ വൈകി ഓടുന്ന ട്രെയിനിന് സമാനമാണ് ശാസ്ത്രം! വിശ്വാസം മനുഷ്യരിൽ ശാസ്ത്ര തൽപരത ഇല്ലാതാക്കുമെന്നതിനാൽ ശാസ്ത്ര തൽപരതക്ക് മതനിരാസം അനിവാര്യമാണ് എന്നാണ് അവരുടെ വാദം. ദൈവവിശ്വാസം ഇല്ലാതായിക്കഴിഞ്ഞാൽ ശാസ്ത്ര ഗവേഷണങ്ങൾ തകൃതിയായി നടക്കും, ദൈവനിഷേധിയായ ഒരാൾ ഒരിക്കലും തന്നെ ഒരു മതവിശ്വാസിയെ പോലെ ശാസ്ത്രവിരുദ്ധനാകില്ല എന്നിങ്ങനെയാണ് അവരുടെ വാദങ്ങൾ മുന്നോട്ടുപോകുന്നത്.

ശാസ്ത്രത്തിന്റെ ഉപജ്ഞാതാക്കൾ എന്ന് സ്വയം അവകാശപെടുന്ന ഇവർ പക്ഷേ, ശാസ്ത്ര വളർച്ചയുടെ പ്രാരംഭ നാളുകളിൽ യാതൊരുവിധ ശാസ്ത്രസംഭാവനകളും അർപിച്ചിട്ടില്ല എന്ന് മാത്രമല്ല ശാസ്ത്ര വളർച്ചയെ പ്രതികൂലമായി ബാധിക്കുന്നതായിരുന്നു അവരുടെ ആശയങ്ങൾ. ആധുനിക ശാസ്ത്ര ചരിത്രകാരന്മാരുടേതടക്കം ഇന്ന് ലഭ്യമായ ചരിത്ര രേഖകളിൽ നിന്നും, മെസപൊട്ടോമിയ, ഹാരപ്പ, മോഹൻജെദാരോ, പുരാതന ഈജിപ്ത്, ഗ്രീസ്, റോം, ഭാരതം, ചൈന എന്നിവിടങ്ങളിൽ ആണ് ശാസ്ത്രം പിച്ചവെച്ചു തുടങ്ങിയത് എന്ന് മനസ്സിലാക്കാൻ കഴിയുന്നു.



1. മെസപൊട്ടോമിയ പോലുള്ള ഭൂപ്രദേശങ്ങളിൽ അത്ഭുതങ്ങൾ സൃഷ്ടിച്ച ശാസ്ത്രകാരന്മാരെ കുറിച്ച് നമുക്ക് വിവരങ്ങൾ ലഭിച്ചിട്ടില്ല. പുരാതന ഈജിപ്തിലെ സ്റ്റെപ്പ്ഡ് പിരമിഡുകളുടെ രൂപകൽപകനും വൈദ്യശാസ്ത്രജ്ഞനുമായിരുന്ന ഇംഹോടെപ്പിനാണ് ഇന്നറിവുള്ള ശാസ്ത്ര ചരിത്രത്തിലെ ആദ്യത്തെ ശാസ്ത്രജ്ഞനായി കണക്കാക്കപ്പെടാൻ അർഹതയുള്ളത്. വിഖ്യാത ശാസ്ത്രചരിത്രകാരനായിരുന്ന വില്യം ഒസ്ലെറിന്റെ അഭിപ്രായത്തിൽ വൈദ്യശാസ്ത്രത്തിന്റെ പിതാവ് എന്ന പദവി യഥാർഥത്തിൽ അർഹിക്കുന്നത് ഇംഹോടെപ്പിനാണ്. വൈദ്യശാസ്ത്രത്തിൽ ഒട്ടേറെ സംഭാവനകൾ അർപിച്ച ഇംഹോടെപ്പ്, ആരാധനാലയത്തിൽ അതിപ്രധാനമായ പദവി അലങ്കരിച്ചിരുന്ന വ്യക്തിയായിരുന്നു. പിൽകാലത്ത് ഇംഹോടെപ്പിന്റെ പിൻഗാമികളായി ഒട്ടനവധി പ്രതിഭകൾ ഉയർന്ന് വന്നു. പുരാതന ഗ്രീസ്, റോം, ഭാരതം... തുടങ്ങിയ രാജ്യങ്ങൾ തെയ്ലീസ്, അനക്സിമാണ്ടർ, ഡെമോക്രിറ്റസ്, അനക്സഗോറസ്, പൈതഗോറസ്, ചരകൻ, സുശ്രുതൻ... തുടങ്ങിയ പ്രതിഭാശാലികൾക്ക് ജന്മം നൽകി

2. കഠിനാധ്വാനത്തിലൂടെ ശാസ്ത്രത്തെ പോഷിപ്പിച്ച ഈ മഹാന്മാരൊന്നും തന്നെ നിരീശ്വരവാദികൾ ആയിരുന്നില്ല. തനിക്ക് ചുറ്റും വ്യവസ്ഥാപിതമായി ചലിച്ചുകൊണ്ടിരിക്കുന്ന സൂര്യചന്ദ്രനക്ഷത്രാതികളെ നോക്കിക്കൊണ്ട് ഇവയെല്ലാം യാദൃച്ഛികമായി താനെ ഉണ്ടായതാണ് എന്ന് പറയാൻ മാത്രം ബുദ്ധിശൂന്യരായിരുന്നില്ല അവർ. ഇന്ദ്രിയഗോചരമായ അറിവുകൾ മാത്രമെ അംഗീകരിക്കുകയുള്ളൂ എന്ന് വാശിയുള്ളവരോ ഇന്ദ്രിയങ്ങൾക്ക് അപ്രമാദിത്വം നൽകുന്നവരോ ആയിരുന്നില്ല അവർ.

3. ഏതാണ്ട് ഇതേ കാലഘട്ടത്തിൽ ജീവിച്ച പ്രമുഖ ആജ്ഞേയവാദിയായിരുന്നു പ്രോട്ടഗോറസ്. ഒരു ഹേത്വാഭാസവാദിയായിരുന്ന പ്രോട്ടഗോറസ് ഡെമോക്രിറ്റസിന്റെ ശിഷ്യനായിരുന്നു. അദ്ദേഹം ഡെമോക്രിറ്റസിന്റെ ശിഷ്യനായതുമായി ബന്ധപെട്ട് ഒരു ഐതിഹ്യം ഉണ്ട്. ഒരു ചുമട്ടുക്കാരനായിരു

**കഠിനാധ്വാനത്തിലൂടെ ശാസ്ത്രത്തെ പോഷിപ്പിച്ച ഈ മഹാന്മാരൊന്നും തന്നെ നിരീശ്വരവാദികൾ ആയിരുന്നില്ല. തനിക്ക് ചുറ്റും വ്യവസ്ഥാപിതമായി ചലിച്ചുകൊണ്ടിരിക്കുന്ന സൂര്യചന്ദ്രനക്ഷത്രാതികളെ നോക്കിക്കൊണ്ട് ഇവയെല്ലാം യാദൃച്ഛികമായി താനെ ഉണ്ടായതാണ് എന്ന് പറയാൻ മാത്രം ബുദ്ധിശൂന്യരായിരുന്നില്ല അവർ.**



ന്ന പ്രോട്ടഗോറസ് കയർ പ്രത്യേക തരത്തിൽ കെട്ടുന്നത് ഡെമോക്രിറ്റസ് കാണാനിടയായി. പ്രോട്ടഗോറസ് ഒരു ഗണിതപ്രതിഭ ആയിരിക്കാമെന്ന് ഡെമോക്രിറ്റസിന് തോന്നി. എന്നാൽ കടുത്ത ആജ്ഞേയവാദിയായിരുന്ന പ്രോട്ടഗോറസ് ഗണിതശാസ്ത്ര ഗവേഷണത്തിനെതിരെ മുന്നോട്ട് വരികയും ക്ഷേത്രഗണിതജ്ഞരെ നഖശിഖാന്തം എതിർക്കുകയും ചെയ്തു. ഗണിതശാസ്ത്ര പഠനങ്ങളിൽ നിന്നും ഒന്നും തന്നെ ലഭിക്കാനില്ല എന്ന പക്ഷക്കാരനായിരുന്നു അദ്ദേഹം. ഇത്തരം ഉപകാരപ്രദമല്ലാത്ത ശാസ്ത്ര വിഷയങ്ങൾക്ക് പകരം ദൈനംദിന ജീവിതത്തിൽ ഉപകാരപ്പെടുന്ന വിഷയങ്ങൾ മാത്രം പഠിക്കുക എന്ന് അദ്ദേഹം അഭിപ്രായപ്പെട്ടു. ഗണിതശാസ്ത്ര പഠനത്തെ അങ്ങേയറ്റം നിരുത്സാഹപ്പെടുത്തിക്കൊണ്ടുള്ള അദ്ദേഹത്തിന്റെ ആശയങ്ങൾ ശിഷ്യന്മാരടക്കം ഒട്ടനവധി ആളുകളെ സ്വാധീനിച്ചു. പിൽകാലത്ത് ഉയർന്നുവന്ന ഗണിതശാസ്ത്ര പ്രതിഭയായിരുന്ന സിരിയിന്നിലെ തിയോഡോറസ്, തന്റെ യൗവന കാലഘട്ടത്തിൽ പ്രോട്ടഗോറിയൻ തത്വചിന്തകളാൽ സ്വാധീനിക്കപ്പെട്ടിരുന്നു. എന്നാൽ ഉള്ളിലൊരു ഗണിതശാസ്ത്ര പ്രതിഭ ഒളിഞ്ഞിരുന്ന തിയോഡോറസ് പ്രോട്ടഗോറിയൻ തത്വചിന്ത പാതിവഴിയിൽ ഉപേക്ഷിക്കുകയായിരുന്നു

4. കടുത്ത നിരീശ്വരവാദവുമായി അക്കാലങ്ങളിൽ മുന്നോട്ട് വന്ന തത്വചിന്തകരായിരുന്നു മെലോസിലെ ഡയഗോറസും നാസ്തികനായ തിയോഡോറസും. ഒരു സിരിയിന്നിക് തത്വചിന്തകൻ ആയിരുന്ന തിയോഡോറസ്, സുഖഭോഗ ജീവിതം നയിക്കുക മാത്രമാണ് ഓരോ മനുഷ്യന്റെയും ജീവിതലക്ഷ്യം എന്ന ആശയം മുന്നോട്ട് വെച്ചു.

5. ഭാരതത്തിൽ ജീവിച്ചിരുന്ന നിരീശ്വരവാദികൾ ആയിരുന്ന ചാർവാകന്മാരും ഇതേ ആശയക്കാരായിരുന്നു.

6. ഋണം ക്രിത്വ ഗ്രിതം പിബേത്, യവൻ ജീവേത്ത് സുഖം ജീവേത്ത് (കടം വാങ്ങിയാണെങ്കിലും വെണ്ണ വാങ്ങി സേവിക്കുക) എന്ന ആശയം അവർ മുന്നോട്ട് വെച്ചു. അക്കാലത്തെ ആഡംബര ഭക്ഷണമായിരുന്ന വെണ്ണ ഉപയോഗിക്കാൻ പ്രോത്സാഹിപ്പിക്കുക വഴി സുഖജീവിതം നയിക്കുക എന്നത് മാത്രമാണ് മനുഷ്യജീവിതത്തിന്റെ ഏക ലക്ഷ്യം എന്ന ആശയമാണ് അവർ യഥാർഥത്തിൽ പ്രബോധനം ചെയ്തത്. സുഖഭോഗജീവിതം നയിക്കുക എന്ന തങ്ങളുടെ താൽപര്യത്തിന് വിഘാതമായി മതം നിലനിൽക്കുന്നു എന്നതുകൊണ്ട് മാത്രമാണ് നിരീശ്വരവാദികൾ എക്കാലത്തും മതത്തെ എതിർത്തുപോന്നത്. സുഖഭോഗ ജീവിതത്തോടുള്ള അഭിനിവേശം കടുത്ത ജിജ്ഞാസുക്കളെ പോലും ശാസ്ത്രഗവേഷണങ്ങളിൽ നിന്ന് പിന്തിരിപ്പിക്കാൻ പര്യാപ്തമാണ്. സമർപ്പണ ബുദ്ധിയോടുകൂടി അതീവ ജാഗ്രത പുലർത്തിക്കൊണ്ട് ചെയ്യുന്ന ശാസ്ത്രഗവേഷണങ്ങൾ പോലും കൈപ്പേറിയ ഫലങ്ങൾ നൽകിയേക്കാം. താൻ ഏറെ പ്രാധാന്യം നൽകുന്ന ഈ ജീവിതം തന്നെ നഷ്ടപ്പെടാൻ സാധ്യതയുള്ള ഒരു ഉദ്യമത്തിൽ നിന്നും ഒരു നിരീശ്വരവാദി പിന്മാറുമെന്നത് സ്വാഭാവികമാണ്. അക്കാരണങ്ങൾകൊണ്ട് തന്നെയാണ് ശാസ്ത്ര വളർച്ചയുടെ പ്രാരംഭഘട്ടത്തിൽ നിരീശ്വരവാദികളുടെതായി യാതൊരു ശാസ്ത്ര സംഭാവനകളും ഇല്ലാതെ പോയത്.

ശാസ്ത്ര ഗവേഷണത്തിൽ ഏറെ പ്രാധാന്യം അർഹിക്കുന്ന അനുമാന(inference)ത്തെ ചാർവാകൻമാർ നിരാകരിച്ചു.

7. ഇന്ദ്രിയ ഗോചരമായ അറിവുകൾ മാത്രം സ്വീകരിക്കുക എന്ന ചാർവാകന്മാരുടെ ആശയത്തോട് വൈശേഷിക ദർശനത്തിന്റെ ഉപജ്ഞാതാവായ കണാദൻ, വൈദ്യശാസ്ത്രജ്ഞാനായിരുന്ന ചരകൻ എന്നിവർ കടുത്ത വിയോജിപ്പ് പ്രകടിപ്പിച്ചു. പദാർഥങ്ങളുടെ സമന്വയം പഠനവിധേയമാക്കിക്കൊണ്ടും മറ്റും അനുമാനത്തിലൂടെ അണുസിദ്ധാന്തം മുന്നോട്ടുവെച്ച കണാദനും മനുഷ്യശരീരത്തിനെ ബാധി

ക്കുന്ന ജ്വരങ്ങളെ അനുമാനത്തിലൂടെ കണ്ടെത്തിയിരുന്ന ചരകനെ പോലൊരു വൈദ്യശാസ്ത്രജ്ഞനും അനുമാനത്തെ നിരാകരിക്കുക എന്നത് അസാധ്യമായിരുന്നു. ഇന്ദ്രിയഗോചരമായ അറിവുകളും അനുമാനത്തിലൂടെ ലഭിക്കുന്ന അറിവുകളും ഉൾപ്പെടുത്തി, അനുമാനത്തിന് തെളിവ് കണ്ടെത്തുക എന്ന ശാസ്ത്രീയ രീതിയെത്തന്നെ ചോദ്യം ചെയ്യുകയാണ് ചാർവാകന്മാർ ചെയ്തത്. അനുമാനത്തെ നിഷേധിക്കുകവഴി ശാസ്ത്ര ഗവേഷണത്തിലേക്കുള്ള വാതിൽ അവർ കൊട്ടിയടച്ചു. കൂടാതെ ഈ ലോകത്തോടുള്ള അടങ്ങാത്ത അഭിനിവേശം അവരെ ശാസ്ത്ര ഗവേഷണത്തിൽ നിന്നും അകറ്റുകയും ചെയ്തു.

മധ്യകാലഘട്ടത്തിലും നിരീശ്വരവാദികളിൽ ഭൂരിഭാഗവും ഇതേ നിലപാട് തുടർന്ന് പോന്നു. അബൂനുവാസിനെ പോലുള്ള നിരീശ്വരവാദികൾ കുത്തഴിഞ്ഞ ജീവിതം നയിച്ചു. പീഡോഫീലിയയും സ്വവർഗപ്രേമവും പ്രോത്സാഹിപ്പിച്ചു കൊണ്ടുള്ള അദ്ദേഹത്തിന്റെ കവിതകൾ വലിയ വിവാദങ്ങൾ സൃഷ്ടിച്ചു. എന്നാൽ ഹാറൂൺ അൽ റഷീദിന്റെ പുത്രൻ അമീൻ, ഖലീഫയായി അവരോധിക്കപ്പെട്ടതോട് കൂടി അബൂ നുവാസിന്റെ നല്ല നാളുകൾക്ക് തുടക്കം കുറിക്കപ്പെട്ടിരുന്നു. പക്ഷേ, പിഞ്ചു ബാലന്മാരെ വരെ ചൂഷണം ചെയ്തിരുന്ന അദ്ദേഹത്തിന്റെ കുത്തഴിഞ്ഞ ജീവിതം ഖലീഫ അമീനിന്റെ വരെ കോപത്തിന് കാരണമായി. ന്യൂനാൽ ന്യൂനപക്ഷമായിരുന്നുവെങ്കിലും ഇത്തരത്തിലുള്ള സുഖഭോഗവാദികൾ മധ്യകാലഘട്ടത്തിൽ ഉയർന്ന് വന്നു. സുഗഭോഗവാദത്തിന് ഒരു അപവാദമായി നിലകൊണ്ടത് അൽമാരി മാത്രമായിരുന്നു. ജന്മനാ അന്ധനായിരുന്ന അദ്ദേഹം തികച്ചും അന്തമുർഖനായിക്കൊണ്ട് ജീവിതം നയിച്ചു. തന്റെ വൈകല്യത്തെ കുറിച്ച് സദാ ആവലാതിപ്പെടുന്ന ഒരാളെയാണ് നമുക്ക് അൽമാരിയിൽ ദർശിക്കാൻ കഴിയുന്നത്. അപകർഷതാബോധം അദ്ദേഹത്തെ ശക്തമായി വേട്ടയാടിയിരുന്നു എന്ന് അദ്ദേഹത്തിന്റെ കവിതകളിൽ നിന്ന് നമ്മുക്ക് വായിച്ചെടുക്കാൻ കഴിയുന്നുണ്ട്. തന്റെ വൈകല്യങ്ങൾ നൽകിയ പരിമിതികളായിരിക്കാം ജനങ്ങളിൽ നിന്ന് ഒറ്റപ്പെട്ട് ജീവിക്കാൻ അദ്ദേഹത്തെ പ്രേരിപ്പിച്ചത്. നിരീശ്വരവാദം മുന്നോട്ടു വെച്ച സമാന ആശയക്കാരായിരുന്ന അൽവറക്ക്, ഇബ്നുൽ റാവന്ധി തുടങ്ങിയവർ അബദ്ധജടിലമായ വാദങ്ങൾ ഉന്നയിച്ച് മതത്തെ എതിർത്തു എന്നല്ലാതെ ശാസ്ത്രസാങ്കേതിക രംഗത്ത് അഭിനന്ദനാർഹമായ ഒരു സംഭാവനയും അർപിക്കുകയുണ്ടായില്ല.

ചൂഷിത വർഗമായ തൊഴിലാളിവർഗത്തെ മുതലാളിത്തത്തിന്റെ കരാള ഹസ്തങ്ങളിൽ നിന്ന് മോചിപ്പിക്കാൻ ഉയർന്നുവന്ന പ്രത്യയശാസ്ത്രമായിരുന്നു മാർക്സിസം. മുതലാളിത്തത്തെ നിഷ്കാസനം ചെയ്യുക എന്ന ലക്ഷ്യത്തോട് കൂടി ഉയർന്നുവന്ന മാർക്സിസം പച്ചപിടിച്ച രാജ്യങ്ങളിലെല്ലാം തന്നെ പക്ഷേ, മുതലാളിത്തം ശക്തി പ്രാപിക്കുകയോ തൊഴിലാളികൾ കൂടുതൽ ചൂഷണം ചെയ്യപ്പെടുകയോ ചെയ്തു. മാർക്സിസത്തിന്റെ കടന്നുവരവോടു കൂടി രക്തരൂക്ഷിതമായ ഒരു കാലഘട്ടത്തിന് ലോകം സാക്ഷ്യം വഹിച്ചു. അഞ്ച് കോടിയോളം മനുഷ്യർ കൊല്ലപ്പെട്ടു. മാർക്സിയൻ ദർശനം പടുത്തയർത്തപ്പെട്ടത് പൂർണമായും നിരീശ്വരവാദത്തിന്റെ അടിസ്ഥാനത്തിലായിരുന്നു. തങ്ങളുടെ ആശയങ്ങളുമായും ആദർശങ്ങളുമായും വിയോജിപ്പ് പ്രകടിപ്പിച്ച എല്ലാത്തിനെയും അവർ അടിച്ചമർത്തി.




**വൈരുധ്യാത്മക ഭൗതികവാദ തത്ത്വങ്ങളെ പാടെ നിരാകരിച്ചുകൊണ്ടാണ് ക്വാണ്ടം മെക്കാനിക്സ് എന്ന ശാസ്ത്രശാഖ ഉയർന്നുവന്നത്. മാക്സ് പ്ലാങ്കിന്റെ ആശയങ്ങളെ ആൽബർട്ട് ഐൻസ്റ്റീൻ ഏറ്റുപിടിച്ചതോടു കൂടി ക്വാണ്ടം മെകാനിക്സ് ശാസ്ത്രലോകത്ത് ചിരപ്രതിഷ്ഠ നേടി. വിശിഷ്ട ആപേക്ഷികതയും സാമാന്യ ആപേക്ഷികതയും ഐൻസ്റ്റീൻ അവതരിപ്പിച്ചതോട് കൂടി ശാസ്ത്രലോകം കിടുങ്ങുക തന്നെ ചെയ്തു. അക്കാലം വരെ ഉണ്ടായിരുന്ന ശാസ്ത്രലോകത്തിന്റെ ധാരണകളെയെല്ലാം ഐൻസ്റ്റീൻ കീഴ്മേൽ മറിച്ചു.**

**സോവിയറ്റ് റഷ്യയിൽ ക്വാണ്ടം മെക്കാനിക്സ്, ആപേക്ഷിക താസിദ്ധാന്തം എന്നിവക്കെല്ലാം നിരോധനം ഏർപെടുത്തി. തീർത്തും അശാസ്ത്രീയമായ സിദ്ധാന്തങ്ങൾ സോവിയറ്റ് ശാസ്ത്രജ്ഞർ നിർമിച്ചെടുത്തു. വൈരുധ്യാത്മിക ഭൗതികവാദവുമായി യോജിച്ചു പോകുന്ന ശാസ്ത്രം വളർത്തുക എന്നതായിരുന്നു അവരുടെ ലക്ഷ്യം. ജീനുകളിലൂടെയാണ് ജീവികളുടെ പാരമ്പര്യ സ്വഭാവങ്ങൾ കൈമാറ്റം ചെയ്യപ്പെടുന്നത് എന്ന ആശയം പ്രകൃതി നിർധാരണ സിദ്ധാന്തവുമായി ഒത്തുപോകുന്നില്ല എന്ന് മനസ്സിലായതോടെയാണ് ജനിതക ശാസ്ത്രവും നിരോധിക്കപ്പെട്ടു.**

വൈരുധ്യാത്മക ഭൗതികവാദ തത്ത്വങ്ങളെ പാടെ നിരാകരിച്ചുകൊണ്ടാണ് ക്വാണ്ടം മെക്കാനിക്സ് എന്ന ശാസ്ത്രശാഖ ഉയർന്നുവന്നത്. മാക്സ് പ്ലാങ്കിന്റെ ആശയങ്ങളെ ആൽബർട്ട് ഐൻസ്റ്റീൻ ഏറ്റുപിടിച്ചതോടു കൂടി ക്വാണ്ടം മെകാനിക്സ് ശാസ്ത്രലോകത്ത് ചിരപ്രതിഷ്ഠ നേടി. വിശിഷ്ട ആപേക്ഷികതയും സാമാന്യ ആപേക്ഷികതയും ഐൻസ്റ്റീൻ അവതരിപ്പിച്ചതോട് കൂടി ശാസ്ത്രലോകം കിടുങ്ങുക തന്നെ ചെയ്തു. അക്കാലം വരെ ഉണ്ടായിരുന്ന ശാസ്ത്രലോകത്തിന്റെ ധാരണകളെയെല്ലാം ഐൻസ്റ്റീൻ കീഴ്മേൽ മറിച്ചു. ഐൻസ്റ്റീന്റെ തത്ത്വങ്ങളുടെ അടിസ്ഥാനത്തിൽ പ്രപഞ്ചം ചുരുങ്ങുകയോ വികസിക്കുകയോ ചെയ്യേണ്ടതാണെന്ന് ഫ്രീഡ്മാൻ കണ്ടെത്തി. ഒരു പ്രാപഞ്ചിക സ്ഥിരാങ്കം (Cosmological Constant) തന്റെ സിദ്ധാന്തത്തിന്റെ സമീകരണത്തിൽ ഉൾപെടുത്തിക്കൊണ്ട് ഐൻസ്റ്റീൻ ഈ പ്രശ്നത്തിന് പരിഹാരം കണ്ടെത്തി. ഒരു അചര പ്രപഞ്ച സിദ്ധാന്തത്തിലുള്ള വിശ്വാസം അത്രമേൽ അക്കാലത്ത് ശക്തമായിരുന്നു. എന്നാൽ അധികം വൈകാതെ മഹാനായ ശാസ്ത്രജ്ഞൻ എഡ്വിൻ പി. ഹബ്ബിൾ ഈ പ്രപഞ്ചം വികസിക്കുന്നു എന്ന് കണ്ടെത്തി. മനുഷ്യന്റെ പ്രപഞ്ചസങ്കൽപം തകിടം മറിഞ്ഞു.

വികസിക്കുന്ന പ്രപഞ്ചത്തിന് ഒരു തുടക്കം അനിവാര്യമാണ് എന്നുള്ളത് കൊണ്ട് തന്നെ ദൈവാസ്തിത്വത്തിലേക്കുള്ള ചൂണ്ടുപലകയായി മാറി പുതിയ കണ്ടുപിടുത്തം. ക്വുർആൻ മുന്നോട്ട് വെക്കുന്ന പ്രപഞ്ചസൃഷ്ടിയുമായി നൂറ് ശതമാനം പൊരുത്തപ്പെടുന്നതായിരുന്നു പുതിയ കണ്ടുപിടുത്തം. തനിക്ക് ജീവിതത്തിൽ സംഭവിച്ച ഏറ്റവും വലിയ അമളിയായിരുന്നു പ്രാപഞ്ചിക സ്ഥിരാങ്കം എന്ന് ഐൻസ്റ്റീൻ പറയുകയുണ്ടായി. എന്നാൽ തങ്ങളുടെ വിശ്വാസങ്ങൾക്ക് എതിരെയുള്ള കനത്ത പ്രഹരമാണ് പുതിയ കണ്ടുപിടുത്തമെന്ന് മനസ്സിലാക്കിയ നിരീശ്വരവാദികൾ അതിനെതിരെ രംഗത്ത് വന്നു. തെളിവുകളുടെ അഭാവം കൊണ്ട് ശാസ്ത്രലോകത്ത് എക്കാലങ്ങളിലും തർക്കവിതർക്കങ്ങൾ ഉണ്ടായിട്ടുണ്ട്. എന്നാൽ ശക്തമായ തെളിവുകൾ ലഭിച്ചിട്ട് കൂടി തങ്ങളുടെ വിശ്വാസങ്ങൾക്കും ആശയങ്ങൾക്കും വിരുദ്ധമാണ് എന്ന ഒറ്റ കാരണത്താൽ അവർ വികസിക്കുന്ന പ്രപഞ്ചം എന്ന ആശയത്തെ എതിർത്തു. സോവിയറ്റ് റഷ്യയിൽ ക്വാണ്ടം മെക്കാനിക്സ്, ആപേക്ഷികതാസിദ്ധാന്തം എന്നിവക്കെല്ലാം നിരോധനം ഏർപെടുത്തി. തീർത്തും അശാസ്ത്രീയമായ സിദ്ധാന്തങ്ങൾ സോവിയറ്റ് ശാസ്ത്രജ്ഞർ നിർമിച്ചെടുത്തു. വൈരുധ്യാത്മിക ഭൗതികവാദവുമായി യോജിച്ചു പോകുന്ന ശാസ്ത്രം വളർത്തുക എന്നതായിരുന്നു അവരുടെ ലക്ഷ്യം. ഇത് പോലെ ജനിതക ശാസ്ത്രവും നിരോധിക്കപ്പെട്ടു. ജീനുകളിലൂടെയാണ് ജീവികളുടെ പാരമ്പര്യ സ്വഭാവങ്ങൾ കൈമാറ്റം ചെയ്യപ്പെടുന്നത് എന്ന ആശയം പ്രകൃതി നിർധാരണ സിദ്ധാന്തവുമായി ഒത്തുപോകുന്നില്ല എന്ന് മനസ്സിലായതോടെയാണ് നിരോധിക്കപ്പെട്ടത്. ഒട്ടേറെ ശാസ്ത്ര പ്രതിഭകൾ പീഡിപ്പിക്കപ്പെട്ടു. ലിസെൻകോയുടെ നേതൃത്വത്തിൽ മാർക്സിയൻ തത്ത്വങ്ങൾക്ക് പിൻബലമേകുന്ന തരത്തിലുള്ള ശാസ്ത്ര ഗവേഷണങ്ങൾ ഉയർന്ന് വന്നു. ജനിതക ശാസ്ത്രം ബൂർഷ്വാ ശാസ്ത്രമെന്ന് മുദ്ര കുത്തപ്പെട്ടു. ജനിതക ശാസ്ത്രം പാഠപുസ്തകങ്ങളിൽ നിന്ന് നീക്കം ചെയ്തു. പാവ്ലോവിന്റെ ആശയങ്ങളുമായി പൊരുത്തപ്പെടാത്ത ഗവേഷണ ഫലങ്ങൾ പ്രസിദ്ധീകരിച്ച ശാസ്ത്രജ്ഞരെ സ്റ്റാലിന്റെ പിന്തുണയോട് കൂടി പീഡിപ്പിക്കുകയും ഗവേഷണം അടിച്ചമർത്തുകയും ചെയ്തു. പാവ്ലോവിന്റെ ആശയങ്ങളോട് വിയോജിപ്പുള്ള ശാസ്ത്ര ശാഖയായിരുന്നു സൈബർനെറ്റിക്സ്. കമ്പ്യൂട്ടർ സാങ്കേതികരംഗത്ത് ഏറെ പ്രാധാന്യം അർഹിക്കുന്ന സൈബർനെറ്റിക്സ് പാവ്ലോവിന്റെ ആശയങ്ങളോട് വിയോജിപ്പ് പുലർത്തുന്നു എന്ന കാരണത്താൽ റഷ്യയിൽ നിരോധിക്കപ്പെട്ടു. നിക്കോലായി യാക്കൊവ്ലെയിച് മുന്നോട്ട് വെച്ച ഭാഷാസിദ്ധാന്തം മാർക്സിയൻ തത്ത്വങ്ങൾക്ക് വിരുദ്ധമാണ് എന്ന കാരണത്താൽ അവ നിരോധിക്കുകയും അടിച്ചമർത്തപ്പെടുകയും ചെയ്തു.

**(അവസാനിച്ചില്ല)**

ശബീബ് സ്വലാഹി
mail@nerpatham.com

ലേഖനം



# ഇദ്ദ അഥവാ ദീക്ഷാകാലം

മരണമോ വിവാഹ മോചനമോ മൂലം ഭർത്താവുമായി പിരിയേണ്ടി വരുമ്പോൾ പുനർവിവാഹം നടത്താതെ ഒരു സ്ത്രീ കാത്തിരിക്കേണ്ട നിശ്ചിത കാലഘട്ടമാണ് ദീക്ഷാകാലം (ഇദ്ദ) എന്നത്കൊണ്ട് വിവക്ഷിക്കപ്പെടുന്നത്. ഭർത്താവ് മരണപ്പെടുകയോ, വിവാഹമോചനം നടക്കുകയോ ചെയ്യുന്ന സാഹചര്യത്തിൽ ഒരോ സ്ത്രീയും നിർബന്ധമായും ഇദ്ദഃ അനുഷ്ഠിക്കണമെന്ന് വിശുദ്ധ ക്വുർആനും നബിചര്യയും പഠിപ്പിക്കുന്നുണ്ട്. അത്തരം സാഹചര്യത്തിൽ ഒരു സ്ത്രീ ബോധപൂർവം ഇദ്ദ ആചരിക്കൽ ഉപേക്ഷിച്ചാൽ അവർ തെറ്റുകാരിയാണ്, പാപമോചനം നടത്തൽ നിർബന്ധവുമാണ്.

**ഇദ്ദയുടെ ലക്ഷ്യങ്ങൾ.**

ഇദ്ദയുടെ ലക്ഷ്യങ്ങൾ പലതാണ്. അതിൽ പ്രധാനപ്പെട്ടവ കാണുക:

1. പ്രഥമവും പ്രധാനവുമായി അല്ലാഹുവിനെ അനുസരിക്കേണ്ടവരാണ് അവന്റെ അടിമകൾ. മരണം, വിവാഹമോചനം എന്നിവയ്ക്കനുബന്ധമായി വിശ്വാസിനിയുടെ അനുസരണ പ്രഖ്യാപനമാണ് ഇദ്ദയിലൂടെ നടപ്പിലാക്കുന്നത്.

2. മരണമോ വിവാഹ മോചനമോ മൂലം ഭർത്താവുമായി പിരിയേണ്ടി വരുമ്പോൾ അദ്ദേഹത്തിൽ നിന്നും താൻ ഗർഭിണിയാണോ എന്ന് തിരിച്ചറിയുവാനും, അതിലൂടെ ജനിക്കുന്ന കുഞ്ഞിന് തന്റെ പിതാവിൽ നിന്നും ലഭിക്കേണ്ട അവകാശങ്ങൾ ഹനിക്കപ്പെടാതിരിക്കുവാനും, കുലബന്ധത്തിന് തകർച്ച സംഭവിക്കാതിരിക്കാനും വേണ്ടി.

3. ഒന്നും രണ്ടും ത്വലാകുകളുടെ ഭാഗമായാണ് ഇദ്ദ അനുഷ്ഠിക്കുന്നതെങ്കിൽ ദമ്പതികൾക്ക് തങ്ങളിൽ നിന്നും സംഭവിച്ച വീഴ്ചകൾ തിരിച്ചറിഞ്ഞ് പരസ്പരം തിരുത്തുവാനും വിഛേദിക്കപ്പെട്ട ബന്ധം ഒന്നിപ്പിക്കുവാനുമുള്ള അവസരം ഉണ്ടാക്കൽ.

4. ബന്ധങ്ങൾ പവിത്രമാണെന്നും വിവാഹവും വിവാഹമോചനവും കളിതമാശയല്ലെന്നും ബോധ്യപ്പെടുത്തൽ.

5. തനിക്ക് അല്ലാഹു നൽകിയ, അവന്റെ അനുഗ്രഹമായ തന്റെ ഇണ നഷ്ടപ്പെടുമ്പോൾ ഒരു ഇണക്ക് ദുഃഖമുണ്ടാകുക മനുഷ്യസഹചമാണ്. ആ ദുഃഖം ഏറ്റവും മാന്യമായി ആചരിക്കാനുള്ള അവസരം ഒരുക്കുക എന്നതും ഇദ്ദയുടെ ലക്ഷ്യങ്ങളിൽ പെട്ടതാണ്.

**വിധവയും ദീക്ഷാകാലഘട്ടങ്ങളും**

വിധവകളുടെ സാഹചര്യം വ്യത്യാസപ്പെടുന്നതിനനുസൃതമായി ഇദ്ദയുടെ കാലയളവിലും മാറ്റങ്ങൾ സംഭവിക്കുന്നതാണ്. സാധാരണ ഗതിയിൽ നാലുമാസവും പത്ത് ദിവസവുമാണ് വിധവകൾ ഇദ്ദ അനുഷ്ഠിക്കേണ്ടത്.

വിശുദ്ധ ക്വുർആൻ പറയുന്നു; “നിങ്ങളിൽ ആരെങ്കിലും തങ്ങളുടെ ഭാര്യമാരെ വിട്ടേച്ചുകൊണ്ട് മരണപ്പെടുകയാണെങ്കിൽ അവർ (ഭാര്യമാർ) തങ്ങളുടെ കാര്യത്തിൽ നാലു മാസവും പത്തു ദിവസവും കാത്തിരിക്കേണ്ടതാണ്”(ക്വുർആൻ 2:234).

ഭർത്താവ് മരണപ്പെടുന്ന സമയത്ത് ആർത്തവാവസ്ഥയിലുള്ളവരോ, ഗർഭിണികൾ അല്ലാത്തവരോ, പ്രായാധിക്യം കാരണത്താൽ ആർത്തവം നിലച്ചവരോ ആയ സ്ത്രീകൾ, വിവാഹ ശേഷം ലൈംഗിക ബന്ധത്തിൽ ഏർപ്പെടുന്നതിനു മുമ്പ് തന്നെ ഭർത്താവ് മരണപ്പെട്ടവർ എന്നിവർ ഈ വിധിയുടെ പരിധിയിൽ വരുന്നവരാണ്.

വഴക്കോ വക്കാണമോ മൂലം ഭർത്താവുമായി നിലവിൽ ബന്ധമില്ല. എന്നാൽ അവർ തമ്മിൽ വിവാഹ മോചനം നടന്നിട്ടുമില്ല. ഇത്തരം സാഹചര്യത്തിൽ വിധവയാകേണ്ടി വരുന്നവരും നാല് മാസവും പത്ത് ദിവസവും ഇദ്ദ അനുഷ്ഠിക്കേണ്ടാണ്.

എന്നാൽ ഭർത്താവ് മരണപ്പെടുമ്പോൾ ഒരു സ്ത്രീ ഗർഭിണിയാണെങ്കിൽ പ്രസവിക്കുന്നത്വരെയാണ് അവളുടെ ഇദ്ദ കാലയളവ്. ഭർത്താവ് മരണപ്പെട്ട അടുത്ത സമയത്ത് തന്നെ അവൾ പ്രസവിച്ചാലും അവളുടെ ഇദ്ദ പ്രസവത്തോടെ അവസാനിക്കുന്നതാണ്. ഇത് സഅദ്ബ്നു ഖൗല(റ)വിന്റെ ഭാര്യയായിരുന്ന സുബൈഅത്തുൽ അസ്ലമിയ്യയുടെ സംഭവത്തിൽ നിന്നും വ്യക്തമാണ്. ഇമാം ബുഖാരി തന്റെ സ്വഹീഹിൽ ഉദ്ധരിച്ച ഹദീഥിന്റെ സംക്ഷിപ്ത രൂപം കാണുക.

സഅദ്(റ) മരണപ്പെട്ട് കുറഞ്ഞ ദിവസങ്ങൾക്കുള്ളിൽ അദ്ദേഹത്തിന്റെ ഭാര്യയായിരുന്ന സുബൈഅ(റ) പ്രസവിച്ചു. അതിനുശേഷം സുബൈഅ(റ) പുനർ വിവാഹത്തിന് തയ്യാറായി. നാലു മാസവും പത്ത് ദിവസവും ഇദ്ദ അനുഷ്ഠിക്കാത്ത കാരണത്താൽ ബനുദ്ദാർ ഗോത്രത്തിൽപെട്ട ബഅകകിന്റെ മകൻ അബൂസനാബിൽ സുബൈഅ(റ)യെ കുറ്റപ്പെടുത്തി സംസാരിച്ചു. തദവസരിത്തിൽ സുബൈഅ(റ) നബി(ﷺ) യുടെ അടുക്കൽ ചെല്ലുകയും പ്രസ്തുത വിഷയത്തിലുള്ള മതവിധി തേടുകയും ചെയ്തു. അപ്പോൾ നബി(ﷺ) തന്നോട് പറഞ്ഞത് തന്റെ വാക്കിലൂടെ സുബൈഅ(റ) വ്യക്തമാക്കുന്നു: “ഞാൻ പ്രസവിച്ചതോടെ എന്റെ ഇദ്ദ അവസാനിച്ചു. എന്നോട് നബി(ﷺ) വിവാഹം ചെയ്യാൻ കൽപിക്കുകയും ചെയ്തു.”

ഒരാൾ വിദേശത്തോ മറ്റോ വെച്ച് മരണപ്പെടുകയും ആ വിവരം നാട്ടിലറിയാതെ പോകുകയും ചെയ്തു. ഏറെ കാലത്തിനു ശേഷമാണ് മരണവാർത്ത അറിഞ്ഞതെങ്കിൽ അത്തരം സാഹചര്യത്തിൽ അയാളുടെ ഭാര്യ ഇദ്ദ അനുഷ്ഠിക്കേണ്ടതില്ല. ഇനി ഇദ്ദയുടെ കാലയളവ് തീരുന്നതിന് മുമ്പായി ആ വാർത്ത അറിയുകയാണെങ്കിൽ അതിൽ നിന്നും അവശേഷിക്കുന്ന ദിവസം അവൾ ഇദ്ദ അനുഷ്ഠിക്കേണ്ടതാണ്. നഷ്ടപ്പെട്ട ദിവസങ്ങൾ പിന്നീട് വീണ്ടെടുക്കേണ്ടതുമില്ല.

അകാരണമായി ആർത്തവവിരാമം ഉണ്ടാകുകയും ആർത്തവവിരാമത്തിന്റെ കാരണം അറിയാതെ പോകുകയും ചെയ്യുന്ന സാഹചര്യങ്ങൾ വിരളമായെങ്കിലും ചില സ്ത്രീകളിൽ കണ്ടുവരാറുണ്ട്. അത്തരം അവസ്ഥയിൽ ഒരു സ്ത്രീയുടെ ഭർത്താവ് മരണപ്പെടുകയാണെങ്കിൽ അവൾ ചന്ദ്രമാസ പ്രകാരം ഒരു വർഷം ഇദ്ദ അനുഷ്ഠിക്കേണ്ടതാണ്. മുലയൂട്ടൽ, രോഗം മുതലായ കാരണങ്ങളാൽ താൽകാലികമായി ആർത്തവം നിലച്ച അവസ്ഥയിലാണ് ഒരു സ്ത്രീ വിധവയാകുന്നതെങ്കിൽ നാലുമാസവും പത്ത് ദിവസവും തന്നെയാണ് ഇദ്ദ അനുഷ്ഠിക്കേണ്ടത്. അതിനിടയിൽ അവൾക്ക് മാസമുറ ഉണ്ടായില്ലെങ്കിൽ അവൾ ആർത്തവകാരിയാകുന്നത് വരെ ഇദ്ദ അനുഷ്ഠിക്കേണ്ടതാണ്.

പ്രസ്തുത വിഷയത്തിൽ മഹാന്മാരായ ഉമർ(റ), ഉഥ്മാൻ(റ), അലി(റ) എന്നിവർ ഇപ്രകാരമാണ് വിധി പ്രസ്താവിച്ചത്.

**വിവാഹമോചിത ഇദ്ദ അനുഷ്ഠിക്കുന്നതിനിടയിൽ ഭർത്താവ് മരണപ്പെട്ടാൽ**

ഒന്നാമത്തെയോ രണ്ടാമത്തെയോ ത്വലാഖ് (വിവാഹ മോചനം) ചൊല്ലപ്പെടുകയും അതിന്റെ ഇദ്ദ അനുഷ്ഠിക്കപ്പെടുകയും ചെയ്യുന്ന അവസരത്തിലാണ് ഭർത്താവ് മരണപ്പെടുന്നത് എങ്കിൽ മരണപ്പെട്ട നിമിഷം മുതൽ നാലുമാസവും പത്ത് ദിവസവും വിധവ എന്ന നിലയിൽ സ്ത്രീ ദീക്ഷാകാലം അനുഷ്ഠിക്കണം.

അവൾ ഗർഭിണിയാണെങ്കിൽ പ്രസവിക്കുന്നത് വരെയാണ് ദീക്ഷാകാലയളവ്. അവൾ ഭർത്താവിൽ നിന്നുള്ള അനന്തരസ്വത്തിന് അർഹയുമാണ്. എന്നാൽ മൂന്നാമത്തെ ത്വലാഖിന്റെ ഇദ്ദ അനുഷ്ഠിക്കുന്ന അവസരത്തിലാണ് ഭർത്താവ് മരണപ്പെടുന്നതെങ്കിൽ അവൾ വിധവ എന്നനിലക്ക് ദീക്ഷാകാലം അനുഷ്ഠിക്കേണ്ടതില്ല. അവൾ ഭർത്താവിന്റെ സ്വത്തിൽ നിന്നും അനന്തരമെടുക്കുകയുമില്ല.

**ഇദ്ദയുടെ മര്യാദകൾ**

ഇദ്ദയുമായി ബന്ധപ്പെട്ട് ഇസ്‌ലാം പഠിപ്പിക്കാത്ത ധാരാളം നിബന്ധനകളും ദുരാചാരങ്ങളും നമ്മുടെ നാടുകളിൽ ആചരിക്കപ്പെടാറുണ്ട്. ഇദ്ദ ഒരു ആരാധനയായതുകൊണ്ടുതന്നെ ഇസ്‌ലാം പഠിപ്പിക്കാത്ത ഒരു കാര്യവും ഇദ്ദയുമായി കൂട്ടിച്ചേർക്കാൻ പാടുള്ളതല്ല. അത് ബിദ്അത്തായി (പുത്തനാചാരം) ഗണിക്കപ്പെടുന്നതായിരിക്കും. തൽഫലമായി പ്രതിഫലത്തിനു പകരം ശിക്ഷയായിരിക്കും നൽകപ്പെടുക.

ഭർത്താവിന്റെ മരണം സംഭവിക്കുന്നതോടെയാണ് വിധവയുടെ ഇദ്ദ ആരംഭിക്കുന്നത്. പലപ്പോഴും നമ്മുടെ നാടുകളിൽ മയ്യിത്ത് വീട്ടിൽ നിന്ന് ഇറക്കിയതിനുശേഷമോ മറമാടപ്പെട്ടതിനുശേഷമോ ആണ് സാധാരണഗതിയിൽ ഇദ്ദ തുടങ്ങാറുള്ളത്. ഇത് ശരിയായ നിലപാടല്ല.

ഇദ്ദക്കു വേണ്ടി പ്രത്യേകം കുളിക്കാവുന്നതാണ്. പ്രത്യേക നിറത്തിലുള്ള വസ്ത്രം ഇദ്ദാനുഷ്ഠാന കാലയളവിൽ സ്ത്രീകൾക്ക് ധരിക്കാവുന്നതുമാണ്. എന്നാൽ ഭംഗിയുള്ളതും തന്റെ ശരീരഭംഗിയെ വർധിപ്പിക്കുകയും ചെയ്യുന്ന വസ്ത്രമോ മറ്റു വസ്തുക്കളോ ഇദ്ദയുടെ കാലയളവിൽ സ്ത്രീ ഉപയോഗിക്കരുതെന്ന് നബിﷺ പറഞ്ഞിട്ടുണ്ട്.

ഉമ്മുസലമ(റ)യിൽ നിന്നും നിവേദനം: നബിﷺ പറഞ്ഞു: "ഭർത്താവ് മരണപ്പെട്ട സ്ത്രീ (ഇദ്ദയുടെ കാലയളവിൽ) മഞ്ഞ, ചുവപ്പ് നിറങ്ങളിലുള്ള (ഭംഗിയുള്ള) വസ്ത്രങ്ങൾ അണിയുകയോ ആഭരണങ്ങൾ ധരിക്കുകയോ മൈലാഞ്ചി ഉപയോഗിക്കുകയോ സുറുമ ഉപയോഗിക്കുകയോ (കണ്ണെഴുതുക) ചെയ്യരുത്" (അബൂദാവൂദ്).

അതുപോലെ പരിമളം പരത്തുന്ന എണ്ണകൾ, മറ്റു സുഗന്ധവസ്തുക്കൾ എന്നിവ പ്രസ്തുത കാലയളവിൽ സ്ത്രീകൾ വർജിക്കേണ്ടതാണ്. കൂടുതൽ സമയം സുഗന്ധം തങ്ങിനിൽക്കാത്ത സോപ്പ്, ഷാമ്പൂ പോലുള്ള വസ്തുക്കൾ ഉപയോഗിച്ച് കുളിക്കുന്നത് വിരോധിക്കപ്പെട്ട കാര്യമല്ല എന്നാണ് ആധുനികരായ പണ്ഡിതന്മാരുടെ അഭിപ്രായം.

വിധവകൾ ഇദ്ദ അനുഷ്ഠിഷ്ഠിക്കേണ്ടത് അവരുടെ ഭർതൃഗൃഹങ്ങളിലാണ്. മതപരവും ശാരീരികവുമായ നിർഭയത്വം നഷ്ടപ്പെടുന്നതുവരെ ഭർതൃഗൃഹം ഉപേക്ഷിച്ച് മറ്റു ഭവനങ്ങളിൽ ഇദ്ദ അനുഷ്ഠിക്കുന്നത് ഇസ്‌ലാമികമായി തെറ്റാകുന്നു. ഇമാം അബൂദാവൂദ് ഉദ്ദരിച്ച ഒരു ഹദീഥിന്റെ സംക്ഷിപ്ത രൂപം കാണുക.

ഫരീഅ ബിൻത് മാലിക്(റ)യുടെ ഭർത്താവ് നബിﷺയുടെ കാലത്ത് കൊല്ലപ്പെടുകയുണ്ടായി. തന്റെ സഹോദരന്മാരുടെ വീട്ടിൽ ഇദ്ദ അനുഷ്ഠിക്കാനുള്ള അനുവാദം നബിയോട് മഹതി ചോദിച്ചു. ആദ്യം നബിﷺ അനുവാദം നൽകി. മഹതി തിരിച്ചുപോകുമ്പോൾ നബിﷺ അവരെ വിളിക്കുകയും ഇദ്ദയുടെ കാലം അവസാനിക്കുന്നതുവരെ തന്റെ (ഭർത്താവിന്റെ) വീട്ടിൽ തന്നെ താമസിക്കുവാൻ ആവശ്യപ്പെട്ടു. അതുപ്രകാരം നാലുമാസവും പത്തുദിവസവും മഹതി അവരുടെ ഭർത്താവിന്റ വീട്ടിൽ തന്നെ ഇദ്ദയനുഷ്ഠിക്കുകയുണ്ടായി.

ആരാധനാകർമങ്ങൾ നിർവഹിക്കുവാനായി ഇദ്ദാകാലയളവിൽ പള്ളികളിലേക്കും മറ്റും പോകൽ അനുചിതമാണ്. പ്രസ്തുത കാലയളവിൽ ഹജ്ജ്, ഉംറ കർമങ്ങൾ നിർവഹിക്കാനായി പുറപ്പെടലും നിഷിദ്ധമാണ്. എന്നാൽ, ചികിത്സപോലുള്ള അത്യാവശ്യ ഘട്ടങ്ങളിൽ വീട്ടിൽ നിന്നും പുറത്ത് പോകുന്നത് വിലക്കപ്പെട്ട കാര്യമല്ല. പഠനം, പരീക്ഷയിൽ പങ്കെടുക്കുക മുതലായ കാര്യങ്ങൾക്ക് ഇദ്ദയുടെ മര്യാദകൾ പാലിച്ച് കൊണ്ട് പുറത്ത് പോകുന്നത് വിരോധിക്കപ്പെടേണ്ട കാര്യമില്ല എന്ന പണ്ഡിതാഭിപ്രായമാണ് പ്രസ്തുത വിഷയത്തിലെ ശരിയായ നിലപാട്.

ദീക്ഷാകാലം കഴിയുന്നതിന് മുമ്പ് വിധവയെ മറ്റൊരാൾ വിവാഹം ചെയ്യുന്നത് വിലക്കപ്പെട്ട (ഹറാം) കാര്യമാണ്. അത്തരം സാഹചര്യങ്ങളിൽ നടന്ന വിവാഹങ്ങൾ ഇസ്‌ലാമിക ദൃഷ്ടിയിൽ അസാധുവാണ്. അത്തരത്തിൽ വിവാഹിതരായവർ പശ്ചാത്തപിക്കുകയും അവരുടെ വിവാഹ ബന്ധം തുടരണമെങ്കിൽ ദീക്ഷാകാലത്തിനു ശേഷം പുതിയ വിവാഹം നടത്തുകയും ചെയ്യേണ്ടതുണ്ട്.

ദീക്ഷാകാലത്തും അല്ലാത്ത അവസ്ഥയിലും വിവാഹബന്ധം അനുവദനീയമായ പുരുഷന്മാരുമായി ഒരേ രൂപത്തിൽ തന്നെയാണ് സ്ത്രീകൾ ഇടപെടേണ്ടത്. ദീക്ഷാകാലയളവിൽ പ്രത്യേക സൂക്ഷ്മതയും അല്ലാത്ത സമയത്ത് പ്രത്യേക സ്വാതന്ത്ര്യവും ഇസ്‌ലാം നൽകുന്നില്ല എന്നും സൂചിപ്പിക്കേണ്ടതില്ലല്ലോ.

ഭർത്താവില്ലാത്ത ആരു മരണപ്പെട്ടാലും മൂന്ന് ദിവസത്തിൽ കൂടുതൽ ദുഃഖം ആചരിക്കാൻ മതം ഒരാൾക്കും അനുവാദം നൽകുന്നില്ല എന്നതും നബി വചനങ്ങൾ നമ്മെ പഠിപ്പിക്കുന്നുണ്ട്. മതത്തിന് അന്യമായ നാട്ടാചാരങ്ങളും കൂട്ടിച്ചേർക്കലുകളും ഇത്തരം കാര്യങ്ങളിലും വർജിക്കേണ്ടതുണ്ട്. അല്ലാത്ത പക്ഷം അത് കർമങ്ങളുടെ സ്വീകാര്യതയെ ബാധിക്കുമെന്ന് തിരിച്ചറിയുക. ●

ആശയ വിവർത്തനം

ബാലപഥം

റാഷിദ ബിൻത് ഉസ്മാൻ
AIWA കോളേജ് മോങ്ങം



# കുറ്റബോധം

അതൊരു റമദാൻ മാസമായിരുന്നു. നല്ല രുചികരമായ റൊട്ടി ലഭിക്കുന്ന ഒരു കടയുണ്ട് ഗ്രാമത്തിൽ. നോമ്പ് തുറക്കാൻ സമയമാകുമ്പോഴേക്കും ഉമ്മ ആ കടയിലേക്ക് റൊട്ടി വാങ്ങാൻ പറഞ്ഞയച്ചതാണ് നൗഫലിനെ. അവിടെ ചെന്നപ്പോൾ പതിവുപോലെ വലിയ തിരക്ക്. ആളുകൾ വരിയായി നിൽക്കുകയാണ്. നൗഫലും വരിയിൽ നിൽപായി.

നോമ്പ് തുറക്കാനുള്ള സമയമായിത്തുടങ്ങി. ആളുകൾ അക്ഷമരായി പിറുപിറുക്കാനും തുടങ്ങി.

"ഇയാൾക്കെന്താ കൂടുതൽ ജോലിക്കാരെ കടയിൽ നിർത്തിക്കൂടേ? രണ്ടുമൂന്ന് ആളുകളെക്കൊണ്ട് എങ്ങനെ എത്തിക്കൂടും...?" വരിയിൽ നിൽക്കുന്ന ഒരു വൃദ്ധൻ ആരോടെന്നില്ലാതെ പറഞ്ഞു.

റൊട്ടിയുണ്ടാക്കുവാൻ രണ്ടു ജോലിക്കാരാണ് കടയിലുള്ളത്. വിതരണം ചെയ്യുവാനും കാശ് വാങ്ങുവാനും കടയുടമ മാത്രം. ആവശ്യക്കാർക്ക് റൊട്ടി എടുത്തുകൊടുക്കുവാനും കാശ് എണ്ണി വാങ്ങുവാനും ബാക്കി നൽകുവാനുമൊക്കെ തിരക്കിനിടയിൽ അയാൾ നന്നായി ബുദ്ധിമുട്ടുന്നുണ്ട്.

ഒടുവിൽ നൗഫലിന്റെ ഊഴമെത്തി. അവൻ കൊടുത്ത നോട്ട് വാങ്ങി കടയുടമ ബാക്കി നൽകി. നൗഫൽ അത് എണ്ണി നോക്കി. അൽപം അധികമുണ്ട്. അവൻ ഒന്നു സംശയിച്ചുകൊണ്ട് അയാളുടെ മുഖത്തേക്ക് നോക്കി.

"ഉം... എന്താ? വല്ല പ്രശ്നവും...?" കടയുടമ ചോദിച്ചു.

"ഹേയ്...ഒന്നുമില്ല" എന്ന് പറഞ്ഞുകൊണ്ട് നൗഫൽ വീട്ടിലേക്ക് തിരിച്ചു.

രാത്രി കിടന്നപ്പോൾ അവന് ഉറക്കം വന്നില്ല. ആകെയൊരു അസ്വസ്ഥത. കുറ്റബോധം മനസ്സിൽ വല്ലാത്തൊരു നീറലായി പടരുന്നു.

"നീ എന്തുകൊണ്ട് ആ കാശ് തിരിച്ചുകൊടുത്തില്ല? നിനക്ക് അർഹതപ്പെടാത്തതല്ലേ അത്?" എന്ന് ആരോ നിരന്തരമായി ചോദിച്ചുകൊണ്ടിരിക്കുന്നതു പോലെ അവന് അനുഭവപ്പെട്ടു.

ഉമ്മയോട് ഇപ്പോൾ തന്നെ എല്ലാം തുറന്നു പറഞ്ഞാലോ? വേണ്ട! ഉമ്മ ഇതറിഞ്ഞാൽ ദേഷ്യപ്പെടും. കുറ്റപ്പെടുത്തും. അങ്ങനെ ആ രാത്രി നൗഫൽ ഉറക്കമില്ലാതെ കഴിച്ചുകൂട്ടി.

രാവിലെ തീയതി അറിയാൻ കലണ്ടറിലേക്ക് നോക്കിയപ്പോഴാണ് കലണ്ടറിൽ ഒരു പെട്ടിക്കോളത്തിൽ കൊടുത്തിരിക്കുന്ന പ്രവാചക വചനം അവന്റെ ശ്രദ്ധയിൽ പെട്ടത്. അത് ഇപ്രകാരമായിരുന്നു:

'പാപം എന്നാൽ നിന്റെ മനസ്സിൽ അസ്വസ്ഥതയുണ്ടാക്കുന്നതും മറ്റുള്ളവർ അറിയുന്നത് നീ ഇഷ്ടപ്പെടാത്തതുമാകുന്നു.'

നൗഫലിന്റെ മുഖം ചുവന്നു. മനസ്സിൽ സങ്കടം ഇരട്ടിച്ചു. നബിﷺ ഇപ്പറഞ്ഞത് തന്നെപ്പറ്റിയാണോ? ഇപ്പോൾ താൻ അനുഭവിക്കുന്നത് ഇതുതന്നെയല്ലേ? ഇനിയും താനിത് സഹിക്കേണ്ടതുണ്ടോ?

അവൻ ഉമ്മയെ സമീപിച്ച് കാര്യങ്ങളെല്ലാം വിശദീകരിച്ചു.

"സാരമില്ല മോനേ. തെറ്റ് ആർക്കും പറ്റും. അത് തിരുത്താനുള്ള മനസ്സാണ് പ്രധാനം. നീ നിന്റെ തെറ്റ് മനസ്സിലാക്കി. അല്ലാഹുവിനോട് പാപമോചനം തേടുക. നിന്റേതല്ലാത്ത കാശ് നീ അതിന്റെ ഉടമസ്ഥന് തിരിച്ചുകൊടുക്കുക" ഉമ്മ നൗഫലിനെ സമാധാനിപ്പിച്ചുകൊണ്ട് പറഞ്ഞു.

ഉമ്മ തന്നെ ശകാരിക്കുമെന്നും തന്നോട് ദേഷ്യപ്പെടുമെന്നും വിചാരിച്ചിരുന്ന നൗഫലിന് ഇത് കേട്ടപ്പോൾ സമാധാനമായി. ഉടനെ അവൻ കാശുമായി കടയിലേക്ക് ഓടി. കാശ് കടയുടമയെ ഏൽപിച്ച് ക്ഷമ ചോദിച്ചുകൊണ്ട് മടങ്ങുമ്പോൾ തന്റെ തലയിൽനിന്ന് വലിയൊരു ഭാരം ഇറക്കിവെച്ചതായി അവന് തോന്നി. ഇനിയൊരിക്കലും ഇങ്ങനെയൊരു തെറ്റ് ആവർത്തിക്കില്ലെന്ന് അവൻ പ്രതിജ്ഞയെടുത്തു.

പാലാറ മുഹമ്മദ് വളാഞ്ചേരി
mail@nerpatham.com



# സദുപദേശങ്ങൾ

രീതി: കെസ്സ്

സവിനയമീയൊരപേക്ഷയിലൂടെ ഉണർത്തുകയാണെന്നോർമിച്ചോ
സത്യാന്വേഷണ പാതയിലൂടെ ചലിക്കാനായ് പരിശീലിച്ചോ

സൽകർമങ്ങളുനുഷ്ഠിച്ചോ നീ ദുഷ്കർമങ്ങളുപേക്ഷിച്ചോ
സർവേശ്വരനായൊരുവൻ നമ്മെ നിരീക്ഷിക്കുന്നുണ്ടോർമിച്ചോ

സത്യത്തിൻ സന്ദേശമതേതാണെന്നൊരുവേള നിരീക്ഷിച്ചോ
സന്മാർഗികളുടെ പാതയതേതാണെന്നുമൊരൽപം ചിന്തിച്ചോ

ചിന്തിക്കാൻ പരിപാലകനേകിയ ബുദ്ധിയതൊന്നുപയോഗിച്ചോ
പിന്തിരിയാനുപദേശിക്കുന്ന പിശാചിനെയൊന്ന് നീ സൂക്ഷിച്ചോ


സ്രഷ്ടാവിന്റെ പരീക്ഷണമാണിഹ ജീവിതമെന്നാലോചിച്ചോ
സൃഷ്ടികളോടേറ്റം ഗുണകാംക്ഷയവന്നാണെന്നുമുറപ്പിച്ചോ

നശ്വരമായൊരു ലോകത്താണീജീവിതമെന്നാലോചിച്ചോ
ശാശ്വതമായൊരു ജീവിതമാ പരലോകത്താണെന്നോർമിച്ചോ

ജനനവും മരണവുമേകിയ റബ്ബിൻ കൽപനകൾ നീ മാനിച്ചോ
ജന്നാത്തും ജഹന്നവുമാ പരലോകത്താണെന്നോർമിച്ചോ

അജ്ഞയാലഹങ്കാരിയതായ് നീ മാറുന്നതിനെ സൂക്ഷിച്ചോ
വിജ്ഞാനങ്ങൾ നേടിയെടുക്കണമെന്ന് മനസ്സിലുറപ്പിച്ചോ

മതിവരുവോളം മഹിയിൽ ജീവിക്കാൻ കഴിയില്ലന്നോർമിച്ചോ
മഹ്ശറയിൽ ചോദ്യങ്ങൾക്കുത്തരമേകാനായ് പരിശീലിച്ചോ



ഹുസൈൻ സലഫി, ഷാർജ
hsalafi@gmail.com

ചരിത്രപഥം

# ആദ് സമുദായത്തിന്റെ പതനം: 2

**ഇ**സ്‌ലാമിക പ്രബോധനം നടത്തുന്നവരെ ഒറ്റപ്പെടുത്താനും ഇല്ലായ്മ ചെയ്യാനും എതിരാളികൾ ശ്രമിക്കുന്ന ഘട്ടത്തിൽ ദൃഢവിശ്വാസത്തോടെ മുഴുവൻ എതിർപ്പുകളെയും നേരിടേണ്ടവരാണ് സത്യവിശ്വാസികൾ.

ഹൂദ്عليه السلام തന്നോട് ശത്രുത കാണിച്ച പ്രബോധിത സമൂഹത്തിന് നൽകിയ മറുപടി നാം മനസ്സിലാക്കി. ഇതേ പ്രകാരത്തിലുള്ള മറുപടി നൂഹ്عليه السلامയും അദ്ദേഹത്തിന്റെ ജനതക്ക് നൽകിയത് ക്വുർആൻ നമുക്ക് പറഞ്ഞുതരുന്നുണ്ട്.

“(നബിയേ,) നീ അവർക്ക് നൂഹിനെപ്പറ്റിയുള്ള വിവരം ഓതിക്കേൾപിക്കുക. അദ്ദേഹം തന്റെ ജനതയോട് പറഞ്ഞ സന്ദർഭം: എന്റെ ജനങ്ങളേ, എന്റെ സാന്നിധ്യവും അല്ലാഹുവിന്റെ ദൃഷ്ടാന്തങ്ങളെപ്പറ്റിയുള്ള എന്റെ ഉദ്ബോധനവും നിങ്ങൾക്ക് ഒരു വലിയ ഭാരമായിത്തീർന്നിട്ടുണ്ടെങ്കിൽ അല്ലാഹുവിന്റെ മേൽ ഞാനിതാ ഭരമേൽപിച്ചിരിക്കുന്നു. എന്നാൽ നിങ്ങളുടെ കാര്യം നിങ്ങളും നിങ്ങൾ പങ്കാളികളാക്കിയവരും കൂടി തീരുമാനിച്ചുറപ്പിച്ചുകൊള്ളൂ. പിന്നെ നിങ്ങളുടെ കാര്യത്തിൽ (തീരുമാനത്തിൽ) നിങ്ങൾക്ക് ഒരു അവ്യക്തതയും ഉണ്ടായിരിക്കരുത്. എന്നിട്ട് എന്റെ നേരെ നിങ്ങൾ (ആ തീരുമാനം) നടപ്പിൽ വരുത്തൂ. എനിക്ക് നിങ്ങൾ ഇടതരികയേ വേണ്ട” (10:71).

അല്ലാഹുവിന്റെ മാർഗത്തിൽ ജീവിക്കുന്ന ഒരു വിശ്വാസിക്ക് എന്ത് പ്രതികൂല സാഹചര്യം നേരിടേണ്ടി വന്നാലും യാതൊരു പതർച്ചയും ഇല്ലാതെ സത്യം തുറന്ന് പറയാനുള്ള നിശ്ചയദാർഢ്യത്തിന് ഈ മഹാന്മാരുടെ ചരിത്രം പ്രേരണയാകണം. അതിനു ബലം നൽകുന്ന ഒരു പ്രവാചക വചനം കൂടെ ഇവിടെ കുറിക്കുന്നത് ഉചിതമായിരിക്കും. നബിﷺ പറയുന്നു:

“നീ അറിയണം. ഒരു സമൂഹം മുഴുവനും നിനക്ക് ഒരു ഉപകാരം ചെയ്യാനായി ഒരുമിച്ചുകൂടുകയാണെങ്കിലും അല്ലാഹു നിനക്കായി അത് എഴുതിവെച്ചാലല്ലാതെ നിനക്ക് ഒരു ഉപകാരവും ചെയ്യാൻ അവർക്ക് കഴിയില്ല. ഇനി ഒരു സമൂഹം മുഴുവനും നിനക്ക് ഒരു ഉപദ്രവം ചെയ്യാനായി ഒരുമിച്ചുകൂടുകയാണെങ്കിലും അല്ലാഹു നിനക്കെതിരായി അത് എഴുതിവെച്ചാലല്ലാതെ നിനക്ക് എതിരായി ഒരു ഉപദ്രവവും ചെയ്യാൻ അവർക്ക് കഴിയില്ല” (തിർമിദി).

വീട്ടുകാരിൽ നിന്നോ, കൂടുംബാംഗങ്ങളിൽ നിന്നോ, നാട്ടുകാരിൽ നിന്നോ, അധികാരികളിൽ നിന്നോ വല്ല വിധേനയുമുള്ള ബഹിഷ്‌കരണമോ മർദനമോ എന്തുതന്നെ നേരിട്ടാലും നമുക്ക് മുമ്പേ കഴിഞ്ഞുപോയ വെള്ളി നക്ഷത്രങ്ങളായ, അല്ലാഹുവിന്റെ ദൂതന്മാരുടെയും അവരെ പിന്തുടർന്ന സച്ചരിതരുടെയും മാർഗത്തെ നാം പിന്തുടരണം. പ്രബോധന പ്രവർത്തനങ്ങൾക്ക് അനുകൂലമായ മണ്ണ് ചുറ്റുപാടിൽ ഉണ്ടായിട്ടും നിസ്സാരമായ കാരണം പറഞ്ഞ് സത്യം വീട്ടിലും കുടുംബത്തിലും സമൂഹത്തിലും അറിയിക്കാതെ മൂടിവെക്കുന്നവർക്ക്; ന്യൂനപക്ഷത്തെ മാത്രം അനുയായികളായി കിട്ടിയിട്ടും (അതുതന്നെ ദുർബലന്മാരും) തളർച്ചയോ പതർച്ചയോ ഇല്ലാതെ സത്യം വെട്ടിത്തുറന്ന് പ്രഖ്യാപിച്ച മുൻഗാമികളായ പ്രവാചകന്മാരെയാണ് മുസ്‌ലിംകൾ പിന്തുടരേണ്ടത്. അവർക്ക് അതിനെല്ലാം സാധിച്ചത് അല്ലാഹുവിലുള്ള അവരുടെ അർപ്പണ ബോധവും പ്രതീക്ഷയുമായിരുന്നു.

അല്ലാഹുവിന്റെ ദീൻ പ്രബോധനം ചെയ്യുമ്പോൾ പ്രബോധിത സമൂഹത്തിൽ നിന്ന് അനുകൂലമായോ പ്രതികൂലമായോ പ്രതികരണങ്ങൾ ഉണ്ടാകുമെന്ന് പ്രബോധകൻ തന്റെ മനസ്സിനെ ആദ്യം പഠിപ്പിക്കണം. പ്രതികരണം എന്തുതന്നെയായാലും എല്ലാം അല്ലാഹുവിന്റെ തീരുമാനപ്രകാരമാണെന്ന തിരിച്ചറിവിലൂടെ അവനിൽ എല്ലാം അർപ്പിച്ച് സ്വന്തം വിശ്വാസത്തെ വർധിപ്പിക്കാൻ സാധിക്കുന്നിടത്താണ് ഓരോ പ്രബോധകനും വിജയിക്കുന്നത്. പ്രതികൂലമായ പ്രതികരണമാണ് നമുക്ക് നേരിടേണ്ടി വരുന്നതെങ്കിൽ തന്നെ നാം എന്തിന് ദുഃഖിക്കണം? അല്ലാഹു പറയുന്നത് നോക്കൂ:

“പറയുക: അല്ലാഹു ഞങ്ങൾക്ക് രേഖപ്പെടുത്തിയതല്ലാതെ ഞങ്ങൾക്കൊരിക്കലും ബാധിക്കുകയില്ല. അവനാണ് ഞങ്ങളുടെ യജമാനൻ. അല്ലാഹുവിന്റെ മേലാണ് സത്യവിശ്വാസികൾ ഭരമേൽപിക്കേണ്ടത്” (ക്വുർആൻ 9:51).

‘അവനെ കൂടാതെ ഒരു പടപ്പിനെയും ഞാൻ പരിഗണിക്കുന്നതല്ല. അവനിലല്ലാതെ ഞാൻ ഭരമേൽപിക്കുകയുമില്ല. അവനെ മാത്രമല്ലാതെ ഞാൻ ആരാധിക്കുന്നതുമല്ല’ (ക്വസ്വസ്വുൽ അമ്പിയാഅ്, ഇബ്നു കഥീർ(റഹി).

**അല്ലാഹുവിന്റെ ദീൻ പ്രബോധനം ചെയ്യുമ്പോൾ പ്രബോധിത സമൂഹത്തിൽ നിന്ന് അനുകൂലമായോ പ്രതികൂലമായോ പ്രതികരണങ്ങൾ ഉണ്ടാകുമെന്ന് പ്രബോധകൻ തന്റെ മനസ്സിനെ ആദ്യം പഠിപ്പിക്കണം. പ്രതികരണം എന്തുതന്നെയായാലും എല്ലാം അല്ലാഹുവിന്റെ തീരുമാനപ്രകാരമാണെന്ന തിരിച്ചറിവിലൂടെ അവനിൽ എല്ലാം അർപ്പിച്ച് സ്വന്തം വിശ്വാസത്തെ വർധിപ്പിക്കാൻ സാധിക്കുന്നിടത്താണ് ഓരോ പ്രബോധകനും വിജയിക്കുന്നത്. പ്രതികൂലമായ പ്രതികരണമാണ് നമുക്ക് നേരിടേണ്ടി വരുന്നതെങ്കിൽ തന്നെ നാം എന്തിന് ദുഃഖിക്കണം?**

ഹൂദ്ﷺ അല്ലാഹുവിൽ ഭരമേൽപിച്ചുകൊണ്ടു ജനങ്ങളെ നേരിട്ടപ്പോൾ പറഞ്ഞ വചനത്തെ വിശദീകരിച്ചുകൊണ്ട് ഇബ്നു കഥീർ പറഞ്ഞ വാക്കാണിത്.

അല്ലാഹു പരമകാരുണികനാണ്. അഥവാ അല്ലാഹുവിന് വഴിപ്പെടുന്നവർക്കും വഴിപ്പെടാത്തവർക്കും അനുഗ്രഹം ചെയ്യുന്നവനാണ്. അല്ലാഹുവിനെ അനുസരിച്ചു എന്നത് കൊണ്ട് ഒരാൾ ഭൗതിക സൗകര്യങ്ങളാൽ അനുഗ്രഹിക്കപ്പെടുമെന്നോ അല്ലാഹുവിനോട് അനുസരണക്കേടു കാണിക്കുന്നത് കൊണ്ട് ഒരാൾക്ക് ഭൗതിക സൗകര്യങ്ങൾ തടയപ്പെടുമെന്നോ ഒരാളും തെറ്റുധരിക്കരുത്. കാരണം ഏതൊരാൾക്കും തങ്ങളുടെ പ്രവർത്തനങ്ങൾക്കുള്ള പരിപൂർണമായ പ്രതിഫലം നൽകപ്പെടുന്നത് ഉയർത്തെഴുന്നേൽപിന്റെ നാളിലാണ്. അവിടെ ആദരിക്കപ്പെടുന്നവനാണ് മാന്യനും അവിടെ നിന്ദിക്കപ്പെടുന്നവനാണ് നഷ്ടത്തിൽ പെടുന്നവനുമായിത്തീരുന്നത്.

ദൈവദൂതന്മാരുടെ വാക്കുകളെ ജനങ്ങൾ പരിഹസിക്കുവാനും കളവാക്കുവാനുമുള്ള ഒരു കാരണം അവരുടെ ഉപദേശങ്ങളെ തങ്ങളുടെ പരിമിതമായ ബുദ്ധികൊണ്ട് അളന്നതാണ്. ‘ഹൂദിനെന്താ നമ്മിൽ നിന്ന് പ്രത്യേകമായിട്ടുള്ളത്? നാം ഭക്ഷിക്കുന്നതു പോലെ ഭക്ഷിക്കുന്നു, നാം കുടിക്കുന്നത് പോലെ കുടിക്കുന്നു. ഒരു പ്രത്യേകതയും നാം കാണുന്നില്ലല്ലോ’ എന്നൊക്കെ അദ്ദേഹത്തിന്റെ ജനങ്ങൾ പറഞ്ഞത് ഓർക്കുക.

‘ലാ ഇലാഹ ഇല്ലല്ലാഹു മുഹമ്മദുൻ റസൂലുല്ലാഹി’ എന്ന് ചൊല്ലിയ പലരും ഇന്ന് പ്രവാചകന്മാരുടെ പ്രത്യേകതകളെ ഉൾക്കൊള്ളാൻ കഴിയാത്തതിനാൽ അതിനെല്ലാം നവ വ്യാഖ്യാനങ്ങൾ നൽകി തങ്ങൾ ആധുനികരും ബുദ്ധിക്ക് ഉൾക്കൊ

ള്ളാൻ കഴിയാത്ത കാര്യങ്ങളെ തള്ളുന്നവരുമാണെന്ന് പൊതുസമൂഹത്തിനു മുമ്പിൽ തെളിയിക്കാനുള്ള ശ്രമത്തിലാണ്. പ്രവാചകന്മാരിലൂടെ അല്ലാഹു വെളിവാക്കിയിട്ടുള്ള അത്ഭുത സംഭവങ്ങളെ അങ്ങനെ തന്നെ അംഗീകരിക്കുന്നവരെ ഇവർ പിന്തിരിപ്പന്മാരും കാലഘട്ടത്തിന് യോജിക്കാത്തവരുമായി മുദ്രകുത്തുകയും ചെയ്യുന്നു!

ഹൂദ്ﷺയുടെ ജനതയിലെ പരലോക നിഷേധികളായവർ അദ്ദേഹത്തോട് ഇപ്രകാരം ചോദിച്ചു:

"നിങ്ങൾ മരിക്കുകയും മണ്ണും അസ്ഥിശകലങ്ങളുമായിത്തീരുകയും ചെയ്താൽ നിങ്ങൾ (വീണ്ടും ജീവനോടെ) പുറത്ത് കൊണ്ടുവരപ്പെടും എന്നാണോ അവൻ നിങ്ങൾക്ക് വാഗ്ദാനം നൽകുന്നത്? നിങ്ങൾക്ക് നൽകപ്പെടുന്ന ആ വാഗ്ദാനം എത്രയെത്ര വിദൂരം! ജീവിതമെന്നത് നമ്മുടെ ഈ ഐഹികജീവിതം മാത്രമാകുന്നു. നാം മരിക്കുന്നു. നാം ജനിക്കുന്നു. നാം ഉയിർത്തെഴുന്നേൽപിക്കപ്പെടുന്നവരല്ല തന്നെ. ഇവൻ അല്ലാഹുവിന്റെ മേൽ കള്ളം കെട്ടിച്ചമച്ച ഒരു പുരുഷൻ മാത്രമാകുന്നു. ഞങ്ങൾ അവനെ വിശ്വസിക്കുന്നവരേയല്ല" (23:3538).

മരണാന്തര ജീവിതത്തെ കളവാക്കിക്കൊണ്ട്, ഞങ്ങളെ പോലെയുള്ള ഒരു മനുഷ്യൻ മാത്രമായ നിന്റെ ഈ വാക്കുകളൊന്നും കേട്ട് നിന്നെ വിശ്വസിക്കാൻ ഞങ്ങൾ ഒരുക്കമല്ലെന്ന് അവർ അദ്ദേഹത്തോട് പറഞ്ഞപ്പോൾ അദ്ദേഹം അവർക്ക് അല്ലാഹുവിന്റെ ശിക്ഷയെ കുറിച്ച് മുന്നറിയിപ്പ് നൽകി. അവർ അദ്ദേഹത്തോട് ഇപ്രകാരം പറഞ്ഞു:

"എന്നാൽ നീ സത്യവാൻമാരുടെ കൂട്ടത്തിലാണെങ്കിൽ ഞങ്ങൾക്കു നീ താക്കീത് നൽകുന്നത് (ശിക്ഷ) ഞങ്ങൾക്കു കൊണ്ടു വന്നു തരൂ" (46:22).

ഗുണകാംക്ഷയോടെ ഉപദേശിച്ചിട്ടും കളവാക്കുകയും പരിഹസിക്കുകയും ചെയ്യുക മാത്രമല്ല, 'നീ വാഗ്ദാനം ചെയ്യുന്ന ശിക്ഷ ഞങ്ങൾക്ക് കൊണ്ടുവാ' എന്ന് വെല്ലുവിളിക്കുക കൂടി ചെയ്തു ആ ജനങ്ങൾ! അവസാനം അല്ലാഹുവിനോട് ഹൂദ്ﷺ ഇപ്രകാരം പ്രാർഥിച്ചു:

"അദ്ദേഹം പറഞ്ഞു: എന്റെ രക്ഷിതാവേ, ഇവരെന്നെ നിഷേധിച്ചു തള്ളിയിരിക്കയാൽ നീ എന്നെ സഹായിക്കേണമേ" (23:39).

അല്ലാഹു ഹൂദ്ﷺനോട് ഇപ്രകാരം പറഞ്ഞു: "അവൻ (അല്ലാഹു) പറഞ്ഞു: അടുത്തു തന്നെ അവർ ഖേദിക്കുന്നവരായിത്തീരും" (23:40).

ആ ശിക്ഷ ഇപ്രകാരമായിരുന്നു അവരിൽ ഇറങ്ങിയത്: ദീർഘ കാലം അവർക്ക് മഴ ഇല്ലാതെയായി. മൂന്ന് വർഷത്തോളം അവർക്ക് ഒരു തുള്ളി വെള്ളം പോലും ലഭിച്ചില്ലെന്ന് പറയപ്പെടുന്നു. പിന്നീട് അവരുടെ താഴ്‌വരകളെ അഭിമുഖീകരിച്ച് അവർ മേഘം കണ്ടു. അങ്ങനെ അതിനെ (ശിക്ഷയെ) തങ്ങളുടെ താഴ്‌വരകൾക്ക് അഭിമുഖമായിക്കൊണ്ട് വെളിപ്പെട്ട ഒരു മേഘമായി അവർ കണ്ടപ്പോൾ അവർ പറഞ്ഞു: ഇതാ നമുക്ക് മഴ നൽകുന്ന ഒരു മേഘം!

വർഷങ്ങൾ മഴ ലഭിക്കാതെ കൊടുംവരൾച്ചയിലായ ആ ജനത പിന്നീട് മഴയുടെ മുന്നോടിയെന്നോണം കാർമേഘം ഇരുണ്ടു കൂടിയത് കണ്ടപ്പോൾ വിചാരിച്ചു, മഴക്കുള്ള ഒരുക്കമാണെന്ന്. അവർ അതിൽ സന്തോഷിക്കുകയും ചെയ്തു. എന്നാൽ അത് അവർക്ക് സന്തോഷം നൽകുവാനായിരുന്നില്ല. മറിച്ച്, അവർ എന്തൊന്നാണോ അല്ലാഹുവിന്റെ ദൂതനായ ഹൂദ്ﷺനെ പരിഹസിച്ചും കളവാക്കിയും ആവശ്യപ്പെട്ടത് അതിന്റെ മുന്നൊരുക്കമായിരുന്നു അത്. ക്വുർആൻ അത് ഇപ്രകാരം തുടർന്ന് വിവരിക്കുന്നു:

"അല്ല, നിങ്ങൾ എന്തൊന്നിന് ധൃതികൂട്ടിയോ അതു തന്നെയാണിത്. അതെ വേദനയേറിയ ശിക്ഷ ഉൾക്കൊള്ളുന്ന ഒരു കാറ്റ്. അതിന്റെ രക്ഷിതാവിന്റെ കൽപന പ്രകാരം സകല വസ്തുക്കളെയും അത് നശിപ്പിച്ചുകളയുന്നു. അങ്ങനെ അവർ താമസിച്ചിരുന്ന സ്ഥലങ്ങളല്ലാതെ മറ്റൊന്നും കാണപ്പെടാത്ത അവസ്ഥയിൽ അവർ ആയിത്തീർന്നു. അപ്രകാരമാണ് കുറ്റവാളികളായ ജനങ്ങൾക്ക് നാം പ്രതിഫലം നൽകുന്നത്" (46:24,25).

ശക്തിയായ കാറ്റിലൂടെ പിന്നീട് അവർ നശിപ്പിക്കപ്പെടുകയാണ് ചെയ്തത്. വലിയ മല്ലന്മാരും എല്ലാറ്റിനും കഴിയുന്നവരെന്നും മേനി നടിച്ച ആ ജനതയെ അല്ലാഹു നിലം പൊത്തിച്ചു. ആ കാറ്റിന്റെ ശക്തിയെക്കുറിച്ച് അല്ലാഹു ക്വുർആനിലൂടെ ഇപ്രകാരം നമ്മെ അറിയിക്കുന്നു:


"എന്നാൽ ആദ് സമുദായം, ആഞ്ഞു വീശുന്ന അത്യുഗ്രമായ കാറ്റ് കൊണ്ട് നശിപ്പിക്കപ്പെട്ടു. തുടർച്ചയായ ഏഴു രാത്രിയും എട്ടു പകലും അത് (കാറ്റ്) അവരുടെ നേർക്ക് അവൻ തിരിച്ചുവിട്ടു. അപ്പോൾ കടപുഴകി വീണ ഈന്തപ്പനത്തടികൾ പോലെ ആ കാറ്റിൽ ജനങ്ങൾ വീണുകിടക്കുന്നതായി നിനക്ക് കാണാം. ഇനി അവരുടെതായി അവശേഷിക്കുന്ന വല്ലതും നീ കാണുന്നുണ്ടോ?" (69:68).

"നമ്മുടെ കൽപന വന്നപ്പോൾ ഹൂദിനെയും അദ്ദേഹത്തോടൊപ്പം വിശ്വസിച്ചവരെയും നമ്മുടെ കാരുണ്യം കൊണ്ട് നാം രക്ഷിച്ചു. കഠിനമായ ശിക്ഷയിൽ നിന്ന് നാം അവരെ രക്ഷപ്പെടുത്തി" (11:58).

"അങ്ങനെ ദുരിതം പിടിച്ച ഏതാനും ദിവസങ്ങളിൽ അവരുടെ നേർക്ക് ഉഗ്രമായ ഒരു ശീതക്കാറ്റ് നാം അയച്ചു. ഐഹികജീവിതത്തിൽ അവർക്ക് അപമാനകരമായ ശിക്ഷ നാം ആസ്വദിപ്പിക്കാൻ വേണ്ടിയത്രെ അത്. എന്നാൽ പരലോകത്തിലെ ശിക്ഷയാണ് കൂടുതൽ അപമാനകരം. അവർക്ക് സഹായമൊന്നും നൽകപ്പെടുകയുമില്ല" (41:16). ●

അശ്റഫ് എകരൂൽ
ashrafekarul@gmail.com

ഇസ്‌ലാമിക് പാരന്റിംഗ്: 32





# വേരറുക്കേണ്ട ദുഃസ്വഭാവങ്ങൾ

ഉൽകൃഷ്ടമായ സ്വഭാവ ശിക്ഷണത്തിന്റെ ഇസ്‌ലാമിക അടിസ്ഥാനം ശക്തമായ നിരീക്ഷണവും തിരുത്തലുകളും ആണല്ലോ. ആയതിനാൽ ഈ മേഖലയിൽ വർത്തിക്കുന്ന മാതാപിതാക്കളും ശിക്ഷണത്തിന്റെ ഉത്തരവാദിത്തമുള്ള മറ്റുള്ളവരും വിജയകരമായ പേരന്റിംഗ് നേടിയെടുക്കാൻ ആവശ്യമായ സ്വഭാവ നിർമിതിയിൽ അനിവാര്യമായി നിലനിർത്തേണ്ട കാര്യങ്ങളാണ് മുൻ ലക്കത്തിൽ നാം വായിച്ചത്. അവയുടെ വേരുറപ്പിക്കുകയും ജീവിതത്തിൽ പടർന്നു പന്തലിക്കാൻ പരിസരം ഒരുക്കുകയുമാണ് നാം ചെയ്യേണ്ടത്. എന്നാൽ നല്ലതിന്റെ നിർമാണത്തോടൊപ്പം ചീത്തയുടെ നിഷ്കാസനവും അജണ്ടയിൽ വരേണ്ടതുണ്ട്. ഒരു മനുഷ്യനെന്ന നിലയിൽ ഒരിക്കലും ജീവിതത്തിന്റെ സ്വഭാവ ഭൂമികയിൽ മുളച്ചു പൊന്താൻ പാടില്ലാത്തതും, അഥവാ മുളപൊട്ടിയാൽ തന്നെ വേരറുക്കാൻ വൈകിക്കൂടാത്തതുമായ ചില ദുഃസ്വഭാവങ്ങളാണ് ഇവിടെ നാം പഠന വിധേയമാക്കുന്നത്.

**കളവ്**

കളവ് പറയാനും കാണിക്കാനും ഉള്ള പ്രവണതയെ ഏറ്റവും നികൃഷ്ട കാര്യമായാണ് ഇസ്‌ലാം കാണുന്നത്. അതിനാൽ തന്നെ മക്കൾ അതിൽ ചെന്ന് പതിക്കാതിരിക്കാൻ കടുത്ത ജാഗ്രത പാലിക്കേണ്ടതുണ്ട്. മാത്രവുമല്ല കിട്ടുന്ന അവസരങ്ങൾ ഉപയോഗപ്പെടുത്തി അതിന്റെ മോശത്തരം അവർക്ക് മനസ്സിലാക്കിക്കൊടുക്കണം; തന്മൂലം അവരുടെ മനസ്സിൽ എന്നും അതൊരു വെറുക്കപ്പെട്ട കാര്യമായി നിലനിൽക്കണം. എങ്കിൽ മാത്രമെ നമ്മുടെ അസാന്നിധ്യത്തിലും ആ പ്രവണതയെ അവർ മാറ്റി നിർത്തുകയുള്ളൂ.

**കളവ് പറയാനും കാണിക്കാനും ഉള്ള പ്രവണതയെ ഏറ്റവും നികൃഷ്ട കാര്യമായാണ് ഇസ്‌ലാം കാണുന്നത്. അതിനാൽ തന്നെ മക്കൾ അതിൽ ചെന്ന് പതിക്കാതിരിക്കാൻ കടുത്ത ജാഗ്രത പാലിക്കേണ്ടതുണ്ട്. തന്മൂലം അവരുടെ മനസ്സിൽ എന്നും അതൊരു വെറുക്കപ്പെട്ട കാര്യമായി നിലനിൽക്കണം. എങ്കിൽ മാത്രമെ നമ്മുടെ അസാന്നിധ്യത്തിലും ആ പ്രവണതയെ അവർ മാറ്റി നിർത്തുകയുള്ളൂ.**



കാപട്യത്തിന്റെ പ്രകടമായ അടയാളങ്ങളിലാണ് ഇസ്‌ലാം കളവിനെ എണ്ണിയിരിക്കുന്നത് എന്നത് തന്നെ അത് വെറുക്കപ്പെടാൻ മതിയായതാണ്. ഇമാം ബുഖാരിയും മുസ്‌ലിമും അബ്ദുല്ലാഹിബ്ൻ അംറുബിൻ ആസി﵁ൽ നിന്ന് ഉദ്ധരിക്കുന്ന ഹദീഥിൽ ഇങ്ങനെ കാണാം: നബിﷺ പറയുകയാണ്: 'നാലു കാര്യങ്ങൾ ആരുടെ പക്കൽ ഉണ്ടെങ്കിലും അവൻ തനിച്ച കപട വിശ്വാസിയാകുന്നു. എന്നാൽ അവയിൽ ഏതെങ്കിലും ഒന്ന് ഉണ്ടെങ്കിൽ അവ ഒഴിവാക്കുന്നത് വരെ അവന്റെ അടുക്കൽ കാപട്യത്തിന്റെ ഒരംശം ഉണ്ടാകും. വിശ്വസിച്ചാൽ വഞ്ചിക്കുക, സംസാരിച്ചാൽ കളവു പറയുക, വാഗ്ദത്തം ചെയ്താൽ ലംഘിക്കുക, തർക്കിച്ചാൽ ചീത്ത പറയുക.'

കളവ് അല്ലാഹുവിന്റെ കോപത്തിന്നും ശിക്ഷക്കും നിമിത്തമാണല്ലോ. അബൂഹുറയ്റ﵁യിൽ നിന്ന് ഇമാം മുസ്‌ലിം ഉദ്ധരിക്കുന്ന ഹദീഥിൽ ഇങ്ങനെ കാണാം: നബിﷺ വിശദീകരിച്ചു: 'മൂന്ന് വിഭാഗം ആളുകൾ; അവരോട് ഉയർത്തെഴുന്നേൽപിന്റെ നാളിൽ അല്ലാഹു സംസാരിക്കുകയില്ല, അവരെ സംസ്കരിക്കുകയില്ല. അല്ലാഹു അവരിലേക്ക് നോക്കുകയും ഇല്ല. അവർക്ക് വേദനയേറിയ ശിക്ഷയുണ്ട്: വ്യഭിചാരിയായ വൃദ്ധൻ, കളവു പതിവാക്കിയ രാജാവ്, അഹങ്കാരിയായ ദരിദ്രൻ.'

കളവു പറയുന്ന സ്വഭാവം ആവർത്തിക്കപ്പെടുന്ന സ്ഥിതിവിശേഷം മക്കളിൽ നിലനിന്നാൽ നന്നാക്കിയെടുക്കുവാൻ ഒരു പേരന്റിംഗ് ടിപ്സും ഉപകാരപ്പെടാത്ത അവസ്ഥയിലേക്ക് അത് തെന്നിമാറും. കാരണം അല്ലാഹുവിന്റെ അടുക്കൽ 'കള്ളൻ' എന്ന് രേഖപ്പെടുത്തുന്ന ഗുരുതരാവസ്ഥയാണത്. പിന്നെ നമ്മുടെ ശ്രമങ്ങൾ വ്യഥാവിലാവുക തന്നെ ചെയ്യും. അല്ലാഹുവിന്റെ പ്രവാചകൻﷺ നമുക്ക് നൽകിയ താക്കീത് അതാണല്ലോ സൂചിപ്പിക്കുന്നത്. നബിﷺ പറഞ്ഞു: "നിങ്ങൾ കളവിനെ സൂക്ഷിക്കുക. തീർച്ചയായും കളവ് അധർമത്തിലേക്ക് വഴി നടത്തും; അധർമം നരകത്തിലേക്കും. ഒരു അടിമ കളവു പറഞ്ഞു കൊണ്ടിരിക്കുകയും അതിൽ മുന്നേറുകയും ചെയ്യുമ്പോൾ അല്ലാഹു അവന്റെ അടുക്കൽ അവനെ 'കള്ളൻ' എന്ന് രേഖപ്പെടുത്തും'' (ബുഖാരി, മുസ്‌ലിം).

അല്ലാഹുവിന്റെ രേഖയിൽ 'കള്ളൻ' എന്ന് പേരു വന്ന ഒരുവനെ എങ്ങനെ നമുക്ക് മാറ്റിയെടുക്കുവാൻ കഴിയും? അല്ലാഹുവിൽ അഭയം! ഉന്നത മാതൃകയിലൂടെയാണ് മക്കൾക്ക് ഈ രംഗത്ത് നാം പരിശീലനം നൽകേണ്ടത്. അവരുടെ കരച്ചിൽ നിർത്തിക്കിട്ടാനോ, അല്ലെങ്കിൽ എന്തിലെങ്കിലും പ്രോത്സാഹനം നൽകാനോ, അവരുടെ കോപത്തെ തണുപ്പിക്കാനോ താൽകാലികമായി കളവു പറയുന്ന പതിവ് രക്ഷിതാക്കൾ കണിശമായും ഒഴിവാക്കേണ്ടതാണ്. ഈ പ്രവണതയെ നബിﷺ കണിശമായി നിരോധിച്ചിട്ടുണ്ട്. കഴിഞ്ഞ ലക്കത്തിൽ നാം ഇക്കാര്യം വിശദീകരിച്ചിട്ടുണ്ട്. നബിﷺ പറഞ്ഞതായി ഇമാം അഹ്മദ് റിപ്പോർട്ട് ചെയ്യുന്നു: "ആരെങ്കിലും ഒരു കുട്ടിയോട് 'ഇവിടെ വാ, ഇതെടുത്തോ' എന്ന് പറഞ്ഞു (വിളിച്ചു വരുത്തിയിട്ട്) അവനത് കൊടുത്തിട്ടില്ലെങ്കിൽ ആ വാക്ക് കളവായി (കണക്കാക്കപ്പെടും)."

**മോഷണം**

മറ്റൊരു ദുഃസ്വഭാവമാണ് മോഷണം. വീട്ടിനുള്ളിൽ കുട്ടികൾക്ക് കയ്യെത്തും ദൂരത്തുള്ള വസ്തു വകകൾ മുതിർന്നവരുടെ അനുവാദം കൂടാതെ എടുത്ത് കഴിക്കുകയോ ഉപയോഗിക്കുകയോ ചെയ്യുന്ന പ്രവണത കണ്ടാൽ പോലും നാം അവരെ തിരുത്തണം. കാരണം മോഷണം എന്ന ഗുരുതര സ്വഭാവ വൈകൃതത്തിന്റെ മുളപൊട്ടലാണ് ആ ചെയ്തി. അതിനാൽ ഒരിക്കലും 'വീട്ടിലല്ലേ' എന്ന ചിന്തയിൽ അതിനെ തള്ളിക്കളയരുത്. തനിക്കാവശ്യമുള്ളത് എവിടെയാണെങ്കിലും എടുത്ത് ഉപയോഗിക്കാം എന്ന ഒരു ചിന്ത അത് മൂലം കുട്ടിയിൽ വളരും. പിന്നീടത് സ്കൂളിലേക്കും ആരാധനാലയങ്ങളിലേക്കും കച്ചവട സ്ഥാപനങ്ങളിലേക്കുമൊക്കെ പടരും. കടുത്ത താ

ക്കീതും വേദനയേറിയ ശിക്ഷയും നൽകിക്കൊണ്ട ല്ല ഇതിനെ തുടക്കത്തിൽ ചികിൽസിക്കേണ്ടത്. മറിച്ച്, ഇത് കുട്ടിയുടെ മനസ്സിൽ ഏറ്റവും വെറുക്കപ്പെട്ട താക്കി മാറ്റാൻ ഉതകുന്ന നിലയിൽ തെറ്റാണെന്ന് ബോധ്യപ്പെടുത്തുകയാണ് വേണ്ടത്. എന്നിട്ടും ആവർത്തിക്കുമ്പോഴാണ് കടുത്ത താക്കീതും അനന്തരം ശിക്ഷയും നൽകേണ്ടി വരുന്നത്. മിക്ക പാപങ്ങൾക്കും ശിക്ഷ അല്ലാഹു പരലോകത്താണ് ഒരുക്കി വെച്ചിരിക്കുന്നത്. എന്നാൽ മോഷണത്തിന് ഇഹലോകത്തും ശിക്ഷയുണ്ട്; കൈ മുറിക്കുക എന്ന ശിക്ഷ! ഇത് ഈ തെറ്റിന്റെ ഗൗരവം വ്യക്തമാക്കുന്നു. അല്ലാഹുവിന്റെ വചനം മക്കളെ കേൾപ്പിക്കുന്നത് നല്ലതാണ്:

"മോഷ്ടിക്കുന്നവന്റെയും മോഷ്ടിക്കുന്നവളുടെയും കൈകൾ നിങ്ങൾ മുറിച്ചുകളയുക. അവർ സമ്പാദിച്ചതിന്നുള്ള പ്രതിഫലവും അല്ലാഹുവിങ്കൽ നിന്നുള്ള മാതൃകാപരമായ ശിക്ഷയുമാണത്. അല്ലാഹു പ്രതാപിയും യുക്തിമാനുമാകുന്നു" (5:38).

കളവും വഞ്ചനയും പിടികൂടാൻ ഇന്ന് പലയിടങ്ങളിലും കേമറക്കണ്ണുകൾ തുറന്നു വെച്ചിരിക്കുന്നുവെങ്കിലും അല്ലാഹുവിന്റെ കണ്ണുകളെയാണ് നാം ഏറ്റവും ഭയപ്പെടേണ്ടതെന്നും അവന്റെ നിരീക്ഷണങ്ങളെ മറികടക്കാൻ കഴിയില്ലെന്നും അവനെ ഭയപ്പെട്ടു കൊണ്ട് മാത്രമാണ് നാം കളവും വഞ്ചനയും ഒഴിവാക്കേണ്ടതെന്നും മക്കളെ നാം ഉപദേശിക്കണം.

അതിന്നു സഹായകമായ നല്ല മാതൃകകൾ ഉദാഹരണമായി നാം കുട്ടികൾക്ക് പറഞ്ഞുകൊടുക്കുന്നത് കൂടുതൽ ഉപകാരപ്പെടും. ഉമർ(റ) പാലിൽ വെള്ളം ചേർക്കുന്ന ദുഃസ്വഭാവത്തെ രാജ്യ ഭരണത്തിന്റെ ഭാഗമായി നിയമം മൂലം നിരോധിച്ചു. പക്ഷേ, നിയമത്തിന്റെ കണ്ണുകൾക്ക് എവിടെയെല്ലാം എത്താൻ കഴിയും? അല്ലാഹുവിനെ ഭയപ്പെടുന്നതിലൂടെയല്ലാതെ പൂർണമായി അത് സാക്ഷാത്കരിക്കാൻ കഴിയില്ല. അതാണ് ഉമർ രാത്രി സഞ്ചാരത്തിൽ കേട്ട ഉമ്മയുടെയും മകളുടെയും തത് വിഷയത്തിലുള്ള ചർച്ച. പാലിൽ വെള്ളം ചേർക്കാൻ പറഞ്ഞ മാതാവിനോട്, ഖലീഫ ഉമർ അത് നിരോധിച്ചിട്ടുണ്ടെന്ന് മകൾ പറഞ്ഞപ്പോൾ, ഇവിടെ അത് കാണാൻ ഉമർ ഇല്ലല്ലോ എന്നായിരുന്നു മാതാവിന്റെ മറുപടി.

**വീട്ടിനുള്ളിൽ കുട്ടികൾക്ക് കയ്യെത്തും ദൂരത്തുള്ള വസ്തുവകകൾ മുതിർന്നവരുടെ അനുവാദം കൂടാതെ എടുത്ത് കഴിക്കുകയോ ഉപയോഗിക്കുകയോ ചെയ്യുന്ന പ്രവണത കണ്ടാൽ പോലും നാം അവരെ തിരുത്തണം. കാരണം മോഷണം എന്ന ഗുരുതര സ്വഭാവ വൈകൃതത്തിന്റെ മുളപൊട്ടലാണ് ആ ചെയ്തി. പിന്നീടത് സ്കൂളിലേക്കും ആരാധനാലയങ്ങളിലേക്കും കച്ചവട സ്ഥാപനങ്ങളിലേക്കുമൊക്കെ പടരും.**

'ഖലീഫ ഉമർ ഇവിടെ ഇല്ലെങ്കിലും ഉമറിന്റെ രക്ഷിതാവായ അല്ലാഹു ഇല്ലേ?' എന്ന മറുചോദ്യമാണ് അന്നേരം മകളിൽനിന്നുയർന്നത്. ഈ ചോദ്യം നമ്മുടെ മക്കൾ ചോദിക്കുന്ന പരുവത്തിലേക്ക് അവരുടെ ഈമാൻ വളരണം.

**ചീത്ത വാക്കുകൾ ഉപയോഗിക്കൽ**

ഇസ്‌ലാം നിരോധിച്ച കാര്യങ്ങളിൽ വളരെ ഗൗരവമുള്ളവയാണ് ചീത്തവിളിക്കലും ചീത്തവാക്കുകളാൽ അഭിസംബോധന ചെയ്യലും. ഈ രണ്ടു ദുഃസ്വഭാവങ്ങളും മോശം മാതൃകയും ചീത്ത സഹവാസവും മൂലം മക്കളുടെ ജീവിതത്തിലേക്ക് കടന്നുവരും. മോശം പദങ്ങൾ കൊണ്ട് മക്കളെ വിളിക്കലും മാതാപിതാക്കൾ ദേഷ്യപ്പെടുമ്പോൾ പരസ്പരം ചീത്തവിളിക്കലുമെല്ലാം ഇതിനു വളമാണ്. അതുപോലെ ധാർമികതയ്ക്ക് വില കൽപിക്കാത്ത വീട്ടിൽ വളരുന്ന കുട്ടികളുമായുള്ള സഹവാസവും ഇതിനു നിമിത്തമാവും. ക്രിയാത്മകമായ പ്രതിരോധം തന്നെയാണ് പരിഹാര മാർഗം. ഈ വിഷയകമായി വന്ന അല്ലാഹുവിന്റെ ദൂതരുടെ(ﷺ) തിരുവചനങ്ങൾ മക്കളെ കേൾപ്പിക്കുക മൂലം അവരിൽ സൂക്ഷ്മതയും ദൈവ ഭക്തിയും ഉണ്ടാക്കിയെടുക്കാൻ കഴിയും.

നബി(ﷺ) പറയുന്നു: "മുസ്‌ലിമിനെ ചീത്ത വിളിക്കുന്നത് തെമ്മാടിത്തമാണ്. അവനോട് ഏറ്റുമുട്ടുന്നത് അവിശ്വാസവും'' (ബുഖാരി, മുസ്‌ലിം). "വിശ്വാസി കുത്തിപ്പറയുന്നവനോ ശപിക്കുന്നവനോ ദുർനടപ്പുകാരനോ വൃത്തികെട്ടവനോ (ആകാവത്) അല്ല" (തിർമിദി).

"ഒരു മനുഷ്യൻ അവന്റെ മാതാപിതാക്കളെ ചീത്തപറയുകയെന്നത് വൻപാപങ്ങളിൽ പെട്ടതാണ്. അപ്പോൾ ഒരാൾ ചോദിച്ചു: 'അല്ലാഹുവിന്റെ ദൂതരേ, ആരെങ്കിലും സ്വന്തം മാതാപിതാക്കളെ ശപിക്കുമോ?' അപ്പോൾ നബി(ﷺ) പറഞ്ഞു: 'അതെ, ഒരാൾ മറ്റൊരാളുടെ പിതാവിനെ ചീത്ത പറയും. അപ്പോൾ അയാൾ ഇയാളുടെ പിതാവിനെ ചീത്ത പറയും; അയാളുടെ മാതാവിനെ ചീത്ത പറയും, അപ്പോൾ അയാൾ ഇയാളുടെ മാതാവിനെ ചീത്ത വിളിക്കും" (ബുഖാരി, മുസ്‌ലിം). ഇത്തരം നബിവചനങ്ങൾ മക്കൾ കേൾക്കുമാറ് വീടകങ്ങളിൽ ചർച്ച ചെയ്യപ്പെടണം.

**(തുടരും)**

ലേഖനം

ശമീർ മദീനി
shameermadeeni@gmail.com



# അടിയുറക്കാത്ത വിശ്വാസവും അടിസ്ഥാനമില്ലാത്ത ആരോപണങ്ങളും

ആതിര ആഇശയായി, ആഇശ വീണ്ടും ആതിരയായി എന്ന വാർത്ത ചർച്ചയായിരിക്കുകയാണല്ലോ! ഇന്ത്യൻ ഭരണഘടന ഏതൊരു പൗരനും തനിക്ക് ശരിയെന്ന് തോന്നുന്ന മതവും ആദർശവും സ്വീകരിക്കുവാനും അതനുസരിച്ച് പ്രവർത്തിക്കുവാനും അത് പ്രബോധനം ചെയ്യുവാനും അവകാശം നൽകുന്നുണ്ട്. അതിനാൽ ഇന്ത്യൻ ഭരണഘടനയനുസരിച്ച് ആതിര ചെയ്തത് തെറ്റല്ല.

ഇസ്‌ലാമാകട്ടെ നിർബന്ധ പരിവർത്തനത്തെ ഒരിക്കലും അംഗീകരിക്കുന്നില്ല. ഇസ്‌ലാമിക പ്രമാണങ്ങളിൽ നിന്ന് ഇസ്‌ലാമിനെ അറിഞ്ഞ ഒരാളും അതിനു മുതിരുകയില്ല. മനസ്സറിഞ്ഞ് സത്യമെന്ന് ബോധ്യപ്പെട്ടാണ് മതം സ്വീകരിക്കേണ്ടത്. ബാഹ്യമായ സമ്മർദങ്ങൾക്ക് അതിൽ യാതൊരു സ്ഥാനവുമില്ല.

അല്ലാഹു പറയുന്നു: "മതത്തിന്റെ കാര്യത്തിൽ ബലപ്രയോഗമേ ഇല്ല. സൻമാർഗം ദുർമാർഗത്തിൽ നിന്ന് വ്യക്തമായി വേർതിരിഞ്ഞ് കഴിഞ്ഞിരിക്കുന്നു..." (ക്വുർആൻ 2:256).

"പറയുക: സത്യം നിങ്ങളുടെ രക്ഷിതാവിങ്കൽ നിന്നുള്ളതാകുന്നു. അതിനാൽ ഇഷ്ടമുള്ളവർ വിശ്വസിക്കട്ടെ. ഇഷ്ടമുള്ളവർ അവിശ്വസിക്കട്ടെ..."(ക്വുർആൻ 18:29).

അതിനാൽ ഒരാൾ ഇസ്‌ലാം വേണ്ടെന്ന് വെക്കുന്നുവെങ്കിൽ ഇസ്‌ലാമിനോ മുസ്‌ലിംകൾക്കോ അതിൽ പ്രത്യേകിച്ചൊരു കുറവും സംഭവിക്കുന്നില്ല

എന്നാൽ, ആതിരയെന്ന പെൺകുട്ടി ഇസ്‌ലാം വേണ്ടെന്ന് വെച്ച് പഴയ മതത്തിലേക്ക് തന്നെ തിരിച്ചുപോകുമ്പോൾ ചില ആശയക്കുഴപ്പങ്ങളും തെറ്റുധാരണകളും ഉയർത്തിവിട്ടിട്ടാണ് പോയിരിക്കുന്നത്. അതിനാൽ ഇസ്‌ലാമിനെ പറ്റി

അറിയുന്നവർക്ക് ആ തെറ്റുധാരണ ദൂരീകരിക്കേണ്ട ബാധ്യതയുണ്ട്.

'സ്ത്രീകളെ ക്വുർആൻ തരംതാഴ്ത്തുകയും ഒരു ഉപഭോഗവസ്തുവായി മാത്രം കാണുകയും ചെയ്യുന്നു. അതുകൊണ്ടാണ് ക്വുർആൻ സ്ത്രീയെ ഒരു കൃഷിയിടത്തോടുപമിച്ചിരിക്കുന്നത്' എന്നാണ് അവരുടെ ആരോപണം!

എന്താണ് വസ്തുതയെന്ന് പരിശോധിക്കാം. വിമർശന വിധേയമായ വാക്യം കാണുക:

"നിങ്ങളുടെ ഭാര്യമാർ നിങ്ങളുടെ കൃഷിയിടമാകുന്നു. അതിനാൽ നിങ്ങൾ ഇച്ഛിക്കുംവിധം നിങ്ങൾക്ക് നിങ്ങളുടെ കൃഷിയിടത്തിൽ ചെന്നുകൊള്ളുക" (ക്വുർആൻ 2:223).

കർഷകൻ തന്റെ കൃഷിയിടം പൊന്നുപോലെ പരിചരിക്കുകയും സംരക്ഷിക്കുകയും ചെയ്യും. അതിന് നാശമുണ്ടാക്കാനോ അത് കയ്യേറാനോ ഒരാളെയും അയാൾ അനുവദിക്കില്ല. കൃഷിയിടത്തിന്റെ വില കൃഷിക്കാരനേ അറിയൂ. കൃഷിയിടത്തിന്റെ വിലയറിയുന്ന ഒരാളും ഈ ഉപമ ഒരു നിന്ദ്യതയും തരം താഴ്ത്തലുമായി ഒരിക്കലും കാണില്ല. നല്ല രീതിയിൽ കൃഷിയിറക്കാനും നല്ല രൂപത്തിൽ വിളവെടുക്കാനും ആഗ്രഹിക്കുന്ന ഏതൊരാളും തന്റെ കൃഷിയിടം ശ്രദ്ധിക്കുകയും സൂക്ഷിക്കുകയും ചെയ്യും. ഇതുപോലെയാണ് ദാമ്പത്യ ജീവിതവും. അതിലെ നന്മയാഗ്രഹിക്കുന്നവർ ഭാര്യയെ ശരിയായ രൂപത്തിൽ ശ്രദ്ധിക്കുകയും പരിചരിക്കുകയും ചെയ്യും. ദാമ്പത്യജീവിതവുമായി ബന്ധപ്പെട്ട് ഇസ്‌ലാം പഠിപ്പിച്ച ഓരോ കാര്യവും മനസ്സിലാക്കുന്ന ഏതൊരാൾക്കും അത് ബോധ്യപ്പെടുന്നതാണ്. സത്യസന്ധമായ പരിശോധനയും വിലയിരുത്തലുമാണ് ഉദ്ദേശമെങ്കിൽ ക്വുർആനിന്റെയും പ്രവാചകാധ്യാപനങ്ങളുടെയും വെളിച്ചത്തിൽ ആയിരിക്കണമായിരുന്നു അത്. ഇസ്‌ലാം സ്ത്രീയുടെ പദവി ഉയർത്തുകയും ആദരിക്കുകയുമാണോ അതല്ല ഇകഴ്ത്തുകയും അപമാനിക്കുകയുമാണോ ചെയ്തത് എന്ന് മനസ്സിലാക്കണമെങ്കിൽ പ്രമാണങ്ങൾ പഠിക്കണം. ചരിത്രം മനസ്സിലാക്കണം.



**നല്ല രീതിയിൽ കൃഷിയിറക്കാനും നല്ല രൂപത്തിൽ വിളവെടുക്കാനും ആഗ്രഹിക്കുന്ന ഏതൊരാളും തന്റെ കൃഷിയിടം ശ്രദ്ധിക്കുകയും സൂക്ഷിക്കുകയും ചെയ്യും. ഇതുപോലെയാണ് ദാമ്പത്യ ജീവിതവും.**

"സ്ത്രീകളോട് നിങ്ങൾ മാന്യമായി പെരുമാറുക," "നിങ്ങളിൽ ഉത്തമർ സ്വന്തം ഇണകളോട് നല്ല രൂപത്തിൽ ഇടപഴകുന്നവരാണ്," "ഐഹിക ജീവതത്തിലെ ഏറ്റവും നല്ല വിഭവമാണ് നല്ല ഭാര്യ" എന്നിങ്ങനെയുള്ള നിരവധി വചനങ്ങളിലൂടെ ഇണയെന്ന നിലയിലും സ്ത്രീയെ ഇസ്‌ലാം അംഗീകരിക്കുകയും ആദരിക്കുകയുമാണ് ചെയ്തിട്ടുള്ളത്. ക്വുർആൻ പറഞ്ഞത് കാണുക:

"സത്യവിശ്വാസികളേ, സ്ത്രീകളെ ബലാൽക്കാരമായിട്ട് അനന്തരാവകാശ സ്വത്തായി എടുക്കൽ നിങ്ങൾക്ക് അനുവദനീയമല്ല. അവർക്ക് (ഭാര്യമാർക്ക്) നിങ്ങൾ കൊടുത്തിട്ടുള്ളതിൽ ഒരു ഭാഗം തട്ടിയെടുക്കുവാൻ വേണ്ടി നിങ്ങളവരെ മുടക്കിയിടുകയും ചെയ്യരുത്. അവർ പ്രത്യക്ഷമായ വല്ല നീചവൃത്തിയും ചെയ്തെങ്കിലല്ലാതെ. അവരോട് നിങ്ങൾ മര്യാദയോടെ സഹവർത്തിക്കേണ്ടതുമുണ്ട്. ഇനി നിങ്ങൾക്കവരോട് വെറുപ്പ് തോന്നുന്ന പക്ഷം (നിങ്ങൾ മനസ്സിലാക്കുക) നിങ്ങളൊരു കാര്യം വെറുക്കുകയും അതേകാര്യത്തിൽ അല്ലാഹു ധാരാളം നൻമ നിശ്ചയിക്കുകയും ചെയ്തെന്ന് വരാം" (ക്വുർആൻ 4:19).

ഒരു കർഷകന് തന്റെ നന്മനിറഞ്ഞ കൃഷിയിടം നൽകുന്ന ആനന്ദവും സന്തോഷവും കൃഷിക്കാർക്കും കൃഷിക്കാരെ അറിയുന്നവർക്കും ആരും പറഞ്ഞുകൊടുക്കേണ്ടതില്ല. അതുപോലെ ആ കർഷകനും കൃഷിയിടവും തമ്മിലുള്ള ആത്മബന്ധവും അയാളുടെ പരിചരണവും അതിന്റെ നന്മക്കായുള്ള പരിശ്രമങ്ങളും വ്യക്തമാണ്. കേവലം ഫലങ്ങൾ കാംക്ഷിക്കുകയും കൃഷിയിടം പരിചരിക്കുകയോ ശ്രദ്ധിക്കുകയോ ചെയ്യാതിരിക്കുകയും ചെയ്യുമ്പോൾ വിപരീതഫലമായിരിക്കും ഉണ്ടാവുക എന്നത് ആർക്കാണറിഞ്ഞുകൂടാത്തത്?

വാസ്തവത്തിൽ സ്ത്രീയെ കേവലം ഉപഭോഗ വസ്തുവാക്കി സുഖിക്കുവാനുള്ള സന്ദേശമല്ല, പ്രത്യുത പുരുഷന്റെ ഉത്തരവാദിത്തങ്ങളും ബാധ്യതകളുമാണ് ഈ വചനത്തിൽ വ്യക്തമാക്കുന്നത്.

കൃഷിയും ഉൽപന്നങ്ങളും മികച്ചതാകണമെങ്കിൽ കൃഷിയിടത്തെ പരിചരിക്കുന്നതടക്കമുള്ള ഉത്തരവാദിത്തങ്ങൾ കൃഷിക്കാരനിൽ അർപിതമാണ്. അയാളുടെ അശ്രദ്ധയും അവഗണനയുമാണ് അതിലെ പരാജയത്തിന്റെ പ്രധാനകാരണമെന്ന് സൂക്ഷ്മവിശകലനത്തിൽ മനസ്സിലാക്കാൻ സാധിക്കും.

ജനിച്ച കുട്ടി പെണ്ണായതിന്റെ പേരിൽ സ്ത്രീയെ പഴിക്കുന്ന ആളുകളുണ്ട്. ഈ വചനം ശരിയായ രൂപത്തിൽ ഗ്രഹിച്ചാൽ അതിലെ ബാലിശത ബോധ്യമാവും.

അപ്രകാരം തന്നെ ഭാര്യാഭർത്താക്കന്മാരെ കുറിച്ച് ക്വുർആൻ പറഞ്ഞ മറ്റൊരു ഉപമയാണ് “അവർ നിങ്ങളുടെ വസ്ത്രമാകുന്നു, നിങ്ങൾ അവരുടെയും” (2:187) എന്നത്. വസ്ത്രത്തിന്റെ ധർമവും ഗുണങ്ങളും അറിയാത്ത, വസ്ത്രത്തെ നേരായ വിധത്തിൽ ശ്രദ്ധിക്കാത്ത ഒരാൾക്ക് അതൊരു ഇകഴ്ത്തലും അപമാനിലുമൊക്കെയായി തോന്നിയേക്കാം. എന്നാൽ വസ്ത്രത്തിന്റെ സുഖവും ഗുണങ്ങളും അറിയുകയും അത് ഉപയോഗിക്കുകയും ചെയ്യുന്ന ഒരാൾക്ക് ആ ഉപമയിലടങ്ങിയിട്ടുള്ള നിരവധി നന്മകളാണ് മനസ്സിലാക്കാൻ കഴിയുക.

അന്ധമായ വിമർശനങ്ങൾക്കുപരി സത്യസന്ധമായ പഠനവും അന്വേഷണവുമാണ് വിവേകമതികളിൽ നിന്നുണ്ടാവേണ്ടത്.

ക്വുർആൻ വ്യാഖ്യാതക്കൾ ഉണർത്തിയതുപോലെ ഈ വചനം അവതരിക്കുന്നതിന് ഒരു പശ്ചാത്തലമുണ്ട്. അതുകൂടി പരിശോധിക്കുമ്പോഴാണ് ആ വചനത്തിന്റെ മറ്റൊരു മഹത്ത്വം കൂടി അറിയാൻ കഴിയുക. പിന്നിലൂടെ ലൈംഗിക ബന്ധത്തിലേർപെട്ടാൽ ജനിക്കുന്ന കുട്ടിക്ക് കണ്ണിന് വൈകല്യമുണ്ടാകുമെന്ന തെറ്റായ ഒരു ധാരണ ആളുകൾക്കുണ്ടായിരുന്നു. ആ വിഷയത്തിലുള്ള ഇസ്‌ലാമിന്റെ കാഴ്ചപ്പാടറിയാൻ പ്രവാചക സന്നിധിയിലെത്തിയവർക്കുള്ള മറുപടിയായിക്കൊണ്ടുമാണ് ആ സൂക്തം അവതരിച്ചത്. അഥവാ ലൈംഗിക ശാസ്ത്രത്തിന്റെ ഏറ്റവും നവീനമായ വെളിപ്പെടുത്തലുകൾ സാക്ഷീകരിക്കുന്ന വിശദീകരണം. ലൈംഗിക മരവിപ്പിനും പരാജയത്തിനുമുള്ള പരിഹാരമായി ഇന്ന് നിർദേശിക്കപ്പെടുന്ന കാര്യമാണ് ഇണയെ സമീപിക്കുന്നതിലെ വ്യത്യസ്ത രീതികൾ. രീതി മാറുന്നതിൽ തെറ്റില്ല എന്ന് പഠിപ്പിക്കുകയാണ് ഈ വചനത്തിലൂടെ. ●

peaceradio
Tune to reality

**ഈ ആഴ്ചയിലെ പ്രധാന പരിപാടികൾ**

**വോയ്സ് ഓഫ് പീസ്**
**എന്തുകൊണ്ട് ലഘുലേഖ വിതരണം**
**ടി.കെ അഷ്‌റഫ്**
02.10.17 തിങ്കൾ 6:50 PM, 06:45 PM

**ഇ മദ്രസ**
**രോഗസന്ദർശനം: നാം അറിയേണ്ടത് ഭാഗം: 2**
**ഹസൻ അൻസാരി**
03.10.17 ചൊവ്വ 07:20 AM, 06:05 PM

**ഹൃദയവസന്തം**
**സൂറ: ഫതഹ് 1,2,3**
**അനസ് സ്വലാഹി കൊല്ലം**
03.10.17 ചൊവ്വ, 7:45 PM
04.10.17 ബുധൻ, 5:00 PM

**ഇൻസൈറ്റ്**
**ഞാനെന്തുകൊണ്ട് മുസ്‌ലിമായി**
**റായിഫ് എടക്കനാട്**
04.10.17 ബുധൻ 07:05 AM, 07:00 PM
05.10.17 വ്യാഴം 02:55 PM

**സലഫി ദുറൂസ്**
**നുബുവ്വത്തിന്റെ തെളിവുകൾ, ഭാഗം: 72**
**അബൂബക്കർ സലഫി**
05.10.17 വ്യാഴം 4:30 PM, 9:30 PM, 06.10.17 വെള്ളി 9:30 PM

**തജ്‌വീദ് പഠനം**
**സൂറ: ജിന്ന് 14-28**
**ഹാഫിള് അസ്‌ലം കുവൈത്ത്**
06.10.17 വെള്ളി, 7:45 PM, 07.10.17 ശനി, 5:00 PM

**സുപഥം**
**അന്ധവിശ്വാസങ്ങളുടെ ലോകം, ഭാഗം: 5**
**ഫൈസൽ മൗലവി**
06.10.17 വെള്ളി, 04:30 PM, 09:30 PM
07.10.17 ശനി, 09:30 AM

**ടീൻസ് ടൈം**
**നമ്മെ നശിപ്പിക്കുന്ന കാര്യങ്ങൾ**
**മുസ്തഫ മദനി**
07.10.17 ശനി 9:00 PM, 11:15 PM
08.10.17 ഞായർ 10:30 AM

peaceradio നിങ്ങളുടെ മൊബൈലിൽ ലഭ്യമാകാൻ:
Search peaceradio
Search peace radio App
www.peaceradio.com
Scan QR Code

ഫദ്‌ലുൽ ഹഖ് ഉമരി
kmfumari@gmail.com

ലേഖനം



# പ്രാർഥന അല്ലാഹുവോട് മാത്രം: എന്തുകൊണ്ട്?

സ്വർഗം കൊതിക്കുന്നവർ അല്ലാഹുവിനോടല്ലാതെ പ്രാർഥിക്കുകയില്ല. അവനിലേക്കല്ലാതെ കൈകളുയർത്തുകയില്ല. സ്വർഗത്തിൽ പ്രവേശിച്ച ശേഷം അവർതന്നെ പറയുന്നത് ശ്രദ്ധിക്കുക:

"പരസ്പരം പലതും ചോദിച്ചുകൊണ്ട് അവരിൽ ചിലർ ചിലരെ അഭിമുഖീകരിക്കും. അവർ പറയും: തീർച്ചയായും നാം മുമ്പ് നമ്മുടെ കുടുംബത്തിലായിരിക്കുമ്പോൾ ഭയഭക്തിയുള്ളവരായിരുന്നു. അതിനാൽ അല്ലാഹു നമുക്ക് അനുഗ്രഹം നൽകുകയും രോമകൂപങ്ങളിൽ തുളച്ചുകയറുന്ന നരകാഗ്നിയുടെ ശിക്ഷയിൽ നിന്ന് അവൻ നമ്മെ കാത്തുരക്ഷിക്കുകയും ചെയ്തു. തീർച്ചയായും നാം മുമ്പേ അവനോട് പ്രാർഥിക്കുന്നവരായിരുന്നു. തീർച്ചയായും അവൻ തന്നെയാകുന്നു ഔദാര്യവാനും കരുണാനിധിയും'' (52:25-28).

സൃഷ്ടികളിലേക്കോ വിഗ്രഹങ്ങളിലേക്കോ ഇത്തരക്കാരുടെ ഹൃദയം നീങ്ങുകയില്ല. ഒരിക്കലും മരണമില്ലാത്ത, എന്നെന്നും ജീവിച്ചിരിക്കുന്നവനായ അല്ലാഹുവിനോട് മാത്രമെ ഇവർ പ്രാർഥിക്കുകയുള്ളൂ. അല്ലാഹു ഇവരെക്കുറിച്ച് പറയുന്നു:

"ഭയത്തോടും പ്രത്യാശയോടും കൂടി തങ്ങളുടെ രക്ഷിതാവിനോട് പ്രാർഥിക്കുവാനായി, കിടന്നുറങ്ങുന്ന സ്ഥലങ്ങൾ വിട്ട് അവരുടെ പാർശ്വങ്ങൾ അകലുന്നതാണ്. അവർക്ക് നാം നൽകിയതിൽ നിന്ന് അവർ ചെലവഴിക്കുകയും ചെയ്യും. എന്നാൽ അവർ പ്രവർത്തിച്ചിരുന്നതിനുള്ള പ്രതിഫലമായിക്കൊണ്ട് കൺകുളിർപ്പിക്കുന്ന എന്തെല്ലാം കാര്യങ്ങളാണ് അവർക്ക് വേണ്ടി രഹസ്യമാക്കിവെക്കപ്പെട്ടിട്ടുള്ളത് എന്ന് ഒരാൾക്കും അറിയാവുന്നതല്ല" (32:16-17).

എന്തുകൊണ്ട് പ്രാർഥന അല്ലാഹുവോട് മാത്രം? എന്തുകൊണ്ട് അവനിലേക്ക് മാത്രം കൈകളുയർത്തണം? എന്തുകൊണ്ട് അവന്റെ മുമ്പിൽ മാത്രം സാഷ്ടാംഗം ചെയ്യണം? സമൂഹം ഈ വിഷയത്തിൽ വ്യതിചലിച്ച് പോയിട്ടുണ്ടെങ്കിലും സത്യം അറിയാനാഗ്രഹിക്കുന്നവർക്ക് അല്ലാഹു ക്വുർആനിലൂടെ നൽകുന്ന മറുപടികൾ എത്രയോ മതിയായതാണ്.

1). പ്രാർഥിക്കണമെന്നും അത് എന്നോട് തന്നെ ആകണമെന്നും നമ്മോട് കൽപിച്ചത് അല്ലാഹുവാണ്:

"നിങ്ങളുടെ രക്ഷിതാവ് പറഞ്ഞിരിക്കുന്നു: നിങ്ങൾ എന്നോട് പ്രാർഥിക്കൂ. ഞാൻ നിങ്ങൾക്ക് ഉത്തരം നൽകാം. എന്നെ ആരാധിക്കാതെ അഹങ്കാരം നടിക്കുന്നവരാരോ അവർ വഴിയെ നിന്ദ്യരായിക്കൊണ്ട് നരകത്തിൽ പ്രവേശിക്കുന്നതാണ്; തീർച്ച" (40:60).

"താഴ്മയോടു കൂടിയും രഹസ്യമായിക്കൊണ്ടും നിങ്ങൾ നിങ്ങളുടെ രക്ഷിതാവിനോട് പ്രാർഥിക്കുക. പരിധിവിട്ട് പോകുന്നവരെ അല്ലാഹു ഇഷ്ടപ്പെടുക തന്നെയില്ല" (7:55).

അല്ലാഹുവോട് മാത്രം പ്രാർഥിക്കാൻ ആവശ്യപ്പെട്ടുകൊണ്ട് നബിﷺ പറയുന്നു: "ഉത്തരംകിട്ടുമെന്ന ഉറച്ച വിശ്വാസത്തോടെ നിങ്ങൾ അല്ലാഹുവോട് പ്രാർഥിക്കുക" (സിൽസിലതുസ്സ്വഹീഹ: 594).

"സംഭവിച്ചതിനും സംഭവിച്ചിട്ടിട്ടില്ലാത്തതിനും

പ്രാർഥന ഫലം ചെയ്യും. അതിനാൽ നിങ്ങൾ പ്രാർഥിക്കുക" (സ്വഹീഹുൽ ജാമിഅ് 3403).

2). പ്രാർഥനയ്ക്കുത്തരം തരാമെന്നേറ്റവൻ അല്ലാഹു മാത്രമാണ്:

"നിന്നോട് എന്റെ ദാസൻമാർ എന്നെപ്പറ്റി ചോദിച്ചാൽ ഞാൻ (അവർക്ക് ഏറ്റവും) അടുത്തുള്ളവനാകുന്നു (എന്ന് പറയുക). പ്രാർഥിക്കുന്നവൻ എന്നെ വിളിച്ച് പ്രാർഥിച്ചാൽ ഞാൻ ആ പ്രാർഥനയ്ക്ക് ഉത്തരം നൽകുന്നതാണ്. അതുകൊണ്ട് എന്റെ ആഹ്വാനം അവർ സ്വീകരിക്കുകയും, എന്നിൽ അവർ വിശ്വസിക്കുകയും ചെയ്യട്ടെ. അവർ നേർവഴി പ്രാപിക്കുവാൻ വേണ്ടിയാണിത്" (2:186).

സൂറഃ അൽബക്വറയിലെ, പ്രാർഥനയുൾക്കൊള്ളുന്ന 286-ാം വചനം നാം പ്രാർഥിച്ചാൽ അല്ലാഹു 'ഞാൻ നിന്റെ പ്രാർഥന സ്വീകരിച്ചിരിക്കുന്നു' എന്ന് പറയുമത്രെ. സൂറഃ ആലുഇംറാനിലും ഇങ്ങനെ ചില പ്രാർഥനകൾ കാണാം. (ആലുഇംറാൻ 192-196).

അതിനുശേഷം അല്ലാഹു പറയുന്നു: "അവരുടെ റബ്ബ് അവർക്ക് ഉത്തരം നൽകി..."

3). ആരാധനകളിൽ ഏറ്റവും ശ്രേഷ്ഠമായതാണ് പ്രാർഥന. ആരാധനയുടെ ഇനത്തിൽപെട്ട ഒന്നും അല്ലാഹുവിനോടല്ലാതെ പാടില്ല. നബിﷺ പറയുന്നു: "പ്രാർഥന; അതുതന്നെയാണ് ആരാധന" (സ്വഹീഹുൽ ജാമിഅ് 3401). ശേഷം നബിﷺ ഈ ആയത്ത് പാരായണം ചെയ്തു: "നിങ്ങളുടെ രക്ഷിതാവ് പറഞ്ഞിരിക്കുന്നു: നിങ്ങൾ എന്നോട് പ്രാർഥിക്കൂ. ഞാൻ നിങ്ങൾക്ക് ഉത്തരം നൽകാം. എന്നെ ആരാധിക്കാതെ അഹങ്കാരം നടിക്കുന്നവരാരോ അവർ വഴിയെ നിന്ദ്യരായിക്കൊണ്ട് നരകത്തിൽ പ്രവേശിക്കുന്നതാണ്; തീർച്ച" (40:60).

ഈ വചനത്തിൽ പ്രാർഥനയെയാണ് അല്ലാഹു ആരാധനയായി പറഞ്ഞത്. മാത്രമല്ല നബിﷺ പറഞ്ഞു: "പ്രാർഥനയാണ് ഏറ്റവും ശ്രേഷ്ഠമായ ആരാധന" (സിൽസിലതുസ്സ്വഹീഹ 1579). "പ്രാർഥനയെക്കാൾ ആദരണീയമായ മറ്റൊന്ന് അല്ലാഹുവിന്റെ അടുക്കലില്ല" (തിർമിദി 2284). "പ്രാർഥനയിൽ ന്യൂനത വരുത്തിയവനാണ് ഏറ്റവും വലിയ ന്യൂനതക്കാരൻ" (സിൽസിതുസ്സ്വഹീഹ 601).

4). അല്ലാഹുവോട് പ്രാർഥിക്കാത്തപക്ഷം അവൻ കോപിക്കും. ആരാധിക്കപ്പെടുന്ന വസ്തുക്കളും വ്യക്തികളും അനേകമുണ്ടെങ്കിലും ഈ സ്വഭാവം അല്ലാഹുവിന് മാത്രമേയുള്ളൂ. അടിമ തന്നോട് ചോദിക്കുന്നതും അവർക്ക് ഉത്തരം നൽകുന്നതും അല്ലാഹുവിന് ഏറ്റവും ഇഷ്ടമുള്ള കാര്യമാണ്: "അല്ലാഹുവിനോട് വല്ലവനും ചോദിച്ചില്ലെങ്കിൽ അല്ലാഹു അവനോട് കോപിക്കും" (തിർമിദി 2686).

രാവും പകലും അല്ലാഹുവോട് ചോദിച്ചുകൊണ്ടിരിക്കുക. അവൻ കോപിക്കുകയില്ല. മനുഷ്യരോട് ഒരുതവണ ചോദിച്ച് വീണ്ടും ആവർത്തിച്ചാൽ അവൻ കോപിക്കും. വാതിൽ കൊട്ടിയടക്കും. എന്നാൽ അല്ലാഹു വാതിൽ തുറന്നിട്ടിരിക്കുകയാണ്; തൗബ സ്വീകരിക്കാൻ, മാപ്പ് കൊടുക്കാൻ, പ്രാർഥനയ്ക്കുത്തരം നൽകാൻ.

5). അല്ലാഹു മാത്രമാണ് ധന്യൻ. അവന്റെ ഖജനാവിലുള്ളത് അവസാനിക്കുകയില്ല. അവൻ നൽകാൻ തയാറുള്ളവനുമാണ്. മനുഷ്യർ (അവർ ആരോ ആകട്ടെ) ഒന്നുംതന്നെ ഉടമപ്പെടുത്തുന്നില്ല. ദരിദ്രരാണവർ. സ്വയം നിലനിൽപില്ലാത്തവരാണവർ. നൽകാൻ കഴിയാത്തവരാണവർ. പ്രാർഥന കേൾക്കാൻ അവരെക്കൊണ്ടാവില്ല.

"മനുഷ്യരേ, നിങ്ങൾ അല്ലാഹുവിന്റെ ആശ്രിതൻമാരാകുന്നു. അല്ലാഹുവാകട്ടെ സ്വയം പര്യാപ്തനും സ്തുത്യർഹനുമാകുന്നു" (35:15).

"രാവിനെ അവൻ പകലിൽ പ്രവേശിപ്പിക്കുന്നു. പകലിനെ രാവിലും പ്രവേശിപ്പിക്കുന്നു. സൂര്യനെയും ചന്ദ്രനെയും അവൻ (തന്റെ നിയമത്തിന്) വിധേയമാക്കുകയും ചെയ്തിരിക്കുന്നു. അവയോരോന്നും നിശ്ചിതമായ ഒരു പരിധി വരെ സഞ്ചരിക്കുന്നു. അങ്ങനെയുള്ളവനാകുന്നു നിങ്ങളുടെ രക്ഷിതാവായ അല്ലാഹു. അവന്നാകുന്നു ആധിപത്യം. അവനു പുറമെ ആരോട് നിങ്ങൾ പ്രാർഥിക്കുന്നുവോ അവർ ഒരു ഈത്തപ്പഴക്കുരുവിന്റെ പാടപോലും ഉടമപ്പെടുത്തുന്നില്ല. നിങ്ങൾ അവരോട് പ്രാർഥിക്കുന്ന പക്ഷം അവർ നിങ്ങളുടെ പ്രാർഥന കേൾക്കുകയില്ല. അവർ കേട്ടാലും നിങ്ങൾക്കവർ ഉത്തരം നൽകുന്നതല്ല. ഉയിർത്തെഴുന്നേൽപിന്റെ നാളിലാകട്ടെ നിങ്ങൾ അവരെ പങ്കാളികളാക്കിയതിനെ അവർ നിഷേധിക്കുന്നതുമാണ്. സൂക്ഷ്മജ്ഞാനമുള്ളവനെ(അല്ലാഹുവെ)പ്പോലെ നിനക്ക് വിവരം തരാൻ ആരുമില്ല" (35:13,14).

അല്ലാഹുവിന്റെ ഇഷ്ടദാസന്മാരായ സ്വർഗക്കാരുടെ ഈ ലോകത്തെ സവിശേഷതകൾ എടുത്തു പറയുന്നേടത്ത് ഇങ്ങനെ കാണാം:

"ഇപ്രകാരം പറയുന്നുവരുമാകുന്നു അവർ: ഞങ്ങളുടെ രക്ഷിതാവേ, ഞങ്ങളിൽ നിന്ന് നരകശിക്ഷ നീ ഒഴിവാക്കിത്തരേണമേ, തീർച്ചയായും അതിലെ ശിക്ഷ വിട്ടൊഴിയാത്ത വിപത്താകുന്നു. തീർച്ചയായും അത് (നരകം) ചീത്തയായ ഒരു താവളവും പാർപ്പിടവും തന്നെയാകുന്നു" (25: 65,66).

"അല്ലാഹുവേ, നരകത്തിൽ നിന്നും എന്നെ നീ രക്ഷിക്കണേ" (തിർമിദി 2079) എന്ന് നബിﷺ പ്രാർഥിക്കാറുണ്ടായിരുന്നു.

നരകമോചനം ആഗ്രഹിക്കുന്നവർ, മക്കളെ വേണ്ടവർ, രോഗശമനം കൊതിക്കുന്നവർ, ജീവിതത്തിൽ അഭിവൃദ്ധി തേടുന്നവർ...എല്ലാവരും അല്ലാഹുവോട് പ്രാർഥിക്കുക.

സ്വർഗാവകാശികളായി മാറിയ പ്രവാചകന്മാർ പല പ്രയാസങ്ങളും ഉള്ളവരായിരുന്നു. മുമ്പ് കഴിഞ്ഞുപോയ ഒരു നബിയുടെയും ക്വബ്ർ തേടി അവർ പോയിട്ടില്ല. അല്ലാഹുവോടല്ലാതെ ആവലാതി പറഞ്ഞിട്ടില്ല. വയസ്സേറെയായിട്ടും മക്കളില്ലാത്തിന്റെ വിഷമം സഹിച്ചവരായിരുന്നു ഇബ്‌റാഹീംനബിﷺയും സകരിയ്യാ നബിﷺയും. അവരുടെ പ്രാർഥനകൾ കാണുക:

"എന്റെ രക്ഷിതാവേ, സദ്‌വൃത്തരിൽ ഒരാളെ നീ എനിക്ക് (പുത്രനായി) പ്രദാനം ചെയ്യേണമേ. അപ്പോൾ സഹനശീലനായ ഒരു ബാലനെപ്പറ്റി നാം അദ്ദേഹത്തിന് സന്തോഷവാർത്ത അറിയിച്ചു" (37:100-101).

"അവിടെ വെച്ച് സകരിയ്യാ തന്റെ രക്ഷിതാവിനോട് പ്രാർഥിച്ചു: എന്റെ രക്ഷിതാവേ, എനിക്ക് നീ നിന്റെ പക്കൽനിന്ന് ഒരു ഉത്തമ സന്താനത്തെ നൽകേണമേ. തീർച്ചയായും നീ പ്രാർഥന കേൾക്കുന്നവനാണല്ലോ എന്ന് അദ്ദേഹം പറഞ്ഞു"(3:38).

മക്കളിലൂടെ കൺകുളിർമ ലഭിക്കണമെങ്കിൽ സ്വർഗക്കാരുടെ പ്രകൃതംതന്നെ സ്വീകരിക്കുക: "ഞങ്ങളുടെ രക്ഷിതാവേ, ഞങ്ങളുടെ ഭാര്യമാരിൽനിന്നും സന്തതികളിൽനിന്നും ഞങ്ങൾക്ക് നീ കൺകുളിർമ നൽകുകയും ധർമനിഷ്ഠ പാലിക്കുന്നവർക്ക് ഞങ്ങളെ നീ മാതൃകയാക്കുകയും ചെയ്യേണമേ എന്ന് പറയുന്നവരുമാകുന്നു അവർ" (25:74).

ഇബ്‌റാഹീം നബിﷺ പ്രാർഥിച്ച പോലെ പ്രാർഥിക്കുകയും ചെയ്യുക:

"എന്റെ രക്ഷിതാവേ, എന്നെ നീ നമസ്കാരം മുറപ്രകാരം നിർവഹിക്കുന്നവനാക്കേണമേ. എന്റെ സന്തതികളിൽ പെട്ടവരെയും (അപ്രകാരം ആക്കേണമേ) ഞങ്ങളുടെ രക്ഷിതാവേ, എന്റെ പ്രാർഥന നീ സ്വീകരിക്കുകയും ചെയ്യേണമേ" (14:40).

ദുരിതങ്ങളിലും പ്രയാസങ്ങളിലും അകപ്പെട്ടാൽ യൂനുസ് നബിﷺയുടെ പ്രാർഥനയിൽ നമുക്ക് മാതൃകയുണ്ട്: "...അനന്തരം ഇരുട്ടുകൾക്കുള്ളിൽ നിന്ന് അദ്ദേഹം വിളിച്ചുപറഞ്ഞു: നീയല്ലാതെ യാതൊരു ദൈവവുമില്ല. നീ എത്ര പരിശുദ്ധൻ! തീർച്ചയായും ഞാൻ അക്രമികളുടെ കൂട്ടത്തിൽ പെട്ടവനായിരിക്കുന്നു. അപ്പോൾ നാം അദ്ദേഹത്തിന് ഉത്തരം നൽകുകയും ദുഃഖത്തിൽ നിന്ന് അദ്ദേഹത്തെ നാം രക്ഷപ്പെടുത്തുകയും ചെയ്തു. സത്യവിശ്വാസികളെ അപ്രകാരം നാം രക്ഷിക്കുന്നു" (21:87,88).

ദുൻയാവിൽ ഒറ്റപ്പെട്ടു. എല്ലാവരും നമ്മെ കൈവിട്ടു. എന്നാലും നമ്മൾ നിരാശപ്പെടേണ്ട. ഒറ്റപ്പെട്ട സന്ദർഭത്തിൽ മൂസാനബിﷺ അവലംബിച്ചത് പ്രാർഥനയെയാണ്. അതിന് ഉത്തരം ലഭിക്കുകയും ചെയ്തു: "അങ്ങനെ അവർക്കു വേണ്ടി അദ്ദേഹം (അവരുടെ കാലികൾക്ക്) വെള്ളം കൊടുത്തു. പിന്നീടദ്ദേഹം തണലിലേക്ക് മാറിയിരുന്നിട്ട് ഇപ്രകാരം പ്രാർഥിച്ചു: എന്റെ രക്ഷിതാവേ, നീ എനിക്ക് ഇറക്കിത്തരുന്ന ഏതൊരു നൻമയ്ക്കും ഞാൻ ആവശ്യക്കാരനാകുന്നു. അപ്പോൾ ആ രണ്ട് സ്ത്രീകളിൽ ഒരാൾ നാണിച്ചു കൊണ്ട് അദ്ദേഹത്തിന്റെ അടുത്ത് നടന്നുചെന്നിട്ട് പറഞ്ഞു: താങ്കൾ ഞങ്ങൾക്കു വേണ്ടി (ആടുകൾക്ക്) വെള്ളം കൊടുത്തതിനുള്ള പ്രതിഫലം താങ്കൾക്കു നൽകുവാനായി എന്റെ പിതാവ് താങ്കളെ വിളിക്കുന്നു. അങ്ങനെ മൂസാ അദ്ദേഹത്തിന്റെ അടുത്ത് ചെന്നിട്ട് തന്റെ കഥ അദ്ദേഹത്തിന് വിവരിച്ചുകൊടുത്തപ്പോൾ അദ്ദേഹം പറഞ്ഞു: ഭയപ്പെടേണ്ട. അക്രമികളായ ആ ജനതയിൽ നിന്ന് നീ രക്ഷപ്പെട്ടിരിക്കുന്നു" (28:24,25).

ആരുമില്ലാത്ത മൂസാനബിﷺക്ക് പ്രാർഥനയുടെ ഫലമായി കിട്ടിയത് ശത്രുവിൽനിന്നുള്ള സുരക്ഷ, ജോലി, നല്ലവളായ ഭാര്യ തുടങ്ങിയ അനുഗ്രഹങ്ങളാണ്!

രാത്രിയുടെ അന്ത്യയാമങ്ങളിൽ എഴുന്നേറ്റ് ഉള്ളുരുകി പ്രാർഥിക്കുക. തീർച്ചയായും അല്ലാഹു ഉത്തരം തരും. 'ഏതു പ്രാർഥനയാണ് കൂടുതൽ സ്വീകരിക്കപ്പെടുക?' എന്ന ചോദ്യത്തിന് നബിﷺ നൽകിയ മറുപടി 'രാത്രിയുടെ അവസാന ഭാഗത്തിലും നിർബന്ധ നമസ്കാര ശേഷവും ഉള്ളത്' (തിർമിദി 2782) എന്നായിരുന്നു. 'ബാങ്കിനും ഇക്വാമത്തിനും ഇടക്കുള്ള സമയം തള്ളപ്പെടുകയില്ല. അതിനാൽ നിങ്ങൾ പ്രാർഥിക്കുക' എന്നും ഹദീഥിൽ കാണാം (ഇർവാഉൽ ഗലീൽ 244).

'ഒരു അടിമ തന്റെ റബ്ബിലേക്ക് ഏറ്റവും അടുക്കുന്നത് അവൻ സുജൂദിലായിരിക്കെയാണ്. അതിനാൽ നിങ്ങൾ പ്രാർഥന വർധിപ്പിക്കുക' എന്നും നബിﷺ പഠിപ്പിച്ചിട്ടുണ്ട്. അല്ലാഹുവിന്റെ വിശിഷ്ട നാമങ്ങളും വിശേഷണങ്ങളും ഉപയോഗിച്ച് പ്രാർഥിച്ചാൽ അത് സ്വരീകാര്യതക്ക് ശക്തി കൂട്ടും."അല്ലാഹുവിനാണ് ഏറ്റവും നല്ല നാമങ്ങൾ. അതിനാൽ അവകൊണ്ട് നിങ്ങൾ അവനോട് പ്രാർഥിക്കുക" (7:180).

നമ്മൾ ചെയ്ത സൽകർമങ്ങൾ മുൻനിർത്തി നാം ചെയ്യുന്ന പ്രാർഥനകളും കൂടുതൽ സ്വീകാര്യതക്ക് കാരണമാണ്. ഹറാമായ സമ്പാദ്യംകൊണ്ട് ജീവിതം നയിക്കുന്നവൻ എത്ര പ്രാർഥിച്ചാലും അത് നിഷ്ഫലമായിരിക്കും. അതിനാൽ ഹലാലായ മാർഗത്തിൽ സമ്പാദിച്ച് ഹലാലായത് തിന്നും കുടിച്ചും ധരിച്ചും ജീവിക്കുക. പ്രാർഥന സ്വീകരിക്കപ്പെടും.

സ്വർഗം ലക്ഷ്യമാക്കി നീങ്ങുന്ന നമ്മൾ ഒരിക്കലും പ്രാർഥനയെ നിസ്സാരമായി കാണരുത്. തന്റെ ദുർബലതയും ഇല്ലായ്മയും വിനയവുമെല്ലാം സർവശക്തന്റെ മുമ്പിൽ പ്രകടമാക്കുന്ന, തുറന്നു പറയുന്ന ഭവ്യതയുടെ പ്രകടരൂപമാണ് പ്രാർഥന. പ്രാർഥനയില്ലായെങ്കിൽ അല്ലാഹു നമ്മെ പരിഗണിക്കുകയേയില്ല എന്ന് ക്വുർആൻ നമ്മെ അറിയിക്കുന്നത് നാം ഗൗരവത്തിൽ കാണുകതന്നെ വേണം. ●

അബൂ മുബീൻ
mail@nerpatham.com

ക്വുർആൻ പഠനം

# പ്രവാചകനോടുള്ള കടമകൾ

**"പറയുക: മനുഷ്യരേ, തീർച്ചയായും ഞാൻ നിങ്ങളിലേക്കെല്ലാമുള്ള അല്ലാഹുവിന്റെ ദൂതനാകുന്നു. ആകാശങ്ങളുടെയും ഭൂമിയുടെയും ആധിപത്യം ഏതൊരുവന്നാണോ അവന്റെ (ദൂതൻ) അവനല്ലാതെ ഒരു ദൈവവുമില്ല. അവൻ ജീവിപ്പിക്കുകയും മരിപ്പിക്കുകയും ചെയ്യുന്നു. അതിനാൽ നിങ്ങൾ അല്ലാഹുവിലും അവന്റെ ദൂതനിലും വിശ്വസിക്കുവിൻ. അതെ, അല്ലാഹുവിലും അവന്റെ വചനങ്ങളിലും വിശ്വസിക്കുന്ന അക്ഷരജ്ഞാനമില്ലാത്ത ആ പ്രവാചകനിൽ. അദ്ദേഹത്തെ നിങ്ങൾ പിൻപറ്റുവിൻ നിങ്ങൾക്ക് നേർമാർഗം പ്രാപിക്കാം" (ക്വുർആൻ 7:158).**

സ്രഷ്ടാവും പരമകാരുണികനുമായ അല്ലാഹു അവന്റെ കാരുണ്യത്തിന്റെ ഭാഗമായി നമ്മിൽ നിന്നു തന്നെയുള്ള ഒരാളെ അവന്റെ ദൂതനായി തെരഞ്ഞെടുത്തു. മനുഷ്യാരംഭം മുതൽക്കേ വ്യത്യസ്ത കാലങ്ങളിലായി നിരവധി പ്രവാചകന്മാർ വന്നിട്ടുണ്ട്. അതിൽ അവസാനത്തെ കണ്ണിയാണ് മുഹമ്മദ് നബിﷺ. സർവലോകരിലേക്കുമായി നിയോഗിക്കപ്പെട്ട അദ്ദേഹത്തിനു ശേഷം ഇനി ഒരു പ്രവാചകൻ വരാനില്ല. അല്ലാഹു പറയുന്നു: "മുഹമ്മദ് നിങ്ങളുടെ പുരുഷൻമാരിൽ ഒരാളുടെയും പിതാവായിട്ടില്ല. പക്ഷേ, അദ്ദേഹം അല്ലാഹുവിന്റെ ദൂതനും പ്രവാചകൻമാരിൽ അവസാനത്തെ ആളുമാകുന്നു. അല്ലാഹു ഏത് കാര്യത്തെപ്പറ്റിയും അറിവുള്ളവനാകുന്നു"(ക്വുർആൻ 33:40).

സ്രഷ്ടാവിന്റെ സന്ദേശങ്ങളുമായി കടന്നുവന്ന ആ പ്രവാചകൻ സ്വാഭീഷ്ടപ്രകാരം യാതൊന്നും സംസാരിക്കുകയില്ല. അല്ലാഹു പറയുന്നു: "അദ്ദേഹം തന്നിഷ്ടപ്രകാരം സംസാരിക്കുന്നുമില്ല. അത് അദ്ദേഹത്തിന് ദിവ്യസന്ദേശമായി നൽകപ്പെടുന്ന ഒരു ഉൽബോധനം മാത്രമാകുന്നു" (ക്വുർആൻ 53:3,4).

അതിനാൽ നമ്മുടെ സ്രഷ്ടാവിന്റെ ദൂതനെന്ന നിലയിൽ ആ പ്രവാചകന്റെ ഉപദേശനിർദേശങ്ങൾ അക്ഷരംപ്രതി സ്വീകരിക്കുവാനും അനുസരിക്കുവാനും നാം ബാധ്യസ്ഥരാണ്. ആ പ്രവാചകന്റെ അധ്യാപനങ്ങളിൽ ഒന്നുപോലും നിഷേധിക്കുവാൻ പാടില്ല. കാരണം അദ്ദേഹത്തിനുള്ള അനുസരണം നമ്മെ സൃഷ്ടിച്ച് പരിപാലിക്കുന്ന അല്ലാഹുവിനുള്ള അനുസരണമാണ്. അല്ലാഹു പറയുന്നു: "(അല്ലാഹുവിന്റെ) ദൂതനെ ആർ അനുസരിക്കുന്നുവോ തീർച്ചയായും അവൻ അല്ലാഹുവെ അനുസരിച്ചു. ആർ പിന്തിരിഞ്ഞുവോ അവരുടെ മേൽ കാവൽക്കാരനായി നിന്നെ നാം നിയോഗിച്ചിട്ടില്ല" (ക്വുർആൻ 4:80).

സകലനന്മകളിലേക്കുമാണ് അദ്ദേഹം മാർഗദർശനം നൽകിയത്. അതിനാൽ അവിടുത്തെ അധ്യാപനങ്ങൾക്ക് പൂർണമനസ്സോടെ കീഴ്പ്പെടാത്തവർ യഥാർഥ വിശ്വാസികളല്ലെന്നാണ് ക്വുർആൻ പഠിപ്പിക്കുന്നത്. "ഇല്ല, നിന്റെ രക്ഷിതാവിനെത്തന്നെയാണ സത്യം; അവർക്കിടയിൽ ഭിന്നതയുണ്ടായ കാര്യത്തിൽ അവർ നിന്നെ വിധികർത്താവാക്കുകയും, നീ വിധി കൽപിച്ചതിനെപ്പറ്റി പിന്നീട് അവരുടെ മനസ്സുകളിൽ ഒരു വിഷമവും തോന്നാതിരിക്കുകയും, അത് പൂർണമായി സമ്മതിച്ച് അനുസരിക്കുകയും ചെയ്യുന്നതു വരെ അവർ വിശ്വാസികളാവുകയില്ല."(4:65).

മറ്റാരുടെ വാക്കുകൾക്കും അഭിപ്രായങ്ങൾക്കും- അവർ ആരു തന്നെയായാലും- അദ്ദേഹത്തിന്റെ വാക്കുകളേക്കാൾ പ്രാമുഖ്യം കൽപിക്കാവതല്ല. മറ്റാരെക്കാളും ആ മഹാനുഭാവനെ സ്നേഹിക്കേണ്ടതുമുണ്ട്. കാരണം മറ്റാരിലൂടെ ലഭിച്ച നേട്ടങ്ങളേക്കാളും മഹത്തരമാണ് പരമകാരുണികനായ അല്ലാഹുവിന്റെ സന്ദേശങ്ങൾ കൃത്യമായി വിവരിച്ചുതരിക വഴി മോക്ഷത്തിന്റെ യഥാർഥപാഠം നമുക്ക് പകർന്നുനൽകിയ പ്രവാചകനിലൂടെ നമുക്ക് കിട്ടിയത്.

അല്ലാഹു പറയുന്നു: (നബിയേ,) പറയുക: നിങ്ങളുടെ പിതാക്കളും, നിങ്ങളുടെ പുത്രൻമാരും, നിങ്ങളുടെ സഹോദരങ്ങളും, നിങ്ങളുടെ ഇണകളും, നിങ്ങളുടെ ബന്ധുക്കളും, നിങ്ങൾ സമ്പാദിച്ചുണ്ടാക്കിയ സ്വത്തുക്കളും, മാന്ദ്യം നേരിടുമെന്ന് നിങ്ങൾ ഭയപ്പെടുന്ന കച്ചവടവും, നിങ്ങൾ തൃപ്തിപ്പെടുന്ന പാർപ്പിടങ്ങളും നിങ്ങൾക്ക് അല്ലാഹുവെക്കാളും അവന്റെ ദൂതനെക്കാളും അവന്റെ മാർഗത്തിലുള്ള സമരത്തെക്കാളും പ്രിയപ്പെട്ടതായിരുന്നാൽ അല്ലാഹു അവന്റെ കൽപന കൊണ്ടുവരുന്നത് വരെ നിങ്ങൾ കാത്തിരിക്കുക. അല്ലാഹു ധിക്കാരികളായ ജനങ്ങളെ നേർവഴിയിലാക്കുന്നതല്ല" (ക്വുർആൻ 9:24).

അതിനാൽ ആ മഹാവ്യക്തിത്വത്തെ കൂടുതൽ അറിയുകയും പിൻപറ്റുകയും ചെയ്യുക. നാഥൻ അനുഗ്രഹിക്കട്ടെ!

# ആവിഷ്ക്കാര സ്വാതന്ത്ര്യത്തിന് മേലുള്ള കയ്യേറ്റം തടയണം ഐ.എസ്.എം മീഡിയ ശിൽപശാല

ഫറോക്ക്: വ്യക്തിയുടെയും സമൂഹത്തിന്റെയും ആശയപ്രചാരണത്തിനും ആവിഷ്ക്കാര സ്വാതന്ത്ര്യത്തിനും മേലുള്ള കയ്യേറ്റമാണ് ഫാഷിസം ഇന്ത്യയിൽ ആവർത്തിച്ചുകൊണ്ടിരിക്കുന്നതെന്ന് വിസ്ഡം ഗ്ലോബൽ ഇസ്ലാമിക് മിഷന്റെ ഭാഗമായി ഐ.എസ്.എം സംസ്ഥാന സമിതി രാമനാട്ടുകരയിൽ സംഘടിപ്പിച്ച പീസ് റേഡിയോ മീഡിയ ശിൽപശാല അഭിപ്രായപ്പെട്ടു.

ആശയപരമായ പോരാട്ടങ്ങളെ അധികാരവും കയ്യേറ്റവും നടത്തി ഇല്ലായ്മ ചെയ്യാൻ ശ്രമിക്കുന്നത് അപഹാസ്യമാണ്. ഫാഷിസത്തെ ആശയപരമായി ചെറുക്കുന്ന വ്യക്തികളെ വധിച്ചും ഭീഷണിപ്പെടുത്തിയും സമൂഹത്തിൽ ഭീതിസൃഷ്ടിക്കാനുള്ള ഫാഷിസത്തിന്റെ പുതിയ തന്ത്രം സമൂഹം തിരിച്ചറിയണം. ശിൽപശാല അഭിപ്രായപ്പെട്ടു.

ശിൽപശാല ടി.വി ഇബ്റാഹീം എം.എൽ.എ ഉദ്ഘാടനം ചെയ്തു. ലോകത്തെ ഒരു വിരൽതുമ്പിലേക്കൊതുക്കാൻ സഹായിക്കുന്ന ഇന്റർനെറ്റ് സംവിധാനത്തെ സമൂഹനന്മക്ക് ഉപയോഗപ്പെടുത്താൻ പുതുതലമുറക്ക് സാധിക്കണമെന്ന് അദ്ദേഹം പ്രസ്താവിച്ചു.

പീസ് റേഡിയോ സി.ഇ.ഒ. ഹാരിസ് ഇബ്നു സലീം, വിസ്ഡം ഗ്ലോബൽ ഇസ്ലാമിക് മിഷൻ ജനറൽ കൺവീനർ ടി.കെ അഷറഫ്, ഐ.എസ്.എം സംസ്ഥാന പ്രസിഡന്റ് ഡോ.സി.എം സാബിർ നവാസ്, ജനറൽ സെക്രട്ടറി കെ.സജ്ജാദ്, ഹുസൈൻ കാവനൂർ, നിസാർ കരുനാഗപള്ളി, വൈസ് പ്രസിഡന്റ് കെ.താജുദ്ധീൻ സ്വലാഹി, സെക്രട്ടറിമാരായ അബ്ദുള്ള ഫാസിൽ, പി.യു സുഹൈൽ, പി.കെ ഹാരിഫ്, മെഹ്ബൂബ് അലി, ഷരീഫ് കാര, ഷലു അബൂബക്കർ തുടങ്ങിയവർ വിവിധ സെഷനുകൾക്ക് നേതൃത്വം നൽകി.

ശാസ്ത്ര സാങ്കേതിക രംഗത്തെ വളർച്ച വ്യക്തിയുടെയും സമൂഹത്തിന്റെയും നന്മക്ക് ഉപയോഗിക്കുകയും സമൂഹ മാധ്യമങ്ങളിൽ നൈതികതയിൽ ഊന്നൽ നൽകിക്കൊണ്ട് പുതിയ സംസ്കാരം വളർത്തിയെടുക്കുകയും ചെയ്യുക എന്നതാണ് പീസ് റേഡിയോ ലക്ഷ്യമാക്കുന്നത്. സമൂഹത്തിൽ പാർശ്വവൽക്കരിക്കപ്പെടുന്ന വിഭാഗങ്ങളുടെ ഉന്നമനവും ഭിന്ന ശേഷി വിഭാഗത്തിൽപ്പെട്ട ആളുകളുടെ പുനരധിവാസത്തിന്നും സഹായകമാകുന്ന പ്രോഗ്രാമുകളും പ്രവാസി സമൂഹം അഭിമുഖീകരിക്കുന്ന വിദ്യാഭ്യാസ, സാമ്പത്തിക, കുടുംബ പ്രശ്നങ്ങൾ അവലോകനം ചെയ്യുന്ന പരിപാടികളും പീസ് റേഡിയോ വഴി പ്രക്ഷേപണം ചെയ്തുവരുന്നു.

# ധാർമിക വിദ്യാഭ്യാസം പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തണം: എം.എസ്.എം

കോഴിക്കോട്: വിദ്യാർഥികൾക്ക് ധാർമിക പരിരക്ഷ പകർന്നുനൽകാൻ ഉതകുന്ന തരത്തിലുള്ള അധ്യാപനങ്ങൾ സ്കൂൾ പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തണമെന്ന് വിസ്ഡം ഗ്ലോബൽ ഇസ്ലാമിക് മിഷന്റെ ഭാഗമായി മുജാഹിദ് സ്റ്റുഡൻസ് മൂവ്മെന്റ് കോഴിക്കോട് സിറ്റി മേഖല സമിതി കുണ്ടുങ്ങൽ ബറാമി ഹാളിൽ സംഘടിപ്പിച്ച സി.ആർ.ഇ. കുടുംബസംഗമം ആവശ്യപ്പെട്ടു. വിദ്യാഭ്യാസത്തോടൊപ്പം ധാർമിക പരിരക്ഷ ഇന്നത്തെ വിദ്യാർഥികൾക്ക് അന്യമായിക്കൊണ്ടിരിക്കുന്നതാണ് വിദ്യാർഥി സമൂഹത്തിന്റെ ഇന്നത്തെ പ്രശ്നങ്ങൾക്ക് നിദാനമാകുന്നത്.

വിദ്യാർഥികളുടെ അഭിരുചിക്കനുസൃതമായി അവരുടെ ഉപരിപഠനം നിർണയിക്കാൻ രക്ഷിതാക്കൾ ഒരുങ്ങേണ്ടതുണ്ടെന്ന് സംഗമം ഉദ്ഘാടനം ചെയ്തുകൊണ്ട് സംസാരിച്ച എം.കെ.രാഘവൻ എം.പി. പറഞ്ഞു. മുഴുവൻ വിദ്യാർഥികളെയും പ്രൊഫഷണൽ കോഴ്സുകളിലേക്ക് മാത്രം ചേർക്കുന്നത് ഗുണകരമല്ല. അവരുടെ അഭിരുചിക്കനുസരിച്ചുള്ള ജോലി ചെയ്യുന്നതിലൂടെ മാത്രമെ രാജ്യത്തിന്റെ വികസനത്തിന് ഉപകരിക്കൂ എന്നും അദ്ദേഹം കൂട്ടിചേർത്തു.

മുജാഹിദ് ദഅ്വ സമിതി കോഴിക്കോട് സിറ്റി മേഖല ചെയർമാൻ എസ്.ഐ. ഐദീദ് തങ്ങൾ അധ്യക്ഷത വഹിച്ചു. എം.എസ്.എം. സംസ്ഥാന വൈസ് പ്രസി. അഷ്ക്കർ ഇബ്റാഹീം ചടങ്ങിൽ മുഖ്യാതിഥിയായി. മുജാഹിദ് ബാലുശ്ശേരി മുഖ്യപ്രഭാഷണം നിർവഹിച്ചു. എം.എസ്.എം. കോഴിക്കോട് സൗത്ത് ജില്ല വൈസ് പ്രസി. മുഹമ്മദ് ഫഹീം എസ്.എം, ഐ.എസ്.എം. കോഴിക്കോട് സിറ്റി മേഖല വൈസ് പ്രസി. ജംഷീർ പി.സി എന്നിവർ ആശംസകളർപ്പിച്ചു. കെ.വി. അബ്ദുൽ മജീദ്, അബുകെൻസ്, ഫാരിസ് ഡി, ആദിൽ അഹ്മദ്, കെ.വി. മുഹമ്മദ് ശുഹൈബ്, അഹ്മദ് ഇ.വി, സ്വാബിർ വി, കെ.വി. ഹാദി നജീബ് എന്നിവർ സംസാരിച്ചു. എം.എസ്.എം. കോഴിക്കോട് സിറ്റി മേഖല സെക്രട്ടറി സി.വി. കാബിൽ സ്വാഗതവും മേഖല സി.ആർ.ഇ. കൺവീനർ സെഹൽ ആദം നന്ദിയും പറഞ്ഞു. ●

ഡോ. സി.എം സാബിർ നവാസ്
drsabirnavas@gmail.com

# ആതിര ആദ്യ ഇരയല്ല

ആഇശ ആതിരയാകുന്നതുകൊണ്ട് ആ തിരയിളക്കം അവസാനിക്കുമെന്ന് കരുതിയവർക്ക് തെറ്റി. ആള് കൂടുമ്പോൾ വലിപ്പം കൂടുകയും ആള് കുറയുമ്പോൾ വണ്ണം കുറയുകയും ചെയ്യുന്ന മതമല്ല പ്രകൃതിമതമായ ഇസ്‌ലാം എന്ന് തിരിച്ചറിയാത്തവരെയാണ് ആദ്യം ആദർശം പഠിപ്പിക്കേണ്ടത്.

ചില പെൺകുട്ടികളുടെ മതംമാറ്റവും പിന്നീട് അവർക്കുണ്ടാകുന്ന മനംമാറ്റവും ചർച്ചയാകുന്ന സമകാലിക കേരളീയ സാഹചര്യത്തിൽ ചില കാര്യങ്ങൾ ഉറക്കെ വിളിച്ചുപറയേണ്ടതുണ്ടെന്ന് തോന്നുന്നു. സത്യത്തിൽ മതംമാറ്റമെന്നത് ഇത്ര ഒച്ചപ്പാടുണ്ടാക്കേണ്ട ഒന്നല്ല. വ്യക്തിപരമായ സ്വാതന്ത്ര്യത്തിന്റെ ഭാഗമാണത്. ഇഷ്ടമുള്ള മതവും രാഷ്ട്രീയവും തിരഞ്ഞെടുക്കുവാനും അത് മനസ്സാക്ഷിക്കനുരിച്ച് മാറുവാനുമുള്ള സ്വാതന്ത്ര്യവും അതിന്റെ ഗുണദോഷങ്ങൾ അനുഭവിക്കലും വ്യക്തിയിലധിഷ്ഠിതമാണ്.

ഒറ്റപ്പെട്ട വ്യക്തികളുടെ മതംമാറ്റങ്ങളുടെ പേരിൽ മദംപൊട്ടുന്ന കാഴ്ച പുരോഗമനവും ഉദ്ബുദ്ധതയും അവകാശപ്പെടുന്ന നമുക്ക് ചേർന്നതല്ല. ഒരു വീട്ടിൽ തന്നെ വ്യത്യസ്ത മതങ്ങളിലും ദർശനങ്ങളിലും വിശ്വസിക്കുന്ന വ്യക്തികൾ രമ്യതയോടെ ജീവിക്കുന്ന സാഹചര്യം നിലനിൽക്കുകയും ഭരണഘടന അംഗീകരിക്കുകയും ചെയ്യുന്നുണ്ട്. ആഇശയായി മാറി വീണ്ടും ആതിരയായി പരിണമിച്ച പെൺകുട്ടിയിലേക്ക് വരാം. ഇപ്പോൾ മാധ്യമങ്ങളുടെ മുന്നിലേക്ക് വന്ന ഇതേ പെൺകുട്ടി കുറച്ച് മാസങ്ങൾക്ക് മുമ്പും ചാനലുകളിൽ വാർത്തയായിരുന്നു. ഗൂഢാലോചനയിലേക്കൊന്നും കടക്കാതെ,ആ കുട്ടി പറയുന്നത് മാത്രം മുഖവിലക്കെടുത്താൽ എന്താണ് പ്രശ്നമുള്ളത്? പ്രായപൂർത്തിയായ അവൾക്ക് അങ്ങനെ പറയാനും ചെയ്യാനുമുള്ള സ്വാതന്ത്ര്യമില്ലേ? ഇസ്‌ലാമിലേക്ക് വരാനുള്ളതു പോലെത്തന്നെ തിരിച്ചുപോകാനുള്ള സ്വാതന്ത്ര്യവും അവൾക്ക് വകവെച്ചു കൊടുക്കുകയല്ലേ ചെയ്യേണ്ടത്? മുസ്‌ലിംകൾക്കാർക്കും ഈ വിഷയത്തിൽ രണ്ടഭിപ്രായമുണ്ടാകാൻ വകയില്ല.

മനുഷ്യരെയും പ്രപഞ്ചത്തെയും സൃഷ്ടിച്ച് പരിപാലിക്കുന്ന ഏകദൈവത്തിന്റെ നിയമനിർദേശങ്ങൾ പാലിക്കാൻ ഒരാൾക്ക് കഴിയുക എന്നത് മഹാഭാഗ്യമാണ്. അതിന് ദൈവം കനിയുക തന്നെ വേണം. തനിക്ക് ഇഷ്ടമുള്ളവരെയെല്ലാം ഇസ്‌ലാമിലേക്ക് കൊണ്ടുവരുവാൻ ഒരാൾക്കും സാധ്യമല്ല. മുഹമ്മദ് നബിﷺയുടെ പിതൃവ്യന്റെ വിഷയത്തിൽ നടന്ന സംഭവത്തിലൂടെ ക്വുർആൻ ഇക്കാര്യം വ്യക്തമാക്കിയിട്ടുണ്ട്.

“തീർച്ചയായും നിനക്ക് ഇഷ്ടപ്പെട്ടവരെ നിനക്ക് നേർവഴിയിലാക്കാനാവില്ല. പക്ഷെ, അല്ലാഹു താൻ ഉദ്ദേശിക്കുന്നവരെ നേർവഴിയിലാക്കുന്നു. സൻമാർഗം പ്രാപിക്കുന്നവരെപ്പറ്റി അവൻ (അല്ലാഹു) നല്ലവണ്ണം അറിയുന്നവനാകുന്നു.” (28:56)

തങ്ങൾ സത്യമെന്ന് വിശ്വസിക്കുന്ന ആദർശത്തിലേക്ക് കൂടുതൽ ആളുകൾ വരുമ്പോൾ സന്തോഷമുണ്ടാവുക സ്വാഭാവികമാണ്. ആഹ്ലാദം അതിരുവിട്ട് മറ്റുള്ളവരുടെ വികാരങ്ങളെ വ്രണപ്പെടുത്തുന്ന തലത്തിലേക്ക് വഴിമാറിയാൽ അനർഥങ്ങൾ ഉണ്ടാകുമെന്ന് തിരിച്ചറിയാൻ അടിക്കടി ഉണ്ടാകുന്ന സംഭവങ്ങൾ പാഠമാകേണ്ടതുണ്ട്.

ഫാഷിസ്റ്റുകളോട് ചിലത് പറയാനുണ്ട്. വിവര വിസ്ഫോടനം വിരൽത്തുമ്പിൽ സാധ്യമായ ഇക്കാലത്ത് നിങ്ങൾ കൽപിക്കുന്നത് മാത്രമെ കാണാവൂ, കേൾക്കാവൂ എന്ന് ശഠിക്കണമെങ്കിൽ നിങ്ങൾ ഇരുണ്ടകാലത്തേക്ക് തിരിച്ചുപോകണം. ഇരുട്ട് പരക്കുന്ന ഇടിമുറികളിൽ ഇഞ്ചിഞ്ചായി കൈകാര്യം ചെയ്ത് മുന്നോട്ട് പോകാനാണ് തീരുമാനമെങ്കിൽ കേരളത്തിലെ ഓരോ ഗ്രാമത്തിലും ആർ.എസ്.എസ് ശാഖ തുടങ്ങുന്നതിനു മുമ്പ് ആര്യസമാജത്തിന്റെ ഇടിമുറികൾ ആരംഭിക്കേണ്ടിവരും

അനുഭവത്തിൽ നിന്ന് പാഠമുൾക്കൊള്ളാൻ തയ്യാറാകാത്ത നിങ്ങൾ ഭൂലോക തോൽവിയാണെന്ന് പറയേണ്ടി വന്നതിൽ ക്ഷമിക്കുക. കൊടിഞ്ഞിയിലെ ഫൈസലിനെയും തിരൂരിലെ യാസിറിനെയും കോഴിക്കോട് മെഡിക്കൽ കോളേജിലെ സത്യനാഥിനെയുമൊക്കെ നമുക്ക് മറക്കാം. അര മുസ്‌ലിം പോലുമില്ലാതിരുന്ന മലയാള മണ്ണ് മുസ്‌ലിംകളെ സ്വീകരിച്ചാനയിക്കുന്ന പ്രദേശമായി മാറിയത് നിങ്ങളുടെയും ഞങ്ങളുടെയുമൊക്കെ മുൻഗാമികളുടെ നല്ല മനസ്സുകൊണ്ടായിരുന്നു എന്ന കാര്യമെങ്കിലും ലഭ്യമായ കേരള ചരിത്ര പുസ്തകങ്ങളിൽ ഒന്ന് പരതിനോക്കി മനസ്സിലാക്കുന്നത് നല്ലതാണ്. ഇസ്‌ലാമിന്റെ മഹാപ്രവാഹത്തെ കേവല ഭീഷണികളുടെ ഓട്ടമുറങ്ങൾ കൊണ്ട് തടുത്തുനിർത്താനുള്ള ശ്രമം തുടരുകയാണെങ്കിൽ വിയർക്കുന്നത് മാത്രം മിച്ചമായിരിക്കും എന്നേ പറയാനുള്ളൂ.

# WISDOM BOOKS

**PUBLISHING ■ DISTRIBUTION**

E.K.P. Building, Calicut
web:www.wisdomislam.org
E-mail: publication@wisdomilsam.org
04954019437, 9207525244



## വിപണിയിൽ

| | | | | | |
|---|---|---|---|---|---|
| 1 | ഇസ്‌ലാമും വ്യതിയാന കക്ഷികളും | 270 | 19 | പ്രബോധനം ഒരു മാർഗരേഖ | 125 |
| 2 | ക്വുർആൻ നാം അറിയേണ്ടത് | 70 | 20 | പ്രവാചകൻ പറഞ്ഞ കഥകൾ | 50 |
| 3 | അന്തിമ പ്രവാചകന്റെ അന്ത്യനിമിഷങ്ങൾ | 35 | 21 | ഇസ്‌ലാമിക മര്യാദകൾ | 250 |
| 4 | സ്വഹാബികൾ: അഹ്‌ലുസ്സുന്നയുടെ ആദർശം | 70 | 22 | ഇസ്‌ലാം അടിസ്ഥാന പാഠങ്ങൾ | 125 |
| 5 | ശീഇസം ജൂത സൃഷ്ടി | 50 | 23 | തൗഹീദിന്റെ മൗലികത | 80 |
| 6 | നമസ്‌കാരം ഇരുന്നു കൊണ്ടാവുമ്പോൾ | 50 | 24 | ഇൻഷൂറൻസ് | 60 |
| 7 | വെളിച്ചം ദുഃഖമല്ല | 25 | 25 | മദ്യം | 20 |
| 8 | നബിﷺയുടെ പ്രാർഥനകൾ | 70 | 26 | ബലികർമം | 25 |
| 9 | യാത്രക്കാരുങ്ങുമ്പോൾ | 30 | 27 | ഇസ്‌ലാം വിശ്വാസ കാര്യങ്ങൾ | 60 |
| 10 | വിജയിച്ച കക്ഷി | 75 | 28 | നമസ്‌കാരത്തിലെ പ്രാർഥനകൾ, പ്രകീർത്തനങ്ങൾ | 40 |
| 11 | സംവാദങ്ങളിലൂടെ... | 90 | 29 | ഇസ്‌ലാം നിർഭയത്വത്തിന്റെ മതം | 50 |
| 12 | ഇബ്നുതൈമിയ്യ | 100 | 30 | റമദാൻ നാം അറിയേണ്ടതും ചെയ്യേണ്ടതും | 40 |
| 13 | തൗഹീദുറുബൂബിയ്യ | 40 | 31 | വിശ്വാസിയുടെ നമസ്‌കാരം | 90 |
| 14 | അഹ്‌ലുസുന്ന ആദർശവും ആചാരവും | 100 | 32 | ലാ ഇലാഹ ഇല്ലല്ലാഹ് | 90 |
| 15 | പാപപരിഹാരം | 40 | 33 | മതത്തിന്റെ അടിത്തറകൾ | 90 |
| 16 | കുഞ്ഞുപിറന്നാൽ | 30 | 34 | ക്വുർആൻ പഠന ക്വിസ്സ് | 70 |
| 17 | നമസ്‌കാരാന്തര കൂട്ടുപ്രാർഥന | 50 | 35 | ക്വുർആൻ ചില അടിസ്ഥാന അറിവുകൾ | 75 |
| 18 | അദ്ദുആഉ വൽ ഇബാദ | 50 | 36 | പ്രണയം | 35 |

**സ്പെഷ്യൽ ഡിസ്കൗണ്ട്**

**എല്ലാ പുസ്തകങ്ങൾക്കും 20% വരെ വിലക്കുറവ്**

RNI NO: KERMAL 2015/64152
Posting at RMS Calicut

Nerpatham Weekly
Published on 30 Sep 2017

Reg NO: KL/CT/225/2016-18
Price: ₹10/-

peaceradio
Tune to reality

- വോയ്സായും ടെക്സ്റ്റായും ആപ്പിൽ നിന്നു തന്നെ ഫീഡ്ബാക്ക് അയക്കാനുള്ള സൗകര്യം
- നോട്ടിഫിക്കേഷൻ സംവിധാനം
- ഓട്ടോ പ്ലേ ഓപ്ഷൻ...
- REWINDER - കഴിഞ്ഞുപോയ പ്രോഗ്രാമുകൾ വീണ്ടും കേൾക്കാനുള്ള അവസരം

തുടങ്ങി ഒട്ടേറെ പുതിയ ഫീച്ചറുകളുമായി
പീസ് റേഡിയോ മൊബൈൽ ആപ്പ് വിജയകരമായ 500 ദിവസങ്ങൾ...



24X7 സ്ട്രീമിംഗ്, 10000+ സ്ഥിരം ശ്രോതാക്കൾ...
താങ്കൾ കേട്ടു തുടങ്ങിയോ?

ഈ ലിങ്കിൽ ക്ലിക്ക് ചെയ്ത് Update ബട്ടൺ അമർത്തുക
https://play.google.com/store/apps/detailsid=com.peaceradio

peaceradio നിങ്ങളുടെ മൊബൈലിൽ ലഭ്യമാകാൻ:

Search peaceradio

Search peace radio App

www.peaceradio.com

Office: Near Sarojini School | Sangeetha Road | Perinthalmanna PO | Malappuram | Kerala | 679322
www.peaceradio.com radioforpeace peaceradionow +91 9020840840